
CHRI 2019

# ജയിലുകളെക്കുറിച്ചുള്ള 101 ചോദ്യങ്ങൾ

## - ആരോടാണ് ചോദിക്കേണ്ടതെന്ന് നിങ്ങൾക്കറിയില്ലെങ്കിൽ





CHRI
Commonwealth Human Rights Initiative
working for the *practical* realisation of human rights in the countries of the Commonwealth

# കോമൺവെൽത്ത്ഹ്യൂമൺ റൈറ്റ്സ് ഇനിഷ്യേറ്റീവ്

കോമൺവെൽത്ത്ഹ്യൂമൺ റൈറ്റ്സ് ഇനിഷ്യേറ്റീവ്(സി.എച്ച്.ആർ.ഐ) മനുഷ്യാവകാശ മേഖലയിൽ സ്വതന്ത്രമായി, ലാഭേച്ഛയില്ലാതെ പക്ഷപാതപരമല്ലാതെ, പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സർക്കാരിതരസംഘടനയാണ്. 1987-ൽനിരവധി കോമൺവെൽത്ത് പ്രൊഫഷണൽ അസോസിയേഷനുകൾചേർന്നാണ് സി.എച്ച്.ആർ.ഐസ്ഥാപിച്ചത്. 53 അംഗരാജ്യങ്ങളുടെകൂട്ടായ്മയ്ക്കുള്ളിൽ മനുഷ്യാവകാശങ്ങളിൽവലിയ ശ്രദ്ധയില്ലായിരുന്നുവെങ്കിലും ഈ കോമൺവെൽത്ത്,അംഗരാജ്യങ്ങൾക്ക് പൊതുവായ നിയമങ്ങളുടെഅടിസ്ഥാനം നൽകി.

കോമൺവെൽത്ത്രാജ്യങ്ങളിലെ മനുഷ്യാവകാശങ്ങളുടെ പുരോഗതിയും പോരായ്മകളുംസി.എച്ച്.ആർ.ഐഅതിന്റെറിപ്പോർട്ടുകളിലൂടെയുംആനുകാലിക അന്വേഷണങ്ങളിലൂടെയും നിരന്തരം പൊതുശ്രദ്ധയിൽപെടുത്തുകയും മനുഷ്യാവകാശസമിതിഅംഗങ്ങൾ, മാധ്യമങ്ങൾ, സിവിൽസൊസൈറ്റിഎന്നിവരെഅഭിസംബോധന ചെയ്യുകയുംചെയ്യുന്നു. പൊതുവിദ്യാഭ്യാസ പരിപാടികൾ, നയപരമായഡയലോഗുകൾ, താരതമ്യഗവേഷണം, അഭിഭാഷക-നെറ്റ്വർക്ക്എന്നിവയുമായി ബന്ധപ്പെട്ടുംനീതിസംബന്ധമായവിഷയങ്ങളിലും ഇത് പ്രവർത്തിക്കുന്നു.

സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം, കോമൺവെൽത്ത്ഹരാരെതത്വങ്ങൾ, അന്തർദ്ദേശിയമായിഅംഗീകരിക്കപ്പെട്ടമറ്റ് മനുഷ്യാവകാശ ഉടമ്പടികൾ, കോമൺവെൽത്തിലെ മനുഷ്യാവകാശങ്ങളെ പിന്തുണയ്ക്കുന്ന ആഭ്യന്തര ഉടമ്പടികൾ എന്നിവ പാലിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ സി.എച്ച്.ആർ.ഐ ശ്രമിക്കുന്നു.

സി.എച്ച്.ആർ.ഐയുടെആസ്ഥാനംഇന്ത്യയിൽ ന്യൂഡൽഹിയും, ഓഫീസുകൾ യു.കെ-യിൽ ലനിലും ഘാനയിൽ അക്രയിലുമാണ്.

അന്താരാഷ്ട്ര ഉപദേശക കമ്മീഷൻ: ചെയർപേഴ്സൺ: യശ്പാൽഘായ്.
അംഗങ്ങൾ:അലിസൺ ഡക്സ്റി, വജാഹത്ത്ഹബീബുള്ള, വിവേക്മാരു, എഡ്വേഡ്മോർട്ടിമർ, സാംഒകുഡ്സെറ്റോ, സഞ്ജയ് ഹസാരിക.

എക്സിക്യൂട്ടീവ് കമ്മിറ്റി(ഇന്ത്യ): ചെയർപേഴ്സൺ:വജാഹത്ത് ഹബീബുള്ള, അംഗങ്ങൾ: ബി.കെചന്ദ്രശേഖർ, ജയന്തോ ചൗധുരി, മജദാരുവാല, നിതിൻ ദേശായ്, കമൽകുമാർ, പൂനം മുത്രേജ, ജേക്കബ് പുന്നൂസ്, വിനീതറായ്, നിധി റസ്ഡൻ, എ.പിഷാ, സഞ്ജയ് ഹസാരിക

എക്സിക്യൂട്ടീവ് കമ്മിറ്റി(ഘാനാ):ചെയർപേഴ്സൺ:സാംഒകുഡ്സെറ്റോ, അംഗങ്ങൾ: അകോതോ അംപാവ്,യശ്പാൽഘായ്, വജാഹത്ത്ഹബീബുള്ള, കോഫിക്വാഷിഗ, ജൂലിയറ്റ്തുവക്ലി, സഞ്ജയ്ഹസാരിക

എക്സിക്യൂട്ടീവ് കമ്മിറ്റി(യു.കെ): ചെയർപേഴ്സൺ:ജോന എവർട്ട്-ജെയിംസ്, അംഗങ്ങൾ:റിച്ചാർഡ്ബോൺ, പ്രലാബ് ബറുവ, ടോണി ഫോർമാൻ, നെവിൽലിന്റൺ, സുസൻ ലാംബർട്ട്, സഞ്ജയ്ഹസാരിക

ഇന്റർനാഷണൽ ഡയറക്ടർ: സഞ്ജയ്ഹസാരിക.


ഐ.എസ്.ബി.എൻ: 978-93-81241-82-0 (സി) 2019. ഉറവിടംശരിയായിവെളിപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ടിൽ നിന്നുള്ളവിവരങ്ങൾ ഉപയോഗിക്കാം.

**സി.എച്ച്.ആർ.ഐ ആസ്ഥാനം, ന്യൂഡൽഹി**
55 എ,മൂന്നാം നില, സിദ്ധാർത്ഥ് ചേമ്പേഴ്സ്
കാലുസരായ്, ന്യൂഡൽഹി 110017 ഇന്ത്യ
ഫോൺ +911143180200 ഫാക്സ് +911126864688
ഇ-മെയിൽ:info@humanrightsinitiative.org

**സി.എച്ച്.ആർ.ഐ-ലണ്ടൻ**
റൂം നമ്പർ 219, സ്കൂൾഓഫ് അഡ്വാൻസ്ഡ് സ്റ്റഡി
സൗത്ത്ബ്ലോക്ക്, സെനറ്റ്ഹൗസ്, മാലറ്റ്സ്ട്രീറ്റ്
ലണ്ടൻ ഡബ്ലൂ.സി.ഐ.ഇ 7 എച്ച്.യൂ
യുണൈറ്റഡ് കിംഗ്ഡം
ഇ-മെയിൽ:london@humanrightsinitiative.org

**സി.എച്ച്.ആർ.ഐ-ആഫ്രിക്ക, അക്ര**
ഹൗസ് നമ്പർ 9, സമോറമക്കേൽസ്ട്രീറ്റ്,അസൈലം ടൗൺ ഓപ്പോസിറ്റ്ബെവർലിഹിൽസ്ഹോട്ടൽ
നിയർ ട്രസ്റ്റ്ടവർ, അക്ര, ഘാന
ടെൽ/ ഫാക്സ് +233302971170ഇ-മെയിൽ:chriafrica@humanrightsinitiative.org

www.humanrightsinitiative.org





## ബുക്കിനെക്കുറിച്ച്

ജയിലുകൾ അടച്ച ഇടങ്ങളാണ്. തടവുകാരുടെ ദൈനന്ദിനജീവിതത്തെക്കുറിച്ചും ദിനചര്യകളെക്കുറിച്ചും വളരെകുറച്ച് വിവരങ്ങൾ മാത്രമേ ലഭ്യമാകൂ. കൂടാതെജയിലുനുള്ളിൽ അകപ്പെടുന്ന വരിൽ ഒരാളാകുന്നതുവരെവളരെകുറച്ചുപേർ മാത്രമേജയിൽ ജീവിതത്തിന്റെവിശദാംശങ്ങൾ അറിയാൻ താൽപ്പര്യപ്പെടുന്നുള്ളു.

പലർക്കും, ജയിലുകളെപ്പറ്റിഅവർക്കുള്ളജിജ്ഞാസയോ ആവശ്യകതയോകാരണമുണ്ടാകുന്ന ചോദ്യങ്ങൾക്ക് പലപ്പോഴും ഉത്തരം ലഭിക്കാതെ പോകുന്നു. ജയിലുകളെക്കുറിച്ചും തടവുകാരുടെ ജീവിതത്തെക്കുറിച്ചുംപതിവായിചോദിക്കുന്ന 101 ചോദ്യങ്ങൾക്കുള്ളഉത്തരം ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നു. ഇന്ത്യൻ ജയിലുകൾ ഭരിക്കുന്ന രീതിയിലും അവയെ നിയന്ത്രിക്കുന്ന ചട്ടങ്ങളിലും കാര്യമായ വ്യത്യാസങ്ങളുണ്ട്. ഒരുചോദ്യത്തിനു ഒരിക്കലും ലളിതവും സംക്ഷിപ്തവുമായ ഉത്തരം ഇല്ലെന്നും ഒരുവ്യക്തി ജയിലിൽ കിടക്കുന്നപ്രത്യേക സംസ്ഥാനത്തിന്റെ ജയിൽ മാനുവൽതന്നെയാണ് അന്തിമ പരാമർത്തിനാധാരമെന്നുമാണ് ഇതിനർത്ഥം. എന്നിരുന്നാലും, അടിസ്ഥാന തത്വങ്ങൾ പലപ്പോഴുംസമാനമാണ്. ഈ ലഘുലേഖയിലെ ഉത്തരങ്ങൾ ഇവമനസ്സിൽവച്ചുകൊാണണ്ട്നൽകിയിട്ടുള്ളത്. പല സംസ്ഥാനങ്ങളിലെയും ജയിൽ സംവിധാനവുമായി സി.എച്ച്.ആർ.ഐസഹകരിച്ച് പ്രവർത്തിച്ചതുമൂലമുള്ളവിശാലമായ അനുഭവത്തെ അടിസ്ഥാനമാക്കിയാണ് ഉത്തരങ്ങൾതയ്യാറാക്കിയിരിക്കുന്നത്. എന്നിരുന്നാലും ഈ പുസ്തകംവായിക്കുമ്പോൾഒരു മുൻ വിധി പാലിക്കണം, കാരണംഓരോസംസ്ഥാനത്തും നിയമ ങ്ങൾ വ്യത്യാസപ്പെട്ടിരിക്കാം, മാത്രവുമല്ലചിലവ്യവസ്ഥകൾക്കായി പ്രത്യേകമായിഅന്വേഷണം നടത്തുകയുംവേണം.ഞങ്ങൾ പൊതുവായിവിവരങ്ങൾ ലഭ്യമാക്കുന്നഉറവിടങ്ങളിൽ നിന്നു അവശേഖരിക്കുകയുംവേത്ര ശ്രദ്ധയോടെ ക്രോഡീകരിക്കുകയുംചെയ്തിട്ട്എങ്കിലുംചിലകാര്യങ്ങൾ വിട്ടുപോയിട്ടുങ്കെിൽഅത് മനപൂർവ്വമല്ലന്നറിയിക്കുന്നു.

# കടപ്പാട്



തങ്ങളുടെ അറിവ്, വൈദ്ഗദ്ധ്യം, അനുഭവം എന്നിവ ഉപയോഗിച്ച് ഈപ്രമാണഗ്രന്ഥം സമ്പുഷ്ടമാക്കിയ എല്ലാവർക്കും കോമൺവെൽത്ത് ഹ്യൂമൻറൈറ്റ്സ് ഇനിഷ്യേറ്റീവ് (സി.എച്ച്.ആർ.ഐ) നന്ദി പറയുന്നു. "സി.എച്ച്.ആർ.ഐ"യുടെ ഇന്ത്യയിലെ പോലീസിനെക്കുറിച്ച് നിങ്ങൾ അറിയാൻ ആഗ്രഹിച്ചതും എന്നാൽ ചോദിക്കാൻ ഭയപ്പെടുന്നതുമായ 101 കാര്യങ്ങൾ എന്ന മാതൃകയിൽരൂപകൽപ്പന ചെയ്ത ഈ പ്രസിദ്ധീകരണം, ഇപ്പോൾ സി.എച്ച്.ആർ.ഐയുടെമുതിർന്ന ഉപദേഷ്ടാവായ മജാദാരുവാല,നവാസ്കോട്വാൾ -മുൻ കോർഡിനേറ്റർ; പോലീസ് റിഫോംസ് പ്രോഗ്രാം; സി.എച്ച്.ആർ.ഐ, സനാ ദാസ്- മുൻ കോർഡിനേറ്റർ; പ്രിസൺസ്റിഫോംസ് പ്രോഗ്രം; സി.എച്ച്.ആർ.ഐഎന്നിവരാണ്വിഭാവന ചെയ്തത്.

കുറച്ചുകാലമായി പ്രവർത്തികമാക്കൻ കഴിയാതിരുന്ന ഒരു പ്രമാണത്തിന്റെകാര്യത്തിൽ അവസരോചിതമായി ഇടപ്പെടുകയും അതിന്റെ പുനരവലോകനത്തേയും പ്രസിദ്ധീകരണത്തേയും പ്രോത്സാഹിപ്പിച്ചുകൊണ്ട് അതിന്റെ രൂപകൽപ്പനയിലും ഉള്ളടക്കത്തിൽ പോലുംതാൽപ്പര്യം പ്രകടിപ്പിക്കുകയും ചെയ്ത ഇന്റർനാഷണൽ ഡയറക്ടർ ശ്രീസഞ്ജയ് ഹസാരികയ്ക്ക് ഞങ്ങളുടെ നന്ദി.

സി.എച്ച്.ആർ.ഐയിലെ കമ്മ്യൂണിക്കേഷൻസ് ഓഫീസർ, റിച്ച പ്രധാന എഡിറ്റോറിയൽ വിവരങ്ങൾ നൽകിയും ജയിൽ പരിഷ്കരണ പദ്ധതിയുടെ പ്രോഗ്രാംഹെഡ്, മധുരിമ ധനുക, വിപുലമായ പുനരവലോകനങ്ങൾക്കും തിരുത്തലുകൾക്കും പ്രമാണത്തിന്റെ അന്തിമരൂപത്തിനും വേണ്ട പ്രവർത്തനങ്ങൾക്ക് കഠിന പരിശ്രമത്തിലൂടെ നേതൃത്വം നൽകിയും പ്രവർത്തികമാക്കിയവരാണ്. ജയിൽ പരിഷ്കരണ പദ്ധതിയുടെ സീനിയർ പ്രോഗ്രാം ഓഫീസർ സുഗന്ധ ശങ്കർ, ജയിൽ പരിഷ്കരണ പദ്ധതി മുൻ ഉപദേഷ്ടാവ് ജയശ്രീ സൂര്യ നാരായണൻ, കരട്രേഖ കഠിനാദ്ധ്വാനത്തിലൂടെ തയ്യാറാക്കിയ ജയിൽ പരിഷ്കരണ പദ്ധതി, മുൻ കൺസൾട്ടന്റ്, രുചിക നിഗം എന്നിവർക്ക് പ്രത്യേകഅഭിനന്ദനം. "101 ന്റെ" പൂർത്തീകരണത്തിൽ ലനിലെ സി.എച്ച്.ആർ.ഐയിലെ സീനിയർ അഡ്വക്കസി ആന്റ്റിസർച്ച് ഓഫീസർ രാജ ബഗ്ഗയും സ്ട്രാറ്റജിക്ക് പ്ലാനിംങ്, കോയളാബൊറേഷൻസ് മേധാവി വിനു സമ്പത്ത് കുമാറും പിന്തുണ നൽകി.ഈ പ്രമാണം പൂർത്തിയാക്കുന്നതിൽ പ്രിസൺ റിഫോംസ്പ്രോഗ്രാമിലെമറ്റ്ടീം അംഗങ്ങളുടെ സ്ഥായിയായ പിന്തുണയേയും ഞങ്ങൾ വിലമതിക്കുന്നു.

101 ന്റെരൂപകൽപ്പനയ്ക്കുംലേ-ഔട്ടിനു മികച്ച സർഗ്ഗാത്മകസംഭാന ശ്രീ സെന്തിൽ കുമാർ നൽകിയിട്ട്.

മലയാളതർജ്ജമ നടത്തിയത് :- എസ്. സന്തോഷ്
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ്
ആന്റ് കറക്ഷണൽ സർവ്വീസസ്
ജയിൽ ആസ്ഥാന കാര്യാലയം - കേരളാ ജയിൽ വകുപ്പ്

# പൊതുവായ വിവരങ്ങൾ

**1. ജയിലുകൾ എന്തൊക്കെയാണ്?**

തടവുശിക്ഷ അനുഭവിക്കുന്നതിനു വേണ്ടി ആളുകളെ അയക്കുന്നതിനോ, അല്ലെങ്കിൽ വിചാരണ പൂർത്തിയാകുന്നതുവരെ കുറ്റാരോപിതരെ കാത്തു സൂക്ഷിക്കുന്നതിനോ, നിയമപ്രകാരം തടവിലാക്കുന്നതിനായി ഭരണകൂടം നിയന്ത്രിക്കുന്ന സ്ഥലമാണ് ജയിൽ.

**2. ജയിലുകൾ പോലീസ് ലോക്കപ്പിലിടുന്നതിന് തുല്യമാണോ?**

അല്ല, അവ വ്യത്യസ്ഥമാണ്. പോലീസ് ലോക്കപ്പ് എന്നത് ലോക്കൽ പോലീസിന്റെ താൽക്കാലിക ഹോൾഡിംഗ് സൗകര്യമാണ്. കുറ്റകൃത്യത്തിന്റെ കാര്യത്തിൽ സംശയമുള്ളവരെ ചോദ്യം ചെയ്യുന്നതിനോ അറസ്റ്റ് നടപടികൾ പൂർത്തിയാക്കുന്നതിനോ അതിനായുള്ള ട്രാൻസിറ്റുകളിലോ സൂക്ഷിക്കാൻ പേലീസ് ലോക്കപ്പ് ഉപയോഗിക്കുന്നു. കോടതിയിൽ നിന്നുള്ള ഉത്തരവോടെ മാത്രമേ ഒരാളെ 24 മണിക്കൂറിൽ കൂടുതൽ പോലീസ് കസ്റ്റഡിയിൽ പാർപ്പിക്കാൻ കഴിയു.

**3. ആരെയും ജയിലിലേക്ക് അയയ്ക്കാൻ കഴിയുമോ?**


കോടതിയുടെ ജുഡീഷ്യൽ ഉത്തരവിലൂടെ മാത്രമേ ഒരാളെ ജയിലിലേക്ക് അയക്കാൻ കഴിയൂ. അതിനെ വാറണ്ട് എന്ന് വിളിക്കുന്നു. സാധുവായ കോടതി ഉത്തരവില്ലാതെ ആരേയും ജയിലിൽ അടയ്ക്കുന്നത് നിയമവിരുദ്ധമാണ്. കുറ്റത്തിന് ശിക്ഷിക്കപ്പെടുകയോ റിമാന്റ് ചെയ്യുകയോ ചെയ്ത 18 വയസ്സിന് താഴെയുള്ളവരെ ഇന്ത്യയിലെ ഒരു ജയിലിലും അയക്കാനാവില്ല.

**4. ഇന്ത്യയിലെ ജയിലുകളെ നിയന്ത്രിക്കുന്ന നിയമങ്ങൾ ഏതാണ്?**

കേന്ദ്ര നിയമമായ 1894 ലെ പ്രിസൺസ് ആക്റ്റ് പ്രകാരമാണ് ജയിലുകൾ ഭരിക്കപ്പെടുന്നത്. എന്നാൽ ഭരണഘടനയുടെ ഏഴാമത്തെ ഷെഡ്യൂൾ പ്രകാരം ജയിലുകൾ ഒരു സംസ്ഥാന വിഷയമായതിനാൽ ഓരോ സംസ്ഥാനവും അവരുടെ സ്വന്തം ജയിൽ നിയമങ്ങളോ, ചട്ടങ്ങളോ രൂപപ്പെടുത്തിയിട്ടുണ്ട്. നിയമങ്ങളിലോ, ജയിൽ മാനുവലുകളിലോ ക്രോഡീകരിച്ചിരിക്കുന്ന ഈ നിയമങ്ങൾ തടവുകാരുടെ പെരുമാറ്റത്തെ നിയന്ത്രിക്കുകയും ജയിൽ മാനേജ്മെന്റിനുള്ള നടപടിക്രമങ്ങളുണ്ടാക്കുകയും അതുപോലെ തന്നെ തടവുകാരുടെ അവകാശങ്ങളും കടമകളും നിയന്ത്രിക്കുകയും ചെയ്യുന്നു. ജയിലുകളുടെ പ്രത്യേക വശങ്ങളെ നിയന്ത്രിക്കുന്ന ചില നിയമനിർമ്മാണങ്ങളാണ് Prisoner's Attendance in Court Act 1955 , Transfer Of Prisoners Act 1950, The Repatriation of Prisoners Act 2003 ഇന്ത്യൻ ഭരണഘടന, ക്രിമിനൽ പ്രൊസിജിയർ കോഡ് (സി.ആർ.പി.സി) 1973, ഇന്ത്യൻ പീനൽ കോഡ് 1860, എന്നിവ പ്രാഥമികമായി ഒരു ജയിലിലെ വ്യക്തികളെ തടവിലാക്കുന്നു. തടവ് ശിക്ഷ വിധിക്കുന്ന ശിക്ഷാ നടപടികൾ അടങ്ങിയിരിക്കുന്ന മറ്റ് കേന്ദ്ര സംസ്ഥാന നിയമങ്ങളുമുണ്ട്.

**5. ആരാണ് ജയിലുകൾ ഭരിക്കുന്നത്? ജയിൽ വകുപ്പിന്റെ സംഘാടനം എന്താണ്?**

ജയിലുകളുടെ ദൈനംദിന ഭരണം ഒരു കൂട്ടം അഡ്മിനിസ്ട്രേറ്റീവ്, സെക്യൂരിറ്റി, സപ്ലിമെന്ററി സ്റ്റാഫുകളുടെ ഉത്തരവാദിത്വമാണ്. ഓരോ സംസ്ഥാനത്തിനും അതിന്റേതായ സംഘാടന ഘടനയുണ്ട്. സാധാരണയായി ഡയറക്ടർ ജനറൽ (ഡി.ജി), അഡീഷണൽ ഡയറക്ടർ ജനറൽ (എ.ഡി. ജി), അല്ലെങ്കിൽ ഇൻസ്പെക്ടർ ജനറൽ (ഐ.ജി) എന്നിവരാണ് ഓരോ സംസ്ഥാനത്തെയും ജയിലുകളുടെ തലവൻ. അവർ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിന് റിപ്പോർട്ട് ചെയ്യുന്നു. കേന്ദ്രഭരണ പ്രദേശങ്ങളിൽ ഡി.ജി /ഐ.ജി കേന്ദ്രത്തിലെ ആഭ്യന്തര മന്ത്രാലയത്തിന് റിപ്പോർട്ട് ചെയ്യണം. ഡി.ജി /എ.ഡി. ജി / ഐ.ജി ക്ക് താഴേയാണ്, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ഡി.ഐ.ജി) (ഓരോ ജയിലിന്റെയും സൂപ്രണ്ട്മാരുടെ മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ (എ.ഐ.ജി)നിന്റെ മേൽ നോട്ടം അദ്ദേഹം വഹിക്കുന്നു. സൂപ്രണ്ട് സാധാരണയായി ഒരു ജയിലിന്റെ തലവനാണ്. ജയിൽ ഭരണത്തിന ും തടവുകാരുടെ ക്ഷേമത്തിനും ഉത്തരവാദിയായ അദ്ദേഹത്തിന് താഴേ 2 എക്സിക്യൂട്ടീവ് സ്റ്റാഫുകൾ ഉണ്ട്. അഡീഷണൽ/ ജോയിന്റ് സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട്, അസിസ്റ്റന്റ് സൂപ്രണ്ട് (ജയിലർ, ഡെപ്യൂട്ടി ജയിലർ,


PRISON
WANTED
POLICE
VAN

അസിസ്റ്റന്റ് ജയിലർ) ശ്രേണിയിൽ അടുത്തത് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, അസിസ്റ്റന്റ് പ്രിസൺ ഓഫിസർ എന്നിവരടങ്ങുന്ന ജയിൽ കേഡർ സ്റ്റാഫാണ്. തടവുകാരെ തിരയുന്നതിലൂടെയും എണ്ണുന്നതിലൂടെയും ജയിൽ സുരക്ഷയും അച്ചടക്കവും നിലനിർത്തുന്നതിനും, ജയിൽ തുറക്കുന്നതിനും പൂട്ടിയിടുന്നതിനും ശുചിത്വം, തടവുകാരുടെ ക്ഷേമം, ഭക്ഷണം, ജോലി എന്നിവ നൽകുന്നതിലൂടെ ജയിലിനുള്ളിൽ സുരക്ഷയും അച്ചടക്കവും നിലനിർത്താൻ ഉത്തരവാദിത്വമുള്ള ഒരു കാവൽക്കാരനാണ് ഡെപ്യൂട്ടി പ്രിസൺ ഓഫീസർ/ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ. ക്ഷേമ ഓഫീസർ പ്രൊബേഷൻ ഓഫീസർ, വൊക്കേഷണൽ ട്രെയിനർമാർ, ഫാക്ടറി സൂപ്പർവൈസർമാർ, അധ്യാപകർ, സാമൂഹിക പ്രവർത്തകർ, മന:ശാസ്ത്രജ്ഞർ എന്നിവരടങ്ങുന്ന ഒരു കൂട്ടം തിരുത്തൽ ഉദ്യോഗസ്ഥരാണ് എക്സിക്യൂട്ടീവ് സ്റ്റാഫിനെ സഹായിക്കുന്നത്. ജയിൽ മെഡിക്കൽ ഓഫീസർമാരും പാരാമെഡിക്കൽ സ്റ്റാഫും, മിനിസ്റ്റീരിയൽ സ്റ്റാഫും, മറ്റ് സഹായ പ്രവർത്തകരും ജയിലുദ്യോഗസ്ഥരിൽ ഉൾപ്പെടുന്നു.

**6. ഇന്ത്യൻ ജയിൽ സർവ്വീസ് ഉണ്ടോ?**

ഇല്ല. ഇന്ത്യൻ പോലീസ് സർവ്വിസിൽ നിന്നോ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിന്നോ വ്യത്യസ്ഥമായി നിലവിൽ അഖിലേന്ത്യ ജയിൽ സർവ്വീസസ് ഇല്ല. ജയിൽ വകുപ്പിന്റെ (ഡി.ജി / എ.ഡി.ജി / ഐ.ജി) മേധാവിയെ പൊതുവേ ഇന്ത്യൻ പോലീസ് സർവ്വീസിൽ നിന്ന് (ഐ.പി.എസ്) എടുക്കും. സൂപ്രണ്ട്മാർ, അസിസ്റ്റന്റ് സൂപ്രണ്ട്മാർ, സബോർഡിനേറ്റ് ഉദ്യോഗസ്ഥർ എന്നിവർ സംസ്ഥാന ജയിൽ സർവ്വീസിൽ ഉൾപ്പെടുന്നു.

**7. വിവിധതരം ജയിലുകൾ ഏതാണ്?**

ജയിലുകളുടെ ശേഷി, സുരക്ഷ, അടിസ്ഥാന സൗകര്യങ്ങൾ, ഉദ്യോഗസ്ഥർ, മറ്റ് സൗകര്യങ്ങൾ എന്നിവ അടിസ്ഥാനമാക്കി ഏഴ് തരം ജയിലുകൾ ഉണ്ട്. **സെൻട്രൽ ജയിലുകൾ:** കുറ്റവാളികളെയും, കുറ്റാരോപിതരെയും പാർപ്പിക്കുന്നു. **ജില്ലാ ജയിലുകൾ:** ഈ ജയിലുകൾ പ്രാഥമികമായി ഏറ്റെടുക്കുന്നത് കുറ്റാരോപിതരെയും, വിചാരണ തടവുകാരെയുമാണ്. ശിക്ഷിക്കപ്പെട്ടാൽ തടവുകാരെ ഈ ജയിലുകളിൽ നിന്ന് സെൻട്രൽ ജയിലുകളിലേക്ക് അയക്കുന്നു. **സബ് ജയിലുകൾ:** ഏറ്റെടുക്കുന്നത് വിചാരണ /എൻ റൂട്ട് പ്രതികളെ മാത്രമാണ്. **സ്ത്രീകളുടെ ജയിലുകൾ:** ഇവ പ്രത്യേകമായി വനിതാ തടവുകാരെ പാർപ്പിക്കുന്നു. **സെമി ഓപ്പൺ അല്ലെങ്കിൽ ഓപ്പൺ ജയിലുകൾ:** ഈ ജയിലുകൾ ജോലിയിൽ ഏർപ്പെടുന്ന കുറ്റവാളികളായ തടവുകാരെ മാത്രം പാർപ്പിക്കുകയും അത്തരം തടവുകാരെ സ്വന്തമായി ജോലിചെയ്ത് സമ്പാദിക്കാൻ അനുവദിക്കുകയും ചെയ്യുന്നു. **ബോസ്റ്റൽ സ്ക്കൂളുകൾ:** 18 നും 21 നും ഇടയിൽ പ്രായമുള്ള തടവുകാരെ പാർപ്പിക്കുന്നു. **പ്രത്യേകം ജയിലുകൾ:** സംസ്ഥാനങ്ങൾക്ക് ചില ജയിലുകളെ പ്രത്യേക ജയിലുകളായി നിർവ്വചിക്കാം, എന്നിരുന്നാലും അവ ഏതൊക്കെയാണെന്ന് നിർവ്വചിക്കാൻ ഒരു നിശ്ചിത മാനദണ്ഡവും നിർദ്ദേശിച്ചിട്ടില്ല.

**8. വിവിധ തരം തടവുകാർ?**

വിചാരണയുടെ അവസ്ഥയുടെ അടിസ്ഥാനത്തിൽ തടവുകാരെ തരംതിരിക്കാം, **1) കുറ്റവാളികളായ തടവുകാർ** – ക്രിമിനൽ കുറ്റത്തിന് കോടതി കുറ്റക്കാരനാണെന്ന് വിധിക്കുകയും ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്ത വ്യക്തികൾ. **2) അണ്ടർ ട്രയൽ തടവുകാർ** – വിചാരണ പൂർത്തിയായി തീർപ്പുകൽപ്പിച്ചിട്ടില്ലാത്തതിനാൽ ജയിലിൽ കഴിയുന്ന വ്യക്തികൾ **3) ഡെറ്റിന്യൂ പ്രിവന്റീവ് ഡിറ്റൻഷൻ നിയമപ്രകാരം ജയിലിൽ തടവിലാക്കപ്പെട്ട വ്യക്തികൾ.** 4) **ഇന്റേണികൾ/മോചനത്തിനായി കാത്തിരിക്കുന്നവർ** – ശിക്ഷാവിധി പൂർത്തിയാക്കിയെങ്കിലും നടപടിക്രമത്തിന്റെ കാലതാമസം കാരണം മോചിപ്പിക്കപ്പെടാത്ത വ്യക്തികൾ, ഇവ പ്രധാനമായും വിദേശീയ തടവുകാരുടെ (എഫ്.എൻ.പി) കേസുകളിലാണ്. **5) സിവിൽ തടവുകാർ** – മേൽപ്പറഞ്ഞ ഏതെങ്കിലും വിഭാഗത്തിൽ പെടാത്തതും പിഴയോ-സിവിൽ ഫിനാൻഷ്യൽ ബാധ്യതയോ അടയ്ക്കുന്നതിന് സ്ഥിരസ്ഥിതിയായി തടഞ്ഞുവച്ചിട്ടുള്ളവരുമായ തടവുകാർ.

**9. വിവിധ തരം തടവുകാർക്ക് വ്യത്യസ്ത നിയമങ്ങളുണ്ടോ?**

ഉണ്ട്, ജയിൽ മാനുവലുകൾ സാധാരണയായി ഓരോ വിഭാഗത്തിലെയും തടവുകാർക്കും വ്യത്യസ്ത നിയമങ്ങൾ നൽകുന്നു. പൊതുവെ, ശിക്ഷാ തടവുകാർക്കുള്ള നിയമങ്ങളെക്കാൾ വിചാരണ തടവുകാർക്കും സിവിൽ തടവുകാർക്കുമുള്ള നിയമങ്ങൾ കൂടുതൽ ലഘുതരമാണ്.



## അഡ്മിഷൻ നടപടിക്രമങ്ങൾ

**10. ഒരു വ്യക്തിയെ കോടതി ജയിലിലേക്ക് അയച്ചതിനുശേഷം എന്ത് സംഭവിക്കും?**

ജയിലിൽ പ്രവേശിക്കുമ്പോൾ, ചില നിർബന്ധിത നടപടിക്രമങ്ങൾ തടവുകാരെ ഏറ്റെടുക്കുന്നതിന്റെ ഭാഗമായിട്ടുണ്ട്. ജയിലിന്റെ പ്രധാന ഗേറ്റിൽ, കോടതി ഉത്തരവ് പരിശോധിക്കുകയും വ്യക്തിയുടെ ഐഡന്റിറ്റി പരിശോധിക്കുകയും ചെയ്യുന്നു. അതിനുശേഷം പ്രവേശനം, ദേഹപരിശോധന, വൈദ്യപരിശോധന, അടിസ്ഥാന വ്യക്തിപര ആവശ്യങ്ങൾക്കുള്ള കാര്യങ്ങളുടെ/ സാധനങ്ങളുടെ വിതരണം, വാർഡുകൾ അനുവദിക്കൽ മുതലായ നടപടിക്രമങ്ങൾക്ക് വിധേയനാകുന്നു.

**11. പ്രവേശന പ്രക്രിയയിൽ എന്ത് സംഭവിക്കും?**

ജയിലിലേക്ക് അയച്ച എല്ലാവരെയും ഔദ്യോഗികമായി ജയിലിൽ പ്രവേശിപ്പിക്കണം. പ്രവേശന പ്രക്രിയ വ്യത്യസ്ത സംസ്ഥാനങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രവേശന പ്രക്രിയക്ക് ഫോട്ടോയും വിരലടയാളവും എടുക്കേണ്ടതാണ്. ഓരോ വ്യക്തിയുടെയും വിശദാംശങ്ങൾ പ്രവേശന രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കും. ഒരു തടവുകാരനും അവന്റെ ഹിസ്റ്ററി ടിക്കറ്റിന്റെ ഒരു പകർപ്പ് നൽകും. അല്ലെങ്കിൽ ഇ-കിയോസ്കുകൾ ലഭ്യമായിടത്ത് അവ ഉപയോഗിച്ച് അവന്റെ വിശദാംശങ്ങൾ എങ്ങനെ മനസ്സിലാക്കാമെന്ന് അറിയിക്കും. കേസ് റെഫറൻസ് നമ്പർ, ബന്ധപ്പെട്ട കോടതി, തടവുകാരുടെ വിശദാംശങ്ങൾ, വിലാസം, പ്രായം കോടതിയിൽ ഹാജരാക്കേണ്ട തീയതി മുതലായവ ഉൾപ്പെടെ വ്യക്തിയുടെ കേസുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും അടങ്ങിയ ഒരു രേഖയാണ് ഹിസ്റ്ററി ടിക്കറ്റ്. ഈ ഹിസ്റ്ററി ടിക്കറ്റ് തടവിലുടനീളം നിലനിർത്തണം. ടിക്കറ്റിന്റെ ഒരു പകർപ്പ് കൈവശം വയ്ക്കാൻ ചില സംസ്ഥാനങ്ങൾ തടവുകാരെ അനുവദിക്കുന്നു.

**12. എന്താണ് ദേഹ പരിശോധന?**

പ്രവേശന പ്രക്രിയ പൂർത്തിയാക്കിയ ശേഷം, ഒരു വ്യക്തിയെ ഏതെങ്കിലും നിരോധിത ഇനങ്ങൾക്കായി ഒരു ജയിലിനുള്ളിൽ അനുവദനീയമല്ലാത്ത വസ്തുക്കൾ ഉണ്ടോയെന്ന് അറിയാനായി ശാരീരികമായി പരിശോധിക്കുന്നു. എല്ലാ ദേഹ പരിശോധനാ നടപടിക്രമങ്ങളും വ്യക്തിയുടെ അന്തസ്സ്

നിലനിർത്തി നടത്തണം. വനിതാ തടവുകാരെ വനിതാ ഉദ്യോഗസ്ഥർക്ക് മാത്രമെ പരിശോധിക്കാൻ കഴിയൂ. സ്വകാര്യത ഉറപ്പുവരുത്തുന്നതിനായി അടച്ച സ്ഥലത്ത് വെവ്വേറെ, ഒരു പ്രത്യേക മുറിയിലാണ് ഇത് ചെയ്യുന്നത്. ദേഹപരിശോധനയുടെ തീവ്രത പോലെ തന്നെ നിരോധിത സാധനങ്ങളുടെ പട്ടികയും സാധാരണയായി സംസ്ഥാനങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. പൊതുവെ ജയിലിലെ ഡെപ്യൂട്ടി സൂപ്രണ്ട് അല്ലെങ്കിൽ അസിസ്റ്റന്റ് സൂപ്രണ്ടാണ് ഇതിന്റെ മേൽനോട്ടം വഹിക്കുന്നത്. ഒരു വ്യക്തിയുടെ കൈവശമുള്ള പണവും ആഭരണങ്ങൾ പോലുള്ള വിലയേറിയ എല്ലാ ഇനങ്ങളും പ്രസക്തമായ രജിസ്റ്ററുകളിൽ ചേർത്ത് നൽകുകയും തടവുകാരന്റെ ഒപ്പ്/തള്ളവിരൽ ഇംപ്രഷൻ എടുക്കുകയും ചെയ്യുന്നു. ഈ വസ്തുക്കൾ സുരക്ഷിതമായ കസ്റ്റഡിയിൽ സൂക്ഷിക്കുകയും ജയിൽ മോചിതനായ ശേഷം ആ വ്യക്തിക്ക് കൈമാറുകയും ചെയ്യുന്നു.

### 13. എന്താണ് മെഡിക്കൽ പരിശോധന? ഇത് നിർബന്ധമാണോ?

ജയിലിൽ പ്രവേശിച്ച് 24 മണിക്കൂറിനുള്ളിൽ ഓരോ തടവുകാരനെയും ഒരു മെഡിക്കൽ ഓഫീസർ പരിശോധിക്കണം. മെഡിക്കൽ ഓഫീസർ വ്യക്തിക്കായി ഒരു ആരോഗ്യ പരിശോധന റെക്കോർഡ് സൃഷ്ടിക്കണം, അതിൽ സാധാരണയായി പ്രായം, ഭാരം, അസുഖങ്ങളുടെ ചരിത്രം, ലഹരി വസ്തുക്കളുടെ ദുരുപയോഗം, പ്രതിരോധ കുത്തിവയ്പ്പുകൾ ഉൾപ്പെടെയുള്ള അവരുടെ ആരോഗ്യസ്ഥിതിയുടെ വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുന്നു. തടവുകാരന്റെ ശരീരത്തിൽ എന്തെങ്കിലും മുറിവുകളോ പരിക്കുകളോ കണ്ടെത്തിയാൽ മെഡിക്കൽ ഓഫീസർ ബന്ധപ്പെട്ട അധികാരികളെ അറിയിക്കണം, പ്രത്യേകിച്ചും അവർ പുതിയതായി പ്രവേശിപ്പിക്കപ്പെട്ടവരാണെങ്കിൽ, തടവുകാരൻ പോലീസ് കസ്റ്റഡിയിലിരിക്കെ അവർ മൂലം ഉണ്ടായതാണോയെന്ന് വ്യക്തമാക്കണം. ഒരു തടവുകാരി ഗർഭിണിയാണെങ്കിലോ പകർച്ചവ്യാധി ബാധിച്ചതോ, കുഷ്ഠം/എച്ച്.ഐ.വി/എയ്ഡ്സ് രോഗിയോ ആണെങ്കിലോ എന്നും മെഡിക്കൽ രേഖയിൽ പരാമർശിക്കേണ്ടതാണ്. ശിക്ഷിക്കപ്പെട്ട തടവുകാർക്ക് നൽകാവുന്ന അധ്വാനത്തിന്റെ സ്വഭാവം തീരുമാനിക്കാനുള്ള കാര്യത്തിൽ ഈ മെഡിക്കൽ രേഖ അടിസ്ഥാനമായിത്തീരുന്നു.

### 14. ജയിലിൽ എന്ത് അടിസ്ഥാന സൗകര്യങ്ങൾ നൽകിയിട്ടുണ്ട്?

ചില അടിസ്ഥാന സൗകര്യങ്ങൾ ജയിൽ ഭരണകൂടം ഉറപ്പായി നൽകുന്നു. അല്ലെങ്കിൽ തടവുകാർക്ക് അവരുടെ സ്വന്തം നിലയിൽ ചില കാര്യങ്ങൾ ലഭ്യമാക്കാൻ അനുവാദമുണ്ട്. അതുമല്ലെങ്കിൽ ജയിൽ കാന്റീനുകളിൽ ലഭ്യമായവയിൽ നിന്ന് വാങ്ങാൻ അനുമതിയുണ്ട്. എന്നിരുന്നാലും, ഇത് പല സംസ്ഥാനങ്ങളിലും വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ ഇത്തരം സൗകര്യങ്ങളുടെ ഒരു സമ്പൂർണ്ണ പട്ടികയ്ക്കായി ഒരാൾക്ക് പ്രസക്തമായ ജയിൽ മാനുവൽ/ചട്ടങ്ങൾ പരിശോധിക്കാം. സാധാരണയായി മൊബൈൽ, റേഡിയോ അല്ലെങ്കിൽ മ്യൂസിക് പ്ലെയറുകൾ പോലുള്ള ഇലക്ട്രോണിക് ഇനങ്ങൾ അനുവദനീയമല്ല; സിഗരറ്റ്, ബീഡി, പുകയില, പാൻ മസാല തുടങ്ങിയവയുമില്ല. ടൂത്ത് ബ്രഷുകൾ, ടൂത്ത് പേസ്റ്റ്, സോപ്പ്, ഷാംപൂ, ടോയ്‌ലറ്റ് പേപ്പർ, സാനിറ്ററി നാപ്കിനുകൾ, അടിവസ്ത്രങ്ങൾ, തൂവാല, ഷൂസ്, ചെരിപ്പുകൾ, പുസ്തകങ്ങൾ, സ്റ്റേഷനറി വസ്തുക്കളായ പേന/പെൻസിലുകൾ, നോട്ട് ബുക്കുകൾ മുതലായവ അനുവദനീയമാണ്. നിയമങ്ങൾ അനുസരിക്കുന്നവർക്ക് ഇവയെല്ലാം അനുവദിക്കപ്പെടുന്നു. മാത്രമല്ല സാധാരണയായി അവരവരുടെ വസ്ത്രങ്ങൾ സൂക്ഷിക്കാനും ധരിക്കാനും അനുമതിയുണ്ട്. മെഡിക്കൽ ഓഫീസറുടെ അനുമതി വാങ്ങിയ ശേഷം തടവുകാർക്ക് വ്യക്തിഗത മരുന്നുകൾ സീൽ ചെയ്ത പായ്ക്ക്, ബ്രാൻഡഡ് മരുന്നുകൾ കൊണ്ടുപോകാം.

### 15. തടവുകാർക്ക് എങ്ങനെ വാർഡുകൾ അനുവദിക്കും?

തടവുകാർക്ക് വാർഡുകൾ അനുവദിക്കുന്നതിനുള്ള നയങ്ങൾ വ്യത്യസ്ത സംസ്ഥാനങ്ങളിൽ മാത്രമല്ല, ഒരേ സംസ്ഥാനത്തെ വ്യത്യസ്ത ജയിലുകളിലും വ്യത്യാസപ്പെട്ടിരിക്കുന്നു. തടവുകാരെ അവരുടെ പ്രായം, ശാരീരികവും മാനസികവുമായ ആരോഗ്യം, കുറ്റകൃത്യത്തിന്റെ സ്വഭാവം, വിചാരണയുടെ അവസ്ഥ, വിചാരണ ചെയ്യപ്പെടുന്ന കോടതി, ക്രിമിനൽ രേഖകൾ, ശിക്ഷയുടെ ദൈർഘ്യം എന്നിവ അടിസ്ഥാനമാക്കി വേർതിരിക്കാം. സ്ത്രീ-പുരുഷ തടവുകാരെപ്പോലെ വെവ്വേറെയായി, പതിവ് കുറ്റവാളികളിൽ നിന്ന് സാധാരണ കുറ്റവാളികളെയും വേർതിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് 20–50 സാധാരണ തടവുകാരെ വരെ ബാരക്കുകളിലാണ് പാർപ്പിക്കുന്നത്. അതിലും വ്യത്യസ്ത ജയിലുകളിലും വ്യത്യസ്ത സംസ്ഥാനങ്ങളിലും അവലംബിക്കുന്ന രീതികളിൽ വിഭിന്നതയുണ്ട്.



## ജയിലിനുള്ളിലെ ജീവിതം

**16. തടവുകാർ ദിവസം മുഴുവൻ അവരുടെ വാർഡുകളിൽ താമസിക്കേണ്ടതുണ്ടോ?**

ഇല്ല. ഒരോ ജയിലിലും നിർദ്ദിഷ്ട ലോക്ക്-ഇൻ, ലോക്ക്-ഔട്ട് സമയം ഉണ്ട്. സാധാരണയായി, സൂര്യാസ്തമയം മുതൽ സൂര്യോദയം വരെ ജയിലുകൾ പൂട്ടിയിരിക്കും. സാധാരണ അവസ്ഥയിൽ തടവുകാരുടെ ഈ സമയങ്ങളിലെ നീക്കങ്ങൾ, കുളി, പ്രാഥമികാവശ്യങ്ങൾ, വിനോദ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പ്രത്യേക സമയ ക്രമം നിശ്ചയിച്ചിട്ടുണ്ട്. ഓരോ ജയിലിലെയും നയം അനുസരിച്ച് തടവുകാരുടെ എണ്ണം ദിവസത്തിൽ പല തവണ കണക്കാക്കുന്നു.



**17. ജയിലിൽ ആയിരിക്കുമ്പോൾ തടവുകാർക്ക് അവരുടെ മതപരമായ ആചാരങ്ങൾ പാലിക്കാൻ കഴിയുമോ?**


കഴിയും. ഒരു തടവുകാരന് അവരുടെ മതം പിന്തുടരാനുള്ള സ്വാതന്ത്ര്യമുണ്ട്. എന്നിരുന്നാലും കൃപാൺ പോലുള്ള നിരോധിത വിഭാഗത്തിൽ പെടുന്ന സാധങ്ങൾ കൊണ്ടുനടക്കാനോ ഉപയോഗിക്കാനോ അവരെ അുവദിച്ചേക്കില്ല. ജയിൽ ദിനചര്യകളോ നിയമങ്ങളോ തടസ്സപ്പെടുത്തുന്ന ആചാരങ്ങളും അനുവദനീയമല്ല. തടവുകാർക്ക് അവരുടെ മതവിശ്വാസത്തിന് അനുസൃതമായി പ്രത്യേക സ്ഥലമോ പ്രത്യേക ഭക്ഷണമോ പോലുള്ള പ്രത്യേക പരിഗണനകൾക്കായി ചുമതലയുള്ള ഉദ്യോഗസ്ഥരോട് അഭ്യർത്ഥിക്കാം.

**18. തടവുകാർക്കുള്ള ഭക്ഷണ വ്യവസ്ഥകൾ എന്തൊക്കെയാണ്?**

എല്ലാ തടവുകാർക്കും ഒരു ദിവസം മൂന്നോ അഞ്ചോ തവണ ഭക്ഷണം നൽകുന്നു. ചായ, ലഘുഭക്ഷണം, മുതൽ പ്രധാന ഭക്ഷണം എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ജയിൽ പരിസരത്ത് ഒരു ഡയറ്റ് ചാർട്ട് സാധാരണയായി പ്രദർശിപ്പിക്കും അല്ലെങ്കിൽ ജയിലിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനിൽ നിന്നോ ജയിൽ മാനുവലിൽ നിന്നോ അത് ലഭിക്കും. ജയിൽ റേഷനിൽ അടിസ്ഥാനപരവും സമീകൃതവുമായ ഭക്ഷണങ്ങളായ പരിപ്പ്, ചോറ് അല്ലെങ്കിൽ റൊട്ടി/ചപ്പാത്തി എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു, പച്ചക്കറികളും, മത്സ്യവും മാംസവും ചിലപ്പോൾ മുട്ടയും ഉൾപ്പെടാം. ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലും സംസ്ഥാനങ്ങളിലും ഇത് വ്യത്യാസപ്പെട്ടിരിക്കുന്നു. ചില തടവുകാർക്ക് മെഡിക്കൽ ഓഫീസറുടെ നിർദ്ദേശ പ്രകാരം ആവശ്യമെങ്കിൽ പ്രത്യേക ഭക്ഷണക്രമവും അനുവദിച്ച് നൽകുന്നു. തടവുകാരുടെ ആരോഗ്യം, ജോലി, മതവിശ്വാസം എന്നിവ അനുസരിച്ച് വ്യത്യസ്ഥ ഭക്ഷണം അനുവദിക്കാം. രോഗികളോ, ബലഹീനരോ ആയ തടവുകാർക്കും ആശുപത്രി വാർഡിലുള്ളവർക്കും, ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക ഭക്ഷണം ലഭിക്കും.

**19. ഒരാൾക്ക് ജയിലിൽ പുറത്തുനിന്നുള്ള ഭക്ഷണം ലഭിക്കുമോ ?**

അണ്ടർട്രയൽ തടവുകാർക്ക് ചില നിബന്ധനകൾക്കും, ഉത്തരവുകൾക്കും വിധേയമായി സൂപ്രണ്ടിന്റെ അനുമതിയോടെ പുറത്ത് നിന്ന് ഭക്ഷണം ലഭിക്കും. ചില ജയിലുകളിൽ തടവുകാർക്ക് ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും



അനുസൃതമായി ഭക്ഷണം വാങ്ങാൻ കഴിയുന്ന ക്യാന്റീനുകളും ഉണ്ട്. ക്യാന്റീനുകളിൽ സാധാരണയായി ബിസ്ക്കറ്റ്/ ബ്രഡ് പോലുള്ള ഭക്ഷ്യ വസ്തുക്കൾ വില്പനയ്ക്കായി സൂക്ഷിക്കുന്നു. നംകീൻ, റൊട്ടി, വെണ്ണ മുതലായവയും സമോസ, കച്ചോഡീസ്, ധോക്ള മുതലായ ലഘു ഭക്ഷണങ്ങളും നൽകാം. ഇത് വ്യത്യസ്ഥ കാന്റീനുകളിൽ വ്യത്യാസപ്പെട്ടിരിക്കും.

**20. ജയിലിനുള്ളിലെ വൃത്തിക്കും ശുചിത്വത്തിനും ഉത്തരവാദി ആര്?**

ശുചീകരണ സംവിധാനങ്ങൾ സാധാരണയായി ജയിൽ മാനുവലിൽ പ്രതിപാദിച്ചിരിക്കുന്നു. ജയിൽ പരിസരത്ത് ശുചിത്വവും വൃത്തിയും പാലിക്കേണ്ടത് ജയിൽ ഉദ്യോഗസ്ഥരുടെയും തടവുകാരുടെയും കടമയാണ്. തടവുകാർക്ക് സാധാരണയായി അവരുടെ താമസ സ്ഥലങ്ങൾ വൃത്തിയാക്കേണ്ട ഉത്തരവാദിത്വമുണ്ട്. അതേ സമയം സാധാരണ പ്രദേശങ്ങൾ വൃത്തിയാക്കുന്നത് ജയിൽ തൊഴിലുകളുടെ ഭാഗമായി നിയോഗിക്കപ്പെട്ട തടവുകാരോ, ജയിൽ ഭരണകൂടം നിയോഗിക്കുന്ന സ്വീപ്പർമാരോ ആണ്. സ്വീപ്പർമാർ വാർഡിനുള്ളിലെ ടോയ്‌ലറ്റുകളും ജയിലിലെ സാധാരണ കുളി, ടോയ്‌ലറ്റ് പ്രദേശങ്ങളും വൃത്തിയാക്കുന്നു.

**21. ജയിലിനുള്ളിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാണോ?**

ഓരോ തടവുകാരനും ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം ലഭിക്കാനുള്ള അവകാശമുണ്ട്. ഇത് ഉറപ്പിക്കാൻ ജയിലുകൾക്ക് വ്യത്യസ്ത വ്യവസ്ഥകളുണ്ട്. ചിലയിടത്ത് ഫിൽട്ടർ ചെയ്ത വെള്ളം നൽകുന്നു. അല്ലെങ്കിൽ റിവേഴ്സ് ഓസ്മോസിസ് (ആർ.ഒ) പ്ലാന്റുകൾ സ്ഥാപിക്കുന്നുണ്ട്. ചിലയിടങ്ങളിൽ ഫിൽട്ടർ ചെയ്യാത്ത വെള്ളം നൽകുകയോ അത് ഉപയോഗത്തിന് അന യോജ്യമല്ലാതിരിക്കുകയോ ചെയ്താൽ ജയിലുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ, നിയമ സേവന അധികാരികളിൽ നിന്നുള്ള ഉദ്യോഗസ്ഥർ, അല്ലെങ്കിൽ സന്ദർശക സമിതി അംഗങ്ങൾ എന്നിവർ സമക്ഷം ജലത്തിന്റെ ഗുണ നിലവാരം സംബന്ധിച്ച പരാതികൾ നൽകാം.

**22. തടവുകാർക്ക് എന്തെല്ലാം ആരോഗ്യ സൗകര്യങ്ങൾ ലഭ്യമാണ്?**

ജയിലിൽ മെഡിക്കൽ ഓഫീസർമാരോട് രോഗികളായ തടവുകാർക്ക് രോഗ വിവരം നേരിട്ട് അറിയിക്കാനാകും. അല്ലാത്തപക്ഷം തടവുകാരന് മെഡിക്കൽ ഓഫീസറെ കാണാനുള്ള സൗകര്യം ജയിൽ ഭരണകൂടം ഉറപ്പാക്കണം. തടവുകാരന്റെ ചികിത്സയ്ക്ക് ആവശ്യമായ നടപടികൾ

മെഡിക്കൽ ഓഫീസർക്ക് എടുക്കാം. അതിൽ മരുന്നുകളുടെ കുറിപ്പ്, കൂടുതൽ ഡയഗ്നോസ്റ്റിക്സ് പരിശോധനകൾക്കുള്ള ആവശ്യം, അല്ലെങ്കിൽ ജയിൽ ആശുപത്രിയിൽ പ്രവേശനം എന്നിവ ഉൾപ്പെടാം. ആരോഗ്യ ഉദ്യോഗസ്ഥർക്ക് തടവുകാരന്റെ ഭക്ഷണക്രമമോ തൊഴിൽ ഷെഡ്യൂളുകളോ അവരുടെ ആരോഗ്യ ആവശ്യങ്ങൾക്കനുസരിച്ച് മാറ്റാൻ കഴിയും. ഒരു പാത്തോളജി ലാബ് ലഭ്യമാകുന്നിടത്ത് ജയിലിനുള്ളിൽ തന്നെ ഡയഗ്നോസ്റ്റിക് പരിശോധനകൾ നടത്തുന്നു. തടവുകാർക്ക് സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യുന്നു.

**23. തടവുകാർക്ക് മറ്റ് ആശുപത്രികളിൽ നിന്ന് ചികിത്സ തേടാമോ?**

സാധിക്കും, തടവുകാർക്ക് മറ്റ് ആശുപത്രികളിൽ നിന്ന് ചികിത്സ അനുവദിക്കാം. മെഡിക്കൽ ഓഫീസർക്ക് ഒരു പ്രാദേശിക ആശുപത്രിയിൽ നിന്നുള്ള പ്രത്യേക ചികിത്സ ശുപാർശ ചെയ്യാൻ കഴിയും. കൂടാതെ തടവുകാരന് മറ്റൊരു ആശുപത്രിയിൽ ചികിത്സിക്കാൻ അനുമതി തേടി ജയിലിലെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് അപേക്ഷ നൽകാം. അവരുടെ അഭിഭാഷകൻ മുഖേന ഒരു അപേക്ഷ സമർപ്പിച്ച് കോടതിയിൽ നിന്ന് അനുമതി തേടാം. തടവുകാരന് അഭിഭാഷകനില്ലെങ്കിൽ അവർ ബന്ധപ്പെട്ട സെക്രട്ടറി, ലീഗൽ സർവ്വീസസ് അതോറിറ്റിക്ക് കത്തെഴുതണം. അല്ലെങ്കിൽ ജയിൽ നിയമ സഹായ ക്ലിനിക്കിലെ പാരാലിഗൽ വോളന്റിയർ അല്ലെങ്കിൽ ജയിൽ സന്ദഅശി!ുന്ന അഭിഭാഷകന്റെ സഹായം തേടണം.

**24. ജയിലിൽ എന്ത് മാനസികാരോഗ്യ സൗകര്യങ്ങൾ ലഭ്യമാണ് ?**

മാനസിക രോഗങ്ങൾ നേരത്തെ കണ്ടെത്തി ഉറപ്പിക്കുന്നതിനോ അവയെ തടയുന്നതിനോ എല്ലാ തടവുകാർക്കും ജയിൽ വകുപ്പ് മാനസിക-മനോരോഗ വിഭാഗങ്ങളുടെ കൗൺസിലിംഗ് നൽകണം. ഓരോ സെൻട്രൽ /ജില്ലാ ജയിലുകളിലും ഓരോ സൈക്കോളജിസ്റ്റിന്റെയും സൈക്യാട്രിയിൽ പരിശീലനം നേടിയ ഒരു സാമൂഹിക പ്രവർത്തകന്റെയും സഹായം ആവശ്യമായവർക്ക് യോഗ്യതയുള്ള ഒരു സൈക്യട്രിസ്റ്റിന്റെയും സേവനം ലഭ്യമാക്കേണ്ടതാണ്. മാനസിക വൈകല്യങ്ങളുടെ പ്രാഥമിക ചികിത്സക്കുള്ള സൗകര്യങ്ങൾ സെൻട്രൽ /ജില്ലാ ജയിലുകളിൽ ആവശ്യമാണ്. സബ് ജയിലുകൾ മാനസിക രോഗമുള്ള തടവുകാരെ അടുത്തുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിലേക്ക് കൊണ്ട് പോകണം. അല്ലെങ്കിൽ ജില്ലാ ജയിലുകളിലേക്കോ സെൻട്രൽ ജയിലുകളിലേക്കോ മാറ്റണം. എല്ലാ ജയിലുകളെയും ഒരു മാനസിക ആശുപത്രിയുമായി ഔദ്യോഗികമായി ബന്ധിപ്പിക്കണം. കൂടാതെ മാനസികരോഗമുള്ള തടവുകാരെ ചികിത്സക്കായി ഉചിതമായ മാനസികാരോഗ്യ സ്ഥാപനങ്ങളിലേക്ക് മാറ്റാം.

**25. തടവുകാർക്ക് ജയിലിൽ ജോലി ചെയ്യാൻ കഴിയുമോ ? അവർക്ക് വേതനം നൽകുന്നുണ്ടോ ?**

കഴിയും. ശിക്ഷിക്കപ്പെട്ട തടവുകാർക്ക് പ്രത്യേകിച്ച് കഠിനമായ തടവിന് ശിക്ഷിക്കപ്പെട്ടവർക്ക്, അവരുടെ തടവ് സമയത്ത് ജോലി ചെയ്യണമെന്ന നിർബന്ധമുണ്ട്. ജയിലിലെ, ചുമതലയുള്ള ഉദ്യോഗസ്ഥനോ ജയിലറോ/ജോയിന്റ് സൂപ്രണ്ടോ തടവുകാർക്ക് ജോലി നൽകുന്നു. ദീർഘകാലത്തേക്ക് ശിക്ഷിക്കപ്പെടുന്ന തടവുകാർക്കോ, വിദ്യാഭ്യാസമുള്ളവർക്കോ ചിലപ്പോൾ ജയിലിൽ ഭരണത്തെ സഹായിക്കുന്നതിന് സാധിക്കുന്ന ജോലി നൽകാറുണ്ട്. പ്രാദേശിക ഭാഷ അനുസരിച്ച് അവരെ കുറ്റവാളികളായ ഉദ്യോഗസ്ഥർ അല്ലെങ്കിൽ ശിക്ഷിക്കപ്പെട്ട വാർഡർ എന്ന് പേർ വിളിക്കുന്നു. തടവുകാരെ സാധാരണയായി ഫാക്ടറി അല്ലെങ്കിൽ മാനുഫാക്ടറി യൂണിറ്റുകൾ, അടുക്കള, ക്ലീനിംഗ്, സുരക്ഷ അല്ലെങ്കിൽ കെട്ടിട പാരിപാലന ജോലികൾ എന്നിവയിലേക്ക് നിയോഗിക്കുന്നു. ചില തടവുകാരെ അധികാരികൾ ലീഗൽ എയ്ഡ്, പാരാലീഗൽ പ്രവർത്തകരായി പരിശീലനം നൽകാനും ജയിൽ നിയമ സഹായ ക്ലിനിക്കിൽ ജോലി ചെയ്യാനും നിയോഗിക്കുന്നു. കുറ്റവാളികൾക്കുള്ള വേതനം വിദഗ്ധ, അർദ്ധ വിദഗ്ധ അല്ലെങ്കിൽ അവിദഗ്ധ ജോലികൾക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു. പക്ഷേ അവ സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ വേതനത്തിന് താഴേയാകരുത്. സംസ്ഥാനങ്ങളിലുടനീളം വേതന നിരക്കുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

ജയിലിൽ ജോലി ചെയ്യാൻ അണ്ടർ ട്രയൽ തടവുകാരോടും സാധാരണ തടവിന് ശിക്ഷിക്കപ്പെട്ട തടവുകാരോടും ആവശ്യപ്പെടാൻ കഴിയില്ല. എന്നിരുന്നാലും അവർക്ക് ജയിൽ അധികൃതരിൽ നിന്ന് ജോലി ചെയ്യാൻ സ്വമേധയാ മുന്നോട്ട് വന്ന് അനുമതി തേടാം, അത് അനുവദിക്കപ്പെടുകയോ, അനുവദിക്കപ്പെടാതിരിക്കുകയോ ചെയ്യാം.

**26. ഒരു തടവുകാരൻ ജയിലിൽ മരിച്ചാൽ എന്ത് സംഭവിക്കും?**

ജയിലിലെ മരണത്തെ കസ്റ്റഡി മരണം എന്നാണ് വിളിക്കുന്നത്. കസ്റ്റഡിയിലുള്ള എല്ലാ മരണങ്ങളുടെയും അറിയിപ്പ് ഇനി പറയുന്നവർക്ക് അയക്കേണ്ടതാണ്. (ശ) 10 ന്റെ 4 (4)-ാം വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയ ഏറ്റവും അടുത്തുള്ള മജിസ്ട്രേറ്റ് അന്വേഷണങ്ങൾ നടത്തുന്നതിന് 1973ലെ ക്രിമിനൽ പ്രൊസിജ്യന്റ് സെക്ഷൻ 174, 176, (ശശ) പ്രാഥമിക അന്വേഷണം നടത്തേണ്ട അധികാരപരിധിയിലുള്ള പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, (ശശശ) മരിച്ച് 24 മണിക്കൂറിനുള്ളിൽ ദേശിയ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകൾ. ഒരു തടവുകാരൻ മരിക്കുമ്പോൾ മരണകാരണം - അത് സ്വാഭാവികമോ അസ്വാഭാവികമോ, ആവശ്യമായ വൈദ്യ സഹായം നൽകിയിട്ടുണ്ടോ, ജയിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് നിയമ ലംഘനമോ അവഗണനയോ ഉണ്ടോ എന്ന് തെളിയിക്കാൻ ഒരു അന്വേഷണം നടത്തണം. മരണത്തെ കുറിച്ച് ഉടനടി തടവുകാരന്റെ കുടുംബത്തെ അറിയിക്കേണ്ടത് ജയിൽ വകുപ്പിന്റെ ഉത്തരവാദിത്തവുമാണ്.

**27. തടവുകാർക്ക് അവകാശങ്ങളും കടമകളും ഉണ്ടോ?**

ഉണ്ട്. തടവുകാർക്ക് തടവ് ശിക്ഷ കാരണം വെട്ടിക്കുറച്ചവ ഒഴികെ എല്ലാ മൗലീക അവകാശങ്ങളും ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്നു. അവർക്ക് ചുമതലകളും ഉണ്ട്. നിയമങ്ങൾ പാലിക്കുക, യോഗ്യതയുള്ള അധികാരികൾ നൽകുന്ന എല്ലാ നിയമപരമായ ഉത്തരവുകളും അനുസരിക്കുക. അച്ചടക്കവും ക്രമവും പാലിക്കുക എന്നിവ എല്ലാ തടവുകാരുടെയും കടമയാണ്. മറ്റ് തടവുകാരുടെയും ജയിൽ ഉദ്യോഗസ്ഥരുടെയും ഇതര പ്രവർത്തകരുടെയും അവകാശങ്ങളെ അവർ മാനിക്കുകയും തെറ്റായ ആരോപണങ്ങൾ ഉന്നയിക്കുന്നതിൽ നിന്നും മറ്റുള്ളവരുടെ മതവിശ്വാസത്തെ വ്രണപ്പെടുത്തുന്നതിൽ നിന്നും വിട്ടു നിൽക്കുകയും വേണം. അവർ, സർക്കാർ സ്വത്ത് നശിപ്പിക്കരുത്. എല്ലാ തടവുകാർക്കും വൃത്തിയുടെയും ശുചിത്വത്തിന്റെയും മാനദണ്ഡങ്ങൾ പാലിക്കേണ്ട ഉത്തരവാദിത്തമുണ്ട്. അവകാശങ്ങളുടെയും കടമകളുടെയും വിശദമായ പട്ടികയ്ക്കായി പേജ് 36 കാണുക.



## കുടുംബം, സുഹൃത്തുക്കൾ, നിയമജ്ഞർ എന്നിവരുമായിട്ടുള്ള ബന്ധം

**28. ജയിലിൽ കഴിയുന്ന ഒരു തടവുകാരനെ ആർക്കാണ് കാണാൻ കഴിയുക? എത്രനതവണ?**

ജയിൽ നിയമങ്ങൾ അനുസരിച്ച് തടവുകാർക്ക് അവരുടെ കുടുംബത്തെയോ സുഹൃത്തുക്കളെയോ, അഭിഭാഷകരെയോ നിശ്ചിത ദിവസങ്ങളിലും നിശ്ചിത സമയത്തും ജയിലിൽ സന്ദർശിക്കാൻ അവകാശമുണ്ട്. തടവുകാരൻ ഒരു റിമാന്റ് /വിചാരണ തടവുകാരനോ, കരുതൽ തടവുകാരനോ ശിക്ഷിക്കപ്പെട്ട കുറ്റവാളിയോ എന്നതിനെ ആശ്രയിച്ച് സന്ദർശനങ്ങളുടെ ആവൃത്തി ആഴ്ചയിൽ 2 തവണ മുതൽ ആഴ്ചയിൽ ഒരിക്കൽ വരെയാകാം. ജയിലിൽ സന്ദർശിക്കുന്ന സംവിധാനത്തെ മുലാകാത്ത് (അഭിമുഖം) എന്ന് വിളിക്കുന്നു.

**29. മുലാകാത്ത് (അഭിമുഖം) എങ്ങനെ നടത്തുന്നു?**

സന്ദർശകനെ തടവുകാരിൽ നിന്ന് വയർമെഷ് അല്ലെങ്കിൽ ബാറുകൾ അല്ലെങ്കിൽ ഗ്ലാസ് ഉപയോഗിച്ച് വേർതിരിക്കുന്ന ഒരു പ്രത്യേക പ്രദേശത്താണ് കൂടികാഴ്ച നടത്തുന്നത്. ബാധകമായ നിയമങ്ങൾ അനുസരിച്ച് ദൈർഘ്യം 10 അല്ലെങ്കിൽ 30 മിനിറ്റോ അതിൽ കൂടുതലോ ആകാം. ചില ജയിലുകൾ അഭിമുഖങ്ങൾ തേടുന്ന ദിവസങ്ങൾ മുൻകൂട്ടി നിശ്ചയിക്കുന്നു. സന്ദർശനത്തിന് മുൻപ് സന്ദഅശകനെ ജയിൽ ഉദ്യോഗസ്ഥർ ദേഹപരിശോധന നടത്തിയിരിക്കും. മീറ്റിംഗിന് മുമ്പും ശേഷവും തടവുകാരനെ ദേഹപരിശോധനയ്ക്ക് വിധേയമാക്കാം.

**30. സന്ദർശകർക്ക് മുലാകാത്ത് (അഭിമുഖം) എങ്ങനെ അപേക്ഷിക്കാം?**

ജയിലുകളിൽ സാധാരണയായി മുലാക്കാത്തിന് വ്യത്യസ്ഥ നിയമങ്ങൾ ഉണ്ട്. ചിലർ ടെലിഫോൺ അല്ലെങ്കിൽ വെബ് പോർട്ടലുകൾ വഴി ഷെഡ്യൂളിംഗ് സന്ദർശനങ്ങൾക്ക് അനുമതി നൽകുന്നു. മുറ്റുള്ളവയിൽ, സന്ദർശനങ്ങൾക്ക് ഷെഡ്യൂൾ ചെയ്യാനോ തടവുകാരനെ കാണാൻ അനുവദിക്കുന്നതിന് മുമ്പായി ക്യൂവിൽ കാത്തിരിക്കുവാനോ സന്ദർശകന് നേരിട്ട് ജയിലിൽ പോകേണ്ടി വരാം. എല്ലാ സന്ദർശകരും റേഷൻ കാർഡ്, ആധാർ കാർഡ്, വോട്ടർ ഐ.ഡി കാർഡ് മുതലായ ഐഡന്റിറ്റി തെളിവുകൾ കൈവശം വയ്ക്കണം.

**31. മുലാകാത്ത് സമയത്ത് സന്ദഅശകഅ! ഭക്ഷണമോ വസ്ത്രമോ മരുന്നോ തടവുകാരന് നൽകാൻ കഴിയുമോ?**

കഴിയും. തടവുകാരന് നൽകുന്നതിനായി സന്ദഅശകഅ! അനുവദനീയമായ കുറച്ച് ഇനങ്ങൾ കൊണ്ട് പോകാൻ കഴിയും. പക്ഷേ മുലാക്കാത്ത് സമയത്ത് സുരക്ഷാ പ്രശ്നങ്ങളാൽ അവ നേരിട്ട് കൈമാറാൻ കഴിയില്ല. ജയിലിലെ പ്രധാന കവാടത്തിൽ ജയിൽ ഭരണകൂടത്തിന് കൈമാറുന്ന ഇവ പരിശോധനയ്ക്ക് ശേഷം തടവുകാരന് നൽകും. കാന്റീൻ സൗകര്യങ്ങളുള്ള ജയിലുകളിൽ സന്ദഅശകഅ! തടവുകാരുടെ അക്കൗണ്ടിലേക്ക് പണം നിക്ഷേപിക്കാനോ കൈമാറാനോ അനുവദിക്കുമെന്നതിനാൽ കാന്റീനിൽ നിന്ന് അനുവദനീയമായ ഇനങ്ങൾ തടവുകാർക്ക് വാങ്ങാൻ സാധിക്കും.

**32. തടവുകാർക്ക് ഫോൺ വിളിക്കാൻ അനുവാദമുണ്ടോ? ഈ കോളുകളുടെ വില ആരാണ് വഹിക്കുന്നത്.?**

ഉണ്ട്. തടവുകാർക്ക് ഫോൺ വിളിക്കാൻ കഴിയും, പക്ഷേ അത്തരം സൗകര്യങ്ങളുള്ള ജയിലുകളിൽ മാത്രം. ഇതിനെ സാധാരണയായി പ്രിസൺ ഇൻമേറ്റ് കോളിംഗ് സിസ്റ്റം എന്ന് വിളിക്കുന്നു. ഇത് മുഖേന രണ്ടോ മൂന്നോ മുൻകൂട്ടി രജിസ്റ്റർ ചെയ്ത നമ്പറുകളുമായി സംസാരിക്കാൻ സാധിക്കും. തടവുകാർക്ക് അവരുടെ കുടുംബാംഗങ്ങളുമായോ, ബന്ധുക്കളുമായോ, സുഹൃത്തുകളുമായോ, അഭിഭാഷകരുമായോ സംസാരിക്കുവാൻ ഇത് സഹായിക്കുന്നു. ചെലവ് സാധാരണയായി തടവുകാർ തന്നെ വഹിക്കുന്നു. വ്യത്യസ്ഥ ജയിലുകൾക്കിടയിൽ കോളുകളുടെ ദൈർഘ്യവും ആവൃത്തിയും വ്യത്യാസപ്പെടുന്നു.

**33. തടവുകാർക്ക് കത്തുകൾ എഴുതാൻ അനുവാദമുണ്ടോ? ആരാണ് ചെലവ് വഹിക്കുന്നത്?**

തടവുകാർക്ക് അവരുടെ കുടുംബത്തിനും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ജയിലിൽ നിന്ന് കത്തുകൾ എഴുതാനും കത്തുകൾ, ഫോട്ടോഗ്രാഫുകൾ, രേഖകൾ എന്നിവ സ്വീകരിക്കാനും അനുവാദമുണ്ട്. ഇവ ന്യായമായ സെൻസർഷിപ്പിന് വിധേയമായേക്കാം. കത്തുകൾ ജയിലിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ചേക്കാം, കൂടാതെ കുറ്റകരമായ അല്ലെങ്കിൽ കോഡ് ചെയ്ത ഏതെങ്കിലും ഉള്ളടക്കം സെൻസർ ചെയ്യപ്പെടാം. അല്ലെങ്കിൽ കത്ത് തടഞ്ഞുവയ്ക്കാം. ചില ജയിലുകൾ എഴുത്ത് സാമഗ്രികളും തപാൽ സ്റ്റാമ്പുകളും നൽകുന്നു. ജയിൽ നിയമ പ്രകാരം അത്തരം ആശയവിനിമയത്തിന്റെ ആവൃത്തി സൂപ്രണ്ടിന് തീരുമാനിക്കാനും കഴിയും. ചില ജയിലുകൾ പോസ്റ്റ് കാർഡുകൾ സൗജന്യമായി നൽകുന്നു. മറ്റുള്ളവയിൽ തടവുകാർ കത്തുകളുടെ തപാൽ ചാർജ്ജ് നൽകണം.

**34. വീഡിയോ കോൺഫറൻസിംഗിലൂടെ തടവുകാർക്ക് അവരുടെ കുടുംബാംഗങ്ങളുമായി ബന്ധപ്പെടാൻ അനുവാദമുണ്ടോ?**

ഉണ്ട്. സൗകര്യങ്ങൾ ലഭ്യമാകുന്നിടത്ത് ജയിലുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് തടവുകാരുടെ കുടുംബാംഗങ്ങളെ വീഡിയോ കോൺഫറൻസിംഗിലൂടെ ബന്ധപ്പെടാൻ ഒരു തടവുകാരന് അനുമതി നൽകാം. ഇക്കാര്യത്തിൽ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് ഒരു അപേക്ഷ സമർപ്പിക്കണം. ജയിൽ അധികാരികൾ ഈ അപേക്ഷ അംഗീകരിച്ചിട്ടില്ലെങ്കിൽ കോടതിയിൽ നിന്നും അനുമതി തേടാം. കോടതിയുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ, വീഡിയോ കോൺഫറൻസിംഗിലൂടെ അഭിമുഖം നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾക്കായി ഒരാൾക്ക് ജയിലുമായി ബന്ധപ്പെടാം. ചില ജയിൽ മാനേജുമെന്റ് സംവിധാനങ്ങൾ, ഇ-പ്രിസൺസ് സ്യൂട്ട്, അവരുടെ വെബ്സൈറ്റ് ഉപയോഗിച്ച് ഓൺലൈനിൽ കൂടിക്കാഴ്ച്ചകൾ ബുക്ക് ചെയ്യാനുള്ള സൗകര്യം നൽകുന്നു.

**35. വ്യത്യസ്ഥ ജയിലുകളിൽ കഴിയുകയാണെങ്കിൽ തടവുകാരായ ഇണകൾക്ക് പരസ്പരം കാണാൻ അനുവാദമുണ്ടോ?**

ഉണ്ട്. ജയിലുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് തടവുകാർക്കിടയിൽ സന്ദർശനം അനുവദിക്കാൻ കഴിയും, എന്നാൽ ഒരു തടവുകാരൻ അത് ആവശ്യപ്പെട്ട് ഒരു അപേക്ഷ സമർപ്പിക്കണം. ഒരേ ജയിലിൽ അല്ലെങ്കിൽ ഒരേ നഗരത്തിലെ വിവിധ ജയിലുകളിൽ കഴിയുന്ന ഇണകൾക്കിടയിൽ ഒരു മുലാകാത്ത് ( അഭിമുഖം) അനുവദിക്കാം.



**36. തടവുകാർക്ക് മക്കളെ കാണാൻ അനുവാദമുണ്ടോ?**


ഉണ്ട്. തടവുകാർക്ക് അവരുടെ കുട്ടികളെ കാണാൻ കഴിയും. ചില ജയിലുകൾ തടവുകാരുടെ മക്കളുമായി കൂടി കാഴ്ച്ച നടത്താൻ അനുവദിക്കുന്നു. ഓഫീസ് ഏരിയയിലെ ഒരു മുറിയിൽ കണ്ടുമുട്ടാൻ അവരെ അനുവദിക്കുന്നു. കൂടാതെ ആറ് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് അമ്മയോടൊപ്പം ജയിലിൽ കഴിയാനും അനുവാദമുണ്ട്. ചില സംസ്ഥാനങ്ങൾ കുട്ടികളെ അവരുടെ പിതാക്കൻമാരോടൊപ്പം താമസിക്കാൻ അനുവദിക്കുന്നു. കുട്ടി ഒരു ഷെൽട്ടർ ഹോമിൽ ഉള്ളിടത്ത്, തടവുകാർക്ക് അവരുടെ കുട്ടികളോടൊപ്പം പതിവ് സന്ദർശനങ്ങൾ നടത്തുന്നത് ഉറപ്പാക്കുന്നതിന് ജയിൽ ചുമതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ഷെൽട്ടർ ഹോമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നും അനുമതി വാങ്ങണം.

**37. തടവുകാരുടെ കുടും ങ്ങൾ വിദൂരമായി സ്ഥിതിചെയ്യുന്നുവെങ്കിൽ, കുടും വുമായി സമ്പർക്കം ഉറപ്പാക്കാൻ എന്ത് ബദൽ മാർഗ്ഗങ്ങൾ ലഭ്യമാണ്?**

അത്തരം സാഹചര്യങ്ങളിൽ തടവുകാരെ അവരുടെ വീടിനടുത്തുള്ള ജയിലിലേയ്ക്ക് മാറ്റാൻ ശ്രമിച്ചേക്കാം. സുരക്ഷ, തടവുകാരുടെ ക്ഷേമം, ഭരണപരമായ സൗകര്യം എന്നിവ അടിസ്ഥാനമാക്കി. തീരുമാനമെടുക്കുന്ന ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് ഇതിനായി അപേക്ഷ നൽകണം. കുടുംബാംഗങ്ങളുമായി ആശയവിനിമയം നടത്താൻ വീഡിയോ കോൺഫറൻസിംഗ് അല്ലെങ്കിൽ ടെലിഫോൺ സൗകര്യങ്ങൾ ഉപയോഗിക്കുക എന്നതാണ് മറ്റൊരു ഓപ്ഷൻ.

**38. ജയിലിൽ കഴിയുന്ന തടവുകാരെ അഭിഭാഷകർക്കു സന്ദർശിക്കാൻ കഴിയുമോ? അവരുടെ സന്ദർശനങ്ങൾക്കുള്ള നടപടിക്രമം ഒന്നു തന്നെയാണോ?**

അതെ, ആവശ്യമുള്ളപ്പോൾ അവരുടെ ക്ലയിന്റുകളെ സന്ദർശിക്കാൻ അഭിഭാഷകർക്ക് കടമയുണ്ട്. സാധാരണയായി, അഭിഭാഷക സന്ദർശനങ്ങളിൽ നിയന്ത്രണങ്ങൾ കുറവാണ്. ചില ജയിലുകൾ ഈ ഇടപെടലുകൾക്ക് പ്രത്യേക ഇടങ്ങളോ മുറികളോ നൽകുന്നു. സന്ദർശനത്തിനുള്ള തീയതിയും, സമയവും ഷെഡ്യൂൾ ചെയ്യുന്നതിന് അഭിഭാഷകർക്ക് ജയിലിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനുമായി ബന്ധപ്പെടാം.




## വിനോദവും മറ്റ് സൗകര്യങ്ങളും

**39. തടവുകാർക്ക് ജയിലിൽ പത്രങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവ വായിക്കാൻ അനുവാദമുണ്ടോ?**

ജയിലുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അനുമതിക്ക് വിധേയമായി തടവുകാരന് പുസ്തകങ്ങൾ സൂക്ഷിക്കാൻ കഴിയും. ജയിൽ ലൈബ്രറിയിൽ നിന്ന് തടവുകാർക്ക് പുസ്തകങ്ങളും പത്രങ്ങളും വായിക്കാനോ എടുത്ത് ഉപയോഗിക്കാനോ കഴിയും.

**40. തടവുകാർക്ക് സംഗീതം കേൾക്കാനോ മറ്റ് വിനോദ പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ കഴിയുമോ?**

വ്യത്യസ്തജയിലുകളിൽവിനോദസൗകര്യങ്ങൾവ്യത്യാസപ്പെട്ടിരിക്കുന്നു. ചില ജയിലുകൾ നിർദ്ദിഷ്ട സമയങ്ങളിൽ ബാരക്കുകളിൽ കേന്ദ്രീകൃത നിയന്ത്രിത കോമൺ റേഡിയോ അല്ലെങ്കിൽ ടെലിവിഷൻ നൽകുന്നു. മറ്റു ചിലയിടങ്ങളിൽ തടവുകാരുടെ താൽപ്പര്യങ്ങളും കഴിവുകളും അനുസരിച്ച് തടവുകാർ ഉൾപ്പെടുന്ന ബാൻഡുകളെയോ തീയറ്റർ ഗ്രൂപ്പുകളെയോ അനുവദിക്കുന്നു. ചിലർ തടവുകാരെ ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ തുടങ്ങിയ കായിക വിനോദങ്ങളിൽ ഏർപ്പെടാനോ ഇൻഡോർ ബോർഡ് ഗെയിമുകൾ കളിക്കാനോ അനുവദിക്കുന്നു.

**41. തടവുകാർക്ക് വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുവാദമുണ്ടോ?**


ജയിലിൽ ആയിരിക്കുമ്പോൾ ഒരു തടവുകാരന് പഠനം തുടരാനോ പഠനം ആരംഭിക്കാനോ കഴിയും. ഏത് പരീക്ഷയ്ക്കും ഹാജരാകാനും അവർക്ക് അനുവാദമുണ്ട്. വിദ്യാഭ്യാസ കോഴ്സുകൾക്ക് വിധേയരായ തടവുകാർക്ക് അവരുടെ കുടുംബത്തിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ പുസ്തകങ്ങളും എഴുത്ത് സാമഗ്രികളും സ്വീകരിക്കാൻ അനുമതിയുണ്ട്. കൂടാതെ സർക്കാർ ചിലവിൽ പുസ്തകങ്ങൾ നൽകാം അല്ലെങ്കിൽ സ്വന്തമായി വാങ്ങാനും അനുവാദമുണ്ട്. ചില ജയിലുകളിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (ഇഗ്നോ) മുതിർന്നവരുടെ സാക്ഷരതാ പ്രോഗ്രാമുകൾ, കമ്പ്യൂട്ടർ സെന്ററുകളുടെ ഇൻഫർമേഷൻ ടെക്നോളജി (ഐ.ടി) കോഴ്സുകൾ എന്നിവയ്ക്ക് കീഴിൽ പ്രത്യേക പരിപാടിയുണ്ട്. പഠനം തുടരാൻ അനുമതി തേടുന്നതിന് തടവുകാർ ജയിൽ അധികൃതർക്ക് അപേക്ഷ നൽകണം.

**42. തടവുകാർക്ക് ജയിലിൽ ആയിരിക്കുമ്പോൾ ബാങ്ക് അക്കൗണ്ടുകൾ തുറക്കാൻ കഴിയുമോ?**

തടവുകാർക്ക് ബാങ്ക് അക്കൗണ്ടുകൾ തുറക്കാൻ അനുവാദമുണ്ട്. ചില സംസ്ഥാനങ്ങൾ എല്ലാ തടവുകാർക്കും ബാങ്ക് അക്കൗണ്ടുകൾ തുറക്കാൻ അനുമതി നൽകിയിട്ടുണ്ട്. അക്കൗണ്ടുകൾ വേതനം ലഭിക്കുന്ന പണം നിക്ഷേപിക്കാൻ ഉപയോഗിക്കാം, അല്ലെങ്കിൽ കാന്റീനുകൾ പ്രവർത്തിക്കുന്നിടത്ത് തടവുകാർക്ക് സാധനങ്ങൾ വാങ്ങാൻ ഉപയോഗിക്കാം.

**43. തടവിൽ കഴിയുമ്പോൾ തടവുകാർക്ക് വോട്ടുചെയ്യാൻ കഴിയുമോ?**

തടവിലാക്കപ്പെട്ട തടവുകാർക്ക് ജയിലിൽ കഴിയുമ്പോൾ വോട്ടു ചെയ്യാൻ അനുവാദമില്ല. പക്ഷേ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ അനുവാദമുണ്ട്.



## നിയമപരമായ പ്രാതിനിധ്യം നേടുക

**44. തടവുകാർക്ക് അഭിഭാഷകന്റെ സേവനത്തിന് അവകാശമുണ്ടോ?**

ഉണ്ട്. ഓരോ വ്യക്തിക്കും അവരുടെ ഇഷ്ടപ്രകാരം ഒരു അഭിഭാഷകൻ മുഖാന്തിരം കോടതികളിൽ പ്രതിനിധീകരിക്കാൻ അർഹതയുണ്ട്. അറസ്റ്റിലായ ഉടനെ ഈ അവകാശം ഉറപ്പാക്കുന്നു. ചോദ്യം ചെയ്യലിൽ ഒരു അഭിഭാഷകന് ഹാജരാകുന്നതിന് അർഹതയുണ്ട്. ജാമ്യാപേക്ഷ സമർപ്പിക്കാനും തടവുകാരന് മതിയായ പ്രതിരോധം തയ്യാറാക്കാനും നിർദ്ദേശം നൽകാം. ജയിലിലെ ക്ലയന്റിനെ അഭിഭാഷകർക്ക് സന്ദഅശി!ുകയും അവരുടെ കേ,സിന്റെ പുരോഗതിയെക്കുറിച്ച് അവരെ അറിയിക്കുകയും തടവുകാരനുമായി കൂടിയാലോചിച്ച് അവരുടെ പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യാം.

**45. ഒരു തടവുകാരന് അഭിഭാഷകനുമായി ഇടപഴകാൻ കഴിയുന്നില്ലെങ്കിലോ?**

ലീഗൽ സർവീസസ് അതോറിറ്റി ആക്റ്റ് 1987 ലെ സെക്ഷൻ 12(ജി) അനുസരിച്ച് തടവുകാർക്ക് സൗജന്യമായി സ്റ്റേറ്റ് സ്പോൺസർ ചെയ്യുന്ന നിയമ സഹായ സേവനങ്ങൾക്ക് അർഹതയുണ്ട്. കോടതിയിൽ ഹാജരാക്കുന്ന സമയത്ത് തടവുകാരെ സൗജന്യമായി പ്രതിനിധീകരിക്കാൻ ഒരു അഭിഭാഷകനെ നൽകേണ്ടത് ബന്ധപ്പെട്ട നിയമസേവന അതോറിറ്റിയുടെ ഉത്തരവാദിത്തമാണ്. വിചാരണ നടപടികളിലും ഇത് ഉണ്ടാവേണ്ടതാണ്.

**46. നിയമ സേവന അതോറിറ്റി എന്താണ്?**

കസ്റ്റഡിയിലുള്ള വ്യക്തികൾ ഉൾപ്പെടെ യോഗ്യരായ എല്ലാ വ്യക്തികൾക്കും സൗജന്യ നിയമസഹായം നൽകുന്നതിന് ദേശിയ സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിൽ നിയമ സേവന അധികാരികൾ (ലീഗൽ സർവ്വീസ് അതോറിറ്റി) സർക്കാർ രൂപീകരിച്ചു. അറസ്റ്റിലായി 24 മണിക്കൂറിനുള്ളിൽ ആദ്യമായി കോടതിയിൽ ഹാജരാകുമ്പോൾ ഓരോ വ്യക്തിക്കും ഒരു അഭിഭാഷകനുണ്ടെന്ന് ഉറപ്പാക്കേണ്ടത് അവരുടെ ഉത്തരവാദിത്തമാണ്. കോടതിയിൽ ഹാജരാകുന്ന സമയത്ത് ഒരു തടവുകാരന് അഭിഭാഷകനില്ലെങ്കിൽ തടവുകാരനെ പ്രതിനിധീകരിക്കാൻ മജിസ്ട്രേറ്റ് നിയമസഹായ അഭിഭാഷകനെ നിയമിക്കേണ്ടത് നിർബന്ധമാണ്. ഒരു അഭിഭാഷകനില്ലാതെ ഒരു തടവുകാരനെ ജയിലിൽ പ്രവേശിപ്പിക്കുകയോ അല്ലെങ്കിൽ നിയുക്ത അഭിഭാഷകനു ഹാജരാകാൻ കഴിഞ്ഞില്ലെങ്കിലോ തടവുകാരന് ജയിൽ നിയമ സഹായ ക്ലീനിക്കുമായോ ഏതെങ്കിലും ജയിൽ ഉദ്യോഗസ്ഥനുമായോ ബന്ധപ്പെടാം. നിയമ സഹായത്തിനായി ഒരു അപേക്ഷ സമർപ്പിച്ചാൽ അവർക്ക് ഉചിതമായ നടപടികൾ കൈക്കൊള്ളാൻ കഴിയും.

**47. ഒരു തടവുകാരൻ നിയമ സഹായ അഭിഭാഷകന് എങ്ങനെ അപേക്ഷിക്കും?**

ജയിലിലെ നിയമ സഹായ ക്ലിനിക്കുകൾ നടത്തുന്ന നിയമ വിദഗ്ദ്ധരായ വോളന്റിയർമാരെ അല്ലെങ്കിൽ ജയിൽ സന്ദർശിക്കുന്ന അഭിഭാഷകരെ സമീപിക്കാൻ തടവുകാർക്ക് കഴിയും. കൂടാതെ ഇക്കാര്യം നിയമ സേവന അധികാരികളുടെ ശ്രദ്ധയിപ്പെടുത്തുന്നതിന് ജയിലിന്റെ ഈ ചുമതലയുള്ള ജയിൽ ഓഫീസറുമായോ വെൽഫെയർ ഓഫീസറുമായോ ബന്ധപ്പെടാവുന്നതാണ്.

**48. നിയമ സഹായ ദാതാക്കൾക്ക് സൗജന്യമായി നൽകാവുന്ന സേവനങ്ങൾ ഏതാണ്?**

സൗജന്യ നിയമ സേവനങ്ങളിൽ:

**എ)** കോടതി ഫീസും മറ്റ് എല്ലാ പ്രോസസ്സ് ഫീസുകളും അടയ്ക്കൽ

**ബി)** കോടതിയിൽ നിയമപരമായ പ്രാതിനിധ്യം

**സി)** ഓർഡറുകളുടെയും മറ്റ് രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നേടുക

**ഡി)** അപ്പീൽ തയ്യാറാക്കലും, പേപ്പർ ബുക്ക് എന്നിവയുൾപ്പെടെ നിയമ നടപടി കളുമായി ബന്ധപ്പെട്ട രേഖകളുടെ അച്ചടിയും വിവർത്തനവും ഉൾപ്പെടുന്നു.

**49. നിയമ സഹായ അഭിഭാഷകർക്ക് എന്തെങ്കിലും ഫീസ് നൽകേണ്ടതുണ്ടോ?**

തടവുകാർ നിയമ സഹായ അഭിഭാഷകർക്ക് ഫീസ് നൽകേണ്ടതില്ല. ഒരു അഭിഭാഷകൻ പണം ആവശ്യപ്പെടുകയാണെങ്കിൽ, തടവുകാരൻ ഇത് ബന്ധപ്പെട്ട നിയമ സേവന അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തണം.

**50. ഒരു നിയമ സഹായ അഭിഭാഷകനെ നിയമിച്ചിട്ടുണ്ടോ എന്ന് ഒരു തടവുകാരന് എങ്ങനെ അറിയാൻ കഴിയും?**


ഒരു അഭിഭാഷകനെ നിയമിക്കുമ്പോൾ, നിയമ സേവന അധികാരികൾ തടവുകാരന്, ജയിൽ അഡ്മിനിസ്ട്രേഷൻ അല്ലെങ്കിൽ പാരാലീഗൽ വോളന്റിയർ അല്ലെങ്കിൽ ജയിൽ സന്ദർശിക്കുന്ന അഭിഭാഷകൻ വഴി അറിയിപ്പ് കത്തുകൾ അയയ്ക്കേണ്ടതുണ്ട്. കത്തിൽ അഭിഭാഷകന്റെ പേരും അവരുടെ ബന്ധപ്പെടാനുള്ള വിശദാംശങ്ങളും അടങ്ങിയിരിക്കണം.

**51. തടവുകാർക്ക് അവരുടെ അഭിഭാഷകരെ സന്ദർശിച്ച് അവരുടെ കേസ് വിശദാംശങ്ങൾ ചർച്ച ചെയ്യാനും വിചാരണയ്ക്കുള്ള തയ്യാറെടുപ്പുകൾ നടത്താനും കഴിയുമോ?**

തടവുകാർക്ക് അവരുടെ അഭിഭാഷകനെ ജയിലിൽ സന്ദഅശിച്ച് അവരുടെ കേസ് ചർച്ചചെയ്യാനും ജാമ്യത്തിന് അപേക്ഷിക്കാനും വിചാര ണയ്ക്ക് തയ്യാറാകാനും അല്ലെങ്കിൽ അപ്പീലിനോ അവലോകന അപേക്ഷയ്ക്കോ വേണ്ട എഴുത്തുകുത്ത് നടത്തനും കഴിയും. തടവുകാർക്ക് കോടതിയിൽ ഹാജരാക്കുമ്പോൾ അവരുടെ അഭിഭാഷകനെ സന്ദർശിക്കാം. വീഡിയോ കോൺഫറൻസിംഗിലൂടെ ഒരു തടവുകാരനെ ഹാജരാക്കുകയാണെങ്കിൽ, വാദം കേൾക്കുന്നതിന് മുമ്പായി അവരുടെ അഭിഭാഷകനെ കാണാൻ അവരെ പ്രാപ്തരാക്കുന്നതിന് രേഖാമൂലം കോടതിയോട് അഭ്യർത്ഥിക്കാം.

**52. ജയിൽ നിയമ സഹായ ക്ലിനിക്ക് എന്താണ്?**

ദേശീയ നിയമ സേവന അതോറിറ്റിയുടെ നിലവിലുള്ള ചട്ടങ്ങൾക്കും, നിയമങ്ങൾക്കും അനുസൃതമായി ഇന്ത്യയിലെ ഓരോ ജയിലിലും നിയമ സഹായ ക്ലിനിക് ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. നിയമ സഹായ ദാതാക്കളാണ് ഈ ക്ലിനിക്കുകൾ നടത്തുന്നത്. നിയമപരമായി അറിവുള്ള സന്നദ്ധ പ്രവർത്തകർ, യോഗ്യതയുള്ള നിയമ സഹായ അതോറിറ്റി നിയോഗിച്ച ജയിൽ സന്ദർശിക്കുന്ന അഭിഭാഷകർ, പാരാ ലീഗൽ വോളന്റിയർമാർ ഒന്നുകിൽ പൊതു സമൂഹത്തിൽ നിന്നും അല്ലെങ്കിൽ കുറ്റവാളികളിൽ നിന്നും പാരാലീഗലുകൾ ആകാം. അല്ലെങ്കിൽ ഇവ രണ്ടും കൂടിച്ചേർന്നേക്കാം. തടവുകാർക്ക് അവരുടെ സ്വകാര്യ സിവിൽ കാര്യങ്ങളിൽ പോലും നിയമപരമായ സഹായത്തിനായി ജയിലിലെ നിയമ സഹായ ക്ലിനിക്കുകളെ സമീപിക്കാം.




## പ്രിസൺ ഡിസിപ്ലിൻ

**53. ജയിൽ കുറ്റകൃത്യങ്ങളെയും ശിക്ഷകളെയും നിയന്ത്രിക്കുന്ന നിയമങ്ങളോ ചട്ടങ്ങളോ നിലവിലുണ്ടോ?**

ജയിൽ കുറ്റങ്ങളും ശിക്ഷകളും സംസ്ഥാന ജയിൽ മാനുവലുകളിൽ നിർവ്വചിച്ചിരിക്കുന്നു. എല്ലാ തടവുകാർക്കും അനിയന്ത്രിതമായ ജയിൽ ശിക്ഷയ്ക്കെതിരായ സംരക്ഷണത്തിന് അവകാശമുണ്ട്.
ഇതിനർത്ഥം അച്ചടക്ക ലംഘനം ആരോപിക്കപ്പെടുന്നെങ്കിൽ, തടവുകാർക്ക്:

ക. ജയിൽ നിയമത്തിന്റെയും ചട്ടങ്ങളുടെയും ലംഘനത്തിന്റെ സ്വഭാവത്തെ കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ നൽകുക.
കക. പ്രതിരോധത്തിനായി നേരിൽ കേൾക്കുക.
കകക. അച്ചടക്ക നടപടിയിൻമേലുള്ള തീരുമാനത്തെ കുറിച്ച് അറിയിക്കുക.
കഢ. ആക്ടിന് കീഴിലുള്ള ചട്ടങ്ങളനുസരിച്ച്, നൽകിയിട്ടുള്ള അപ്പീൽ പരിശോധിച്ച് കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും അനുസരിച്ച് തടവുകാർക്കുള്ള ശിക്ഷ, ജയിൽ അച്ചടക്കത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ തീരുമാനിക്കുന്നു.

**54. ഏത് തരത്തിലുള്ള ജയിൽ ശിക്ഷകൾ നൽകാം?**

ജയിൽ ശിക്ഷ ചെറുതോ വലുതോ ആകാം. ചെറിയ ശിക്ഷകളിൽ ഔപചാരികമുന്നറിയിപ്പ് അല്ലെങ്കിൽ പ്രത്യേകാവകാശങ്ങൾ നിയന്ത്രിക്കുകയോ, നിശ്ചിത കാലത്തേക്ക് നഷ്ടപ്പെടുത്തുകയോ ചെയ്യുന്നു. ജുഡിഷ്യൽ വിലയിരുത്തലില്ലാതെ തടവുകാർക്ക് ശിക്ഷയോ ആനുകുല്യങ്ങളുടെ നിഷേധമോ ശിക്ഷാ നടപടികളുള്ള മറ്റ് ജയിലുകളിലേക്ക് മാറ്റാനോ പാടില്ല. ജയിൽ കുറ്റകൃത്യങ്ങളും ശിക്ഷകളും ഓരോ സംസ്ഥാനത്തിന്റെയും ജയിൽ മാനുവലുകളിൽ പ്രത്യേകമായി നൽകിയിട്ടുണ്ട്. ചില സംസ്ഥാനങ്ങളിൽ ജയിൽ ശിക്ഷയുടെ ഒരു രൂപമായി ഏകാന്ത തടവ് അനുവദനീയമാണ്.

**55. ഏകാന്ത തടവ് എന്താണ്?**

അർത്ഥവത്തായ മനുഷ്യ സമ്പർക്കം കൂടാതെ തടവുകാരെ പ്രതിദിനം 22 മണിക്കൂറോ അതിൽ കൂടുതലോ തടവിലാക്കുക എന്നതാണ് ഏകാന്ത തടവ്. ജയിലുകളുടെ ചുമതലയുള്ള ഉദ്യോസ്ഥർക്ക് ഏകാന്ത തടവ് നൽകാൻ വിവിധ ജയിൽ മാനുവലുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും, വിവിധ സുപ്രീം കോടതി

നിർദ്ദേശങ്ങൾ അനുസരിച്ച് ഇത് ഒരു യോഗ്യതയുള്ള കോടതിക്ക് മാത്രമേ നൽകാനാവൂ.

**56. തടവുകാരെ ഏകാന്ത തടവിൽ പാർപ്പിക്കുവാൻ കഴിയുമോ?**

ഇല്ല. ഇന്ത്യൻ പീനൽ കോഡ് 1860 നിർദ്ദേശിക്കുന്നത് ഏകാന്ത തടവിന്റെ കാലവധി 14 ദിവസത്തിൽ കവിയാൻ പാടില്ലെന്നും മാത്രമല്ല ആ കാലയളവിന്റെ ഇടവേള ഏതെങ്കിലും രണ്ട് ഏകാന്ത തടവുകളിൽ നിലനിൽക്കണമെന്നുമാണ്. സെഷൻസ് കോടതി ജഡ്ജിയുടെ അംഗീകാരമില്ലാതെ 30 ദിവസത്തിൽ കൂടുതൽ ഏകാന്ത തടവ് അനുവദിക്കാൻ കഴിയില്ല. ഒരു സാഹചര്യത്തിലും ഒരു കോടതി നൽകുന്ന ഏകാന്ത തടവ് മൂന്ന് മാസത്തിൽ കവിയരുത്.

**57. ഒരു ഐസലേഷൻ വാർഡിലും ഏകാന്ത തടവിലും കഴിയുന്നത് ഒരേ കാര്യമാണോ?**

ഇല്ല. അവ വ്യത്യസ്തമാണ്. സുരക്ഷയോ മറ്റ് കാര്യങ്ങളോ കാരണം ഒരു തടവുകാരനെ മറ്റുള്ളവരിൽ നിന്നും ഒറ്റപ്പെടുത്തുന്നതിന് ഒരു ഐസലേഷൻ വാർഡിൽ തടവിലാക്കേണ്ടതുണ്ട്. അത്തരം തടവുകാർക്ക് ഏകാന്ത തടവുകളുമായി ബന്ധപ്പെടുത്തുന്ന മറ്റ് നിയന്ത്രണങ്ങളൊന്നുംനേരിടേണ്ടി വരില്ല.

**58. തടവുകാരെ ചാട്ടവാറടി, കൈവിലങ്ങ്, കാൽ ചങ്ങല എന്നിവയ്ക്ക് വിധേയമാക്കാമോ?**

ഇല്ല. ഏതെങ്കിലും തടവുകാരനെ ചാട്ടവാറടി, ചമ്മട്ടിയടി, കൈവിലങ്ങ്, കാൽ ചങ്ങല എന്നിവ ഉപയോഗിച്ച് ശിക്ഷിക്കുന്നത് നിയമവിരുദ്ധമാണ്. സുപ്രീം കോടതിയുടെ നിരവധി നിർദ്ദേശങ്ങൾ അവയുടെ ഉപയോഗത്തിന് വിലക്കേർപ്പെടുത്തുന്നു. എന്നിരുന്നാലും, മിക്ക സംസ്ഥാനങ്ങളിലും ജയിൽ നിയമങ്ങൾ പരിഷ്ക്കരിക്കപ്പെട്ടിട്ടില്ല. മാത്രമല്ല ഈ ശിക്ഷകളെ കുറിച്ച് പരാമർശിക്കുകയും ചെയ്യുന്നു. ഒരു തടവുകാരന് തന്റെ അഭിഭാഷകനെ അറിയിക്കുക, കോടതിയിൽ അപേക്ഷ നൽകുക, ആ ജയിലിലെ സന്ദർശക സമിതിയിലെ അംഗങ്ങളെ അറിയിക്കുക എന്നിവയിലൂടെ അത്തരം ശിക്ഷകളെ ചോദ്യം ചെയ്യാൻ കഴിയും.


59. അച്ചടക്കം പാലിക്കാൻ ബലപ്രയോഗം അനുവദനീയമാണോ ?

ചില സാഹചര്യങ്ങളിൽ മാത്രമേ അത്തരം ബലപ്രയോഗമോ, ആയുധങ്ങളോ ഉപയോഗിക്കാൻ അനുവാദമുള്ളു. ഉദാഹരണത്തിന് ഒരു തടവുകാരൻ:

ക. രക്ഷപ്പെടുകയാണെങ്കിൽ, ജയിൽ ഉദ്യോഗസ്ഥർക്ക് രക്ഷപ്പെടൽ തടയാൻ കഴിയുന്നില്ലെങ്കിൽ.

കക. ജയിലിന്റെ പുറം കവാടമോ മതിലോ തുറക്കുവാനുള്ള ഏതെങ്കിലും ശ്രമത്തിൽ ഏർപ്പെടുകയാണെങ്കിൽ, അല്ലെങ്കിൽ

കകക. ജയിൽ ഉദ്യോഗസ്ഥർക്കെതിരായോ, മറ്റ് വ്യക്തിക്കെതിരായോ അല്ലെങ്കിൽ മരണത്തിനോ ഗുരുതരമായ പരിക്കിനോ കാരണമായേക്കാവുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടാൽ തടവുകാരന് നേരെ വെടിയുതിർക്കാൻ പോവുകയാണെന്ന് ഉറക്കെയും വ്യക്തവുമായ മുന്നറിയിപ്പ് നൽകിയതിനു ശേഷം മാത്രമേ തോക്കുകൾ ഉപയോഗിക്കാവു. ഉദ്ദേശിച്ച കുറ്റം ചെയ്യാൻ വ്യക്തിയെ കഴിവില്ലാത്തവനാക്കാൻ ആവശ്യമായ മിനിമം ബലം മാത്രമേ ഉപയോഗിക്കുന്നുള്ളുവെന്ന് ജയിൽ ഉദ്യോഗസ്ഥർ ഉറപ്പാക്കണം.




## പരാതി പരിഹാരം, പ്രിസൺ മേൽനോട്ടം

**60. ജയിലിൽ നേരിടുന്ന ഏതെങ്കിലും പ്രശ്നത്തിനെതിരെ ഒരു തടവുകാരന് പരാതിപ്പെടാൻ കഴിയുമോ?**

സാധിക്കും. ഏതൊരു തടവുകാരനും ജയിൽ ഉദ്യോഗസ്ഥരുടെ മോശം പെരുമാറ്റം, തടവുകാരെ ഭീഷണിപ്പെടുത്തൽ, ശ്രദ്ധിക്കപ്പെടാത്ത മെഡിക്കൽ-കുടുംബ-നിയമ, നിയമ സഹായ പ്രശ്നങ്ങൾ, അല്ലെങ്കിൽ ഭക്ഷണവും മറ്റ് ജീവിത സാഹചര്യങ്ങളും എന്നിവയെ കുറിച്ച് ഉചിതമായ അതോറിറ്റിക്ക് പരാതി നൽകാം.

**61. ഒരു തടവുകാരന് ഏത് അധികാരികളോട് പരാതിപ്പെടാം?**

ജയിലിലെ ഏതെങ്കിലും മുതിർന്ന ജയിൽ ഉദ്യോഗസ്ഥർക്കോ, ജയിലിലെ ഇൻസ്പെക്ടർ ജനറലിനോ, സർക്കാരിനോ, ജുഡീഷ്യറിയിലോ പരാതിക്കാർക്ക് പരാതി നൽകാം. ജയിലുകൾ നിരീക്ഷിക്കാൻ നിർബന്ധിതരായ സന്ദർശക സമിതിയിൽ ഉൾപ്പെടുന്ന ജയിൽ സന്ദഅശകനോടും അവർക്ക് പരാതിപ്പെടാം. തങ്ങളുടെ പരാതികൾ ജില്ലാ സെഷൻസ് ജഡ്ജി അല്ലെങ്കിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറി അല്ലെങ്കിൽ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി ഉൾപ്പെടെയുള്ള മറ്റേതെങ്കിലും ജുഡീഷ്യൽ ഓഫീസർമാരെയും അറിയിക്കാൻ കഴിയും, ഒരു മാസത്തിൽ ഒരിക്കൽ അവരുടെ അധികാരപരിധിയിലെ ജയിലുകൾ സന്ദഅശി!ാൻ അവർ നിയമപരമായി ബാധ്യസ്ഥരാണ്.

**62. പരാതി പരിഹാര സംവിധാനം എന്താണ്?**

തടവുകാർക്ക് പരാതി നൽകാൻ ഓരോ ജയിലിലും ഒരു ആക്റ്റീവ് പരാതി പരിഹാര സംവിധാനം (Grievance Redressal System) ഉണ്ടായിരിക്കണമെന്ന് മോഡൽ ജയിൽ മാനുവൽ 2016 വ്യക്തമാക്കുന്നു. തടവുകാർക്ക് രേഖാമൂലമുള്ള അപേക്ഷകൾ നിക്ഷേപിക്കാൻ ജയിലിൽ സൗകര്യപ്രദവും കേന്ദ്രീകൃതവുമായ സ്ഥലങ്ങളിൽ പരാതി ബോക്സുകൾ ശുപാർശ ചെയ്യുന്നു. പരാതിപ്പെട്ടി പൂട്ടിയിരിക്കണം, താക്കോൽ ഡെപ്യൂട്ടി സൂപ്രണ്ടിന്റെ കസ്റ്റഡിയിൽ മാത്രം. നിയമ സേവന അതോറിറ്റികളും സമാനമായ ബോക്സുകൾ സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ ഇവയുടെ താക്കോലുകൾ ജില്ലാ നിയമ സേവന അതോറിറ്റിയുടെ സെക്രട്ടറിയുടെ കൈവശം സൂക്ഷിക്കേണ്ടതുണ്ട്.

**63. ആർക്കാണ് ജയിലുകൾ പരിശോധിക്കാൻ കഴിയുക?**

ജയിലുകളുടെയും ശിക്ഷാ നടപടികളുടെയും പതിവ് പരിശോധനയ്ക്കുള്ള ദ്വിമുഖ സംവിധാനമുണ്ട്. ശിക്ഷാ നടപടികളുടേയും തിരുത്തൽ സേവനങ്ങളുടെയും ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനും തടവുകാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, നയങ്ങൾ, നടപടിക്രമങ്ങൾ എന്നിവ അനുസരിച്ച് ജയിലുകൾ കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ജയിൽ മേൽനോട്ട സംവിധാനങ്ങളിൽ ഇവ ഉൾപ്പെടണം:

(എ) സംസ്ഥാന ജയിൽ ഭരണകൂടം നടത്തുന്ന ആഭ്യന്തരം അല്ലെങ്കിൽ ഭരണപരമായ പരിശോധന,

(ബി) ജയിൽ ഭരണത്തിൽ നിന്ന് സ്വതന്ത്രമായ ഒരു സമിതി നടത്തുന്ന ബാഹ്യ പരിശോധന, അതിൽ അന്തർദ്ദേശീയ പ്രാദേശിക സംഘടനകൾ ഉൾപ്പെടാം.

**64. ജയിൽ പരിശോധന നടത്താൻ ഏത് ബാഹ്യ സംഘടനകൾക്ക് കഴിയും?**

ജുഡീഷ്യൽ ഓഫീസർമാർ, പ്രത്യേകിച്ച് ജില്ലാ ജഡ്ജിമാരും, സുപ്രീം കോടതിയിലെ ഉയർന്ന ജുഡീഷ്യൽ അംഗങ്ങളും, എക്സ് ഒഫിഷ്യോ അഥവാ അനൗദ്യോഗിക സന്ദർശകരും (എൻ.ഒ.വി) അടങ്ങുന്ന ബോർഡ് ഓഫ് വിസിറ്റേഴ്സ് (ബി.ഒ.വി), അണ്ടർ ട്രയൽ റിവ്യൂ കമ്മിറ്റി (യു.റ്റി.ആർ.സി), ദേശീയ, സംസ്ഥാന നിയമ സേവന അധികാരികൾ (എൻ .എൽ .എസ്. എ/എസ്. എൽ.എസ്.എ) ദേശിയ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകൾ എന്നിങ്ങനെ ജയിലിന് പുറത്ത് നിരവധി ഏജൻസികൾ പതിവായി ജയലുകൾ സന്ദർശിക്കാൻ നിബന്ധിതരാണ്.

**65. ബോർഡ് ഓഫ് വിസിറ്റേഴ്സ് (ബി.ഒ.വി) അംഗങ്ങൾ ആരാണ്?**

ജയിൽ നിയമങ്ങൾ അനുസരിച്ച് വിവിധ സംസ്ഥാനങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കാവുന്ന ബോർഡ് ഓഫ് വിസിറ്റേഴ്സിന്റെ ഇനി പറയുന്ന ഘടനയിലേക്ക് മോഡൽ പ്രിസൺ മാനുവൽ 2016 വിരൽ ചൂണ്ടുന്നു:

**ഔദ്യോഗിക അംഗങ്ങൾ** – ജില്ലാ സെഷൻസ് കോടതി ജഡ്ജി, അല്ലെങ്കിൽ സബ് ഡിവിഷണൽ ജുഡീഷ്യൽ മജിസ്ട്രേറ്റ്, സർക്കാർ ഉദ്യോഗസ്ഥർ-ജില്ലാ മജിസ്ട്രേറ്റ് / ജില്ലാ കളക്ടർ അല്ലെങ്കിൽ സബ് ഡിവിഷണൽ ഓഫീസർ, ജില്ലാ പോലീസ് സൂപ്രണ്ട്, ആരോഗ്യ വകുപ്പിന്റെ ചീഫ് മെഡിക്കൽ ഓഫീസർ അല്ലെങ്കിൽ സബ് ഡിവിഷണൽ തലത്തിൽ സബ് ഡിവിഷണൽ മെഡിക്കൽ ഓഫീസർ, എക്സിക്യൂട്ടീവ് എൻഞ്ചീനിയർ, പൊതുമരാമത്ത് വകുപ്പ് അല്ലെങ്കിൽ അസിസ്റ്റന്റ് എൻഞ്ചീനിയർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, ജില്ലാ കാർഷിക ഓഫീസർ, ജില്ലാ വ്യവസായ ഓഫീസർ.

**അനൗദ്യോഗിക അംഗങ്ങൾ** – ലെജിസ്ലേറ്റീവ് അസംബ്ലിയിലെ 3 അംഗങ്ങൾ ഉണ്ടായിരിക്കും അതിൽ ഒരാൾ ഒരു സ്ത്രീയായിരിക്കും, സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ നോമിനി, ജില്ലാ / സബ് ഡിവിഷനിലെ രണ്ട് സാമൂഹിക പ്രവർത്തകർ, അവരിൽ ഒരാൾ ജയിലുകളുടെ ഭരണത്തിലും തടവുകാരുടെ ക്ഷേമത്തിലും താൽപ്പര്യമുള്ള ഒരു സ്ത്രീയായിരിക്കും. കൗൺസിലിംഗ്, നിയമം, വൈദ്യം തുടങ്ങിയ മേഖലകളിൽ നിന്നും അനൗദ്യോഗിക സന്ദർശകരെ എടുക്കാം. ഇത്തരത്തിൽ ജില്ലാ, സബ്

ജയിലുകൾക്ക് അനൗദ്യോഗിക സന്ദർശകരുടെ എണ്ണം വ്യത്യാസമാണ്, അവർക്ക് ഒരു നിശ്ചിത കാലാവധിയുണ്ട്.

**66. സന്ദർശക ബോർഡിന്റെ (ബി.ഒ.റ്റി) പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?**

ജയിൽ അവസ്ഥകൾക്ക് മേൽ നിരീക്ഷണം നടത്താനും ജയിലുകൾ പതിവായി സന്ദർശിക്കാനും, തടവുകാരുടെ ആവലാതികൾ പരിഹരിക്കാനും ബന്ധപ്പെട്ട അധികാരികൾക്ക് ജയിൽ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് ശുപാർശകൾ നൽകാനും ഈ ബോർഡ് ഓഫ് വിസിറ്റേഴ്സ് നിർബന്ധിതമാണ്. ജയിൽ സൗകര്യങ്ങൾ (ബാരക്കുകൾ, വർക്ക് ഷെഡുകൾ, മറ്റ് കെട്ടിടങ്ങൾ) ജയിൽ ഭക്ഷണത്തിന്റെ അളവും ഗുണനിലവാരവും, ജയിൽ അടുക്കളകളുടെയും, ആശുപത്രികളുടെയും അവസ്ഥ, ജലവിതരണം, സാനിറ്ററി ക്രമീകരണം, മരുന്നുകളുടെ ലഭ്യത, ആശുപത്രി മാനേജ്മെന്റ്, മെഡിക്കൽ ചികിത്സ എന്നിവയും ബോർഡ് പരിശോധിക്കുന്നു. തൊഴിൽ പരിശീലനം, സാക്ഷരത, ലൈബ്രറി സൗകര്യങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ, ജയിൽശിക്ഷ, വ്യക്തിപരവും കൂട്ടായതുമായ തടവുകാരുടെ ആവലാതികൾ, നിവേദനങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ പരിശോധിക്കുന്നു. ജയിൽ രേഖകൾ വിലയിരുത്തുന്നു. ജയിലുകൾ ഇടയ്ക്കിടെ സന്ദർശി!ുന്നതിലൂടെ നിയമപരമായ നടപടി ക്രമങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും തിരുത്തൽ ജോലികൾക്ക് ശുപാർശ നൽകുകയും ചെയ്യുന്നു. അവരുടെ പ്രവർത്തനങ്ങൾ ജയിലുകൾക്ക് സുതാര്യതയും തുറന്ന മനസും നൽകുന്നു.

**67. എന്താണ് അണ്ടർ ട്രയൽ റിവ്യൂ കമ്മിറ്റി (യു.റ്റി.ആർ.സി)?**

1382 ജയിലുകളിലെ മനുഷ്യത്വരഹിതമായ വ്യവസ്ഥകൾക്കെതിരെയുള്ള പരാതികളിൻമേൽ 2015 ഏപ്രിലിൽ സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം എല്ലാ ജയിലുകളിലും അണ്ടർട്രയൽ റിവ്യൂ കമ്മിറ്റി (യു.ടി.ആർ.സി) രൂപീകരിച്ചു. എല്ലാ തടവുകാരുടെയും കേസുകൾ ആനുകാലികമായി അവലോകനം ചെയ്യാും അനാവശ്യമായി തടങ്കലിൽ വയ്ക്കുന്ന കേസുകൾ കണ്ടെത്താനും അവരുടെ മോചനത്തിന് ഉചിതമായ നടപടികൾ ശുപാർശ ചെയ്യാനും യു.റ്റി.ആർ.സി കൾ നിർബന്ധിതമാണ്. ഓരോ മൂന്ന് മാസത്തിലും ഒരിക്കൽ അവർ യോഗം ചേരണം.

**68. യു.റ്റി.ആർ.സി അംഗങ്ങൾ ആരാണ്?**

ജില്ലാ & സെഷൻസ് ജഡ്ജി (ചെയർ പേഴ്സൺ), ജില്ലാ മജിസ്ട്രേറ്റ്, പോലീസ് സൂപ്രണ്ട്, ജയിലുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറി എന്നിവരടങ്ങുന്ന 5 അംഗങ്ങളുള്ള സമിതിയാണ് യു.റ്റി.ആർ.സി.

**69. യു.റ്റി.ആർ.സി കൾ ഏത് വിഭാഗത്തിലുള്ള കേസുകൾ കൈകാര്യം ചെയ്യന്നു?**

യു.റ്റി.ആർ.സി അവലോകനം ചെയ്യുന്നതിന് ഇനിപ്പറയുന്ന വിഭാഗത്തിലുള്ള തടവുകാർക്ക് അർഹതയുണ്ട്.

ക. ക്രിമിനൽ പ്രൊസീജിയർ കോഡ് 1973 (സി.ആർ.പി.സി) യുടെ സെക്ഷൻ 436 എ പ്രകാരം അർഹമായ അണ്ടർ ട്രയലുകൾ.

കക. സി.ആർ.പി.സി യിലെ സെക്ഷൻ 436 പ്രകാരം അർഹമായ അണ്ടർ ട്രയലുകൾ.

കകക. കോടതി ജാമ്യത്തിൽ വിട്ടയച്ചെങ്കിലും ജാമ്യം നൽകാൻ കഴിയാത്ത അണ്ടർ ട്രയലുകൾ.

കഢ. സി.ആർ.പി.സി യിലെ സെക്ഷൻ 167 (2) (മ) (ശ) (ശശ) വകുപ്പ് പ്രകാരം ജാമ്യത്തിൽ വിടാൻ അർഹരായ അണ്ടർ ട്രയലുകൾ.

- എ. 90 ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടില്ല.
- ബി. 60 ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടില്ല.
- സി. 180 ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടില്ല. (1995 ലെ എൻ.ഡി.പി.എസ് നിയമത്തിലെ സെക്ഷൻ 36 എ യും സി.ആർ.പി.സി സെക്ഷൻ 167 ഉം അനുസരിച്ചുള്ളവ സെക്ഷൻ 19 അല്ലെങ്കിൽ സെക്ഷൻ 27 എ അല്ലെങ്കിൽ വാണിജ്യപരമായ അളവ് ഉൾപ്പെട്ട കുറ്റങ്ങളിൽ ഉൾപ്പെട്ടവർ).

ഢ. 107, 108, 109, 151 സി.ആർ.പി.സി വകുപ്പ് പ്രകാരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുമെന്നു കരുതി തടവിലാക്കപ്പെട്ടവർ.

ഢക. പ്രൊബേഷൻ ഒഫൻഡേഴ്സ് ആക്ടിന്റെ സെക്ഷൻ 3 ൽ ഉൾപ്പെടുന്ന. ഇന്ത്യൻ പീനൽ കോഡ് 1860 (ഐ.പി.സി) യുടെ 379, 380, 381, 404, 420 അല്ലെങ്കിൽ 2 വർഷത്തിൽ കൂടുതൽ തടവ് ശിക്ഷാ ലഭിക്കാവുന്ന കുറ്റമാണെന്ന് ആരോപിക്കപ്പെട്ട അണ്ടർ ട്രയലുകൾ.

ഢകക. കോമ്പൗണ്ടബിൾ കുറ്റങ്ങൾ ആരോപിക്കപ്പെടുന്ന അണ്ടർ ട്രയലുകൾ.

ഢകകക.പ്രൊബേഷൻ ഒഫൻഡേഴ്സ് ആക്ട് 1958 പ്രകാരം മോചനത്തിന് പരിഗണിക്കപ്പെടാൻ അർഹതയുള്ള 2 വർഷം വരെ പരമാവധി ശിക്ഷിക്കാവുന്ന കുറ്റാരോപണത്തിൽ ഉൾപ്പെട്ട വിചാരണ തടവുകാർ.

കത. അണ്ടർ ട്രയൽ വനിതാ കുറ്റവാളികൾ.

ത. 437 സിആർ.പി.സി പ്രകാരം ജാമ്യം ലഭിക്കാവുന്ന വിധം അസുഖ ബാധിതരോ ബലഹീനരോ പ്രത്യേകതരം ചികിത്സ ആവശ്യമായവരോ ആയ വിചാരണ തടവുകാർ

തക. മാനസിക രോഗമുള്ള അണ്ടർ ട്രയൽസ്

തകക. 1958 ലെ പ്രൊബേഷൻ ഒഫൻഡേഴ്സ് ആക്ട് പ്രകാരം 19 നും 21 നും ഇടയിൽ പ്രായമുള്ളവരും 7 വർഷത്തിനു താഴെ ശിക്ഷ ലഭിക്കാവുന്ന കുറ്റാരോപണത്തിന് റിമാന്റ് ചെയ്യപ്പെട്ടവരും ആകെ ശിക്ഷാ കാലത്തിന്റെ 1/4 ജയിലിലായിരുന്നതിനാൽ മോചനത്തിന് പരിഗണിക്കാവുന്നവരുമായ ആദ്യ കുറ്റവാളികൾ


തകകക.മജിസ്ട്രേറ്റിനു മുന്നിൽ വിചാരണ നടപടികൾക്ക് വിധേയനാക്കപ്പെട്ട നോൺ ബെയിലബിൾ കേസിലെ വിചാരണ ഋജഇ വകുപ്പ് 437 (യ) പ്രകാരം തെളിവിനായി തീരുമാനിക്കപ്പെട്ട ആദ്യ ദിവസം മുതൽ 60 ദിവസത്തിനകം പൂർത്തിയാക്കാനാവാത്ത വിചാരണപ്രതി.

തകഢ. ശിക്ഷാ വിധി പൂർണ്ണമാക്കിയതോ അല്ലെങ്കിൽ ശിക്ഷായിളവ് നൽകി മോചനം അനുവദിച്ചതിനാൽ മോചിപ്പിക്കാൻ അർഹരായവരോ ആയ കുറ്റവാളികൾ.

**70. ജയിലുകൾ നിരീക്ഷിക്കാൻ ജുഡീഷ്യറിക്ക് ഉത്തരവാദിത്വമുണ്ടോ?**

ജുഡീഷ്യറിയുടെ ഭാഗത്തു നിന്നും ജയിലുകൾ പതിവായി പരിശോധിക്കാനും അന്തർവകുപ്പുതല മേൽ നോട്ടത്തിനുള്ള നിർദ്ദേശകരായി പ്രവർത്തിക്കാനും ചുമതലയുള്ള പ്രധാനനോട്ട നിർവ്വഹകരാണ് ജില്ലാ ജഡ്ജിമാർ. ജയിലിനുള്ളിലെ ആരോഗ്യപരിപാലനം, നിയമവിരുദ്ധ തടങ്കലിൽ വയ്ക്കൽ, തടവുകാരുടെ ആവലാതികൾ എന്നിവ അവലോകനം ചെയ്യുകയും റിപ്പോർട്ടു ചെയ്യുകയും ജയിലിനുള്ളിൽ തടവുകാർക്ക് സംഭവിക്കുന്ന പരിക്കുകൾ, മരണങ്ങൾ, അല്ലെങ്കിൽ ജയിൽ ശിക്ഷകൾ എന്നിവ അന്വേഷിക്കുകയും ചെയ്യുന്ന കമ്മിറ്റികളുടെ ഭാഗമാണ് അവർ.

ജയിലുകളിലേക്ക് റിമാൻഡ് ചെയ്യപ്പെടുന്ന തടവുകാർ ജുഡീഷ്യൽ കസ്റ്റഡിയിലാണ്, കോടതികൾ അവരുടെ പ്രധാന സൂക്ഷിപ്പുകാരായതിനാൽ, തടവുകാരുടെ നിയമപരമായ ക്ഷേമം ഉറപ്പാക്കാൻ അവർ നിർബന്ധിതരാണ്. ജയിൽ ഭരണ നിർവ്വഹണത്തിനുള്ള മാനദണ്ഡങ്ങൾ തടവുകാരിൽ പ്രത്യേകിച്ചും ദുർബലരായ വിഭാഗത്തോടുള്ള പെരുമാറ്റ രീതികൾ, നിയമപരമായ പ്രക്രിയകളിലേക്കുള്ള നടപടികൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതും അവർക്ക് പരിശോധിക്കാം.



## പരോൾ, ഫർലോ, റിമിഷൻ, പ്രിമെച്ച്വർ റിലീസ്

**71. എന്താണ് പരോൾ?**

കുടും പരമായുള്ള ബാധ്യതകൾ നിറവേറ്റുന്നതിനായി അവരുടെ കുടുംബങ്ങളുമായും സാമൂഹിക ബന്ധം നിലനിർത്താൻ പ്രാപ്തരാക്കുന്നതിനായി സമൂഹവുമായും ഇടപഴകാൻ തടവുകാരനെ ഹ്രസ്വകാലത്തേക്ക് മോചിപ്പിക്കുന്നതാണ് പരോൾ. പരോളിലായിരിക്കുമ്പോൾ ജയിലിന് പുറത്ത് ഒരു തടവുകാരൻ ചെലവഴിച്ച കാലയളവ് അവരുടെ ശിക്ഷയുടെ ഭാഗമായി കണക്കാക്കപ്പെടുന്നില്ല. അതിനാൽ ഈ കാലയളവ് അവർക്ക് കൂടുതലായി ജയിലിൽ കഴിയേണ്ടിവരും.

**72. എന്താണ് ഫർലോ / ലീവ് (അവധി)?**

ഒരു നിശ്ചിത വർഷം തടവ് പൂർത്തിയാക്കിയ ശേഷം ഒരു തടവുകാരന് അർഹതയുള്ളതും നല്ല പെരുമാറ്റവും അച്ചടക്കവും പ്രകടിപ്പിച്ചിട്ടുണ്ടെങ്കിൽ അത് കണക്കിലെടുത്ത് ഒരു ഹ്രസ്വകാലത്തേക്ക് ഒരു തടവുകാരനെ മോചിപ്പിക്കുന്നതാണ് ഫർലോ/ ലീവ് ( അവധി). ജയിലുകളിലെ നല്ല പെരുമാറ്റത്തിനുള്ള ഒരു പ്രോത്സാഹനമാണിത്. ജയിലിന് പുറത്ത് തടവുകാരൻ ചെലവഴിച്ച കാലയളവ് ശിക്ഷയായി കണക്കാക്കുന്നു.

**73. കുടുംബത്തിലെ അടിയന്തിര സാഹചര്യങ്ങളിൽ തടവുകാർക്ക് താൽക്കാലിക മോചനം തേടാമോ?**

കുടുംബത്തിലെ അടിയന്തിര സാഹചര്യങ്ങളിൽ ഹ്രസ്വ-താൽക്കാലിക അവധി അല്ലെങ്കിൽ അടിയന്തിര ലീവ് ജയിൽ വകുപ്പ് മേധാവിക്ക് നൽകാം. സാധാരണയായി, ഇനിപ്പറയുന്ന കാരണങ്ങളാൽ അവധി അഭ്യർത്ഥിക്കാം:

(1) തടവുകാരന്റെ കുടും ത്തിലെ ഒരാൾ മരിച്ചു അല്ലെങ്കിൽ ഗുരുതരമായ രോഗം - അല്ലെങ്കിൽ തടവുകാരൻ തന്നെ ഗുരുതരാവസ്ഥയിലാണ്

(2) തടവുകാരനോ അടുത്ത ബന്ധുവോ വിവാഹിതനാകുന്നു

(3) ഉഴുക, വിതയ്ക്കൽ അല്ലെങ്കിൽ വിളവെടുക്കുക പോലുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് ഇത് ആവശ്യമാണ്

(4) മതിയായ മറ്റെന്തെങ്കിലും കാരണമുണ്ടെങ്കിൽ

**74. താൽക്കാലിക മോചനത്തിന് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം എന്താണ്?**

താൽക്കാലിക അവധി ലഭിക്കാൻ ആഗ്രഹിക്കുന്ന തടവുകാരൻ അവരുടെ അപേക്ഷ ജയിൽ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് സമർപ്പിക്കണം. ചുമതലയുള്ള ഉദ്യോഗസ്ഥൻ യോഗ്യതയുമായി ബന്ധപ്പെട്ട് പ്രസ്തുത കേസ് പരിശോധിക്കുകയും യോഗ്യതയുള്ള അതോറിറ്റിക്ക് അപേക്ഷ കൈമാറുകയും ചെയ്യും. അവർ ജില്ലാ മജിസ്ട്രേറ്റ് വഴി ജില്ലാ പോലീസ് സൂപ്രണ്ടിന് (എസ്.പി) അപേക്ഷ അയയ്ക്കും. എസ്.പി തന്റെ റിപ്പോർട്ട് ജില്ലാ മജിസ്ട്രേറ്റ് വഴി യോഗ്യതയുള്ള അതോറിറ്റിക്ക് തിരികെ സമർപ്പിക്കണം. നിർദ്ദിഷ്ട റിലീസ് കാരണങ്ങളോട് അദ്ദേഹം വിയോജിക്കുന്നുവെങ്കിൽ അദ്ദേഹത്തിന്റെ പ്രതികരണത്തിൽ അവ പരാമർശിക്കേണ്ടതാണ്. യോഗ്യതയുള്ള അതോറിറ്റി അപേക്ഷയുടെമേൽ തീരുമാനമെടുക്കും. അയാളുടെ അപേക്ഷയുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും തടവുകാരനെ അറിയിക്കേണ്ടതാണ്. അവധി ലഭിക്കുന്നതിന്, ഒരു തടവുകാരനോട് ക്യാഷ് സെക്യൂരിറ്റിയോ, വ്യക്തിഗത ബോണ്ടോ ഉൾപ്പെടെയുള്ള ചില നിബന്ധനകൾ അംഗീകരിക്കാൻ ആവശ്യപ്പെടാം. ഒരു നിശ്ചിത സ്ഥലത്ത് താമസിക്കാൻ സമ്മതിക്കുക, മോചിത കാലയളവിൽ നല്ല പെരുമാറ്റം പാലി ക്കുക, റിലീസ് കാലയളവ് അവസാനിക്കുമ്പോൾ ജയിലിലേക്ക് മടങ്ങാൻ സമ്മതിക്കുക എന്നിവയൊക്കെ നിബന്ധനകളിൽ ഉൾപ്പെടാം.

**75. എന്താണ് ശിക്ഷയിളവ്?**

തടവുകാർക്ക് നല്ല പെരുമാറ്റത്തിനും ജയിൽ നിയമങ്ങൾ പാലിക്കുന്നതിനും പോയിന്റുകളോ ദിവസങ്ങളോ നൽകുന്ന ഒരു സംവിധാനമാണ് റിമിഷൻ. ഈ പോയിന്റുകൾ നേടുമ്പോൾ, ഒരു തടവുകാരന്റെ ശിക്ഷ അവസാനിക്കുകയോ, ചുരുക്കുകയോ ചെയ്യുന്നു. അങ്ങനെ യഥാർത്ഥ തടവ് കാലാവധി കുറയ്ക്കുന്നു. നല്ല പെരുമാറ്റത്തിന് ഓരോ മാസവും, ഒരു തടവുകാരന്റെ ശിക്ഷ അയാളുടെ റിമിഷൻ റെക്കോർഡിൽ ചേർത്ത പോയിന്റുകൾ / ദിവസങ്ങൾ കണക്കിലെടുത്ത് ഒരു നിശ്ചിത ദിവസത്തേക്ക് കുറയ്ക്കാൻ കഴിയും. ഒരാളുടെ ശിക്ഷയുടെ മൂന്നിലൊന്ന് പരമാവധി ഇത്തരത്തിൽ നേടാനാകും.

**76. വ്യത്യസ്ത തരത്തിലുള്ള ശിക്ഷായിളവുകൾ ഏതെല്ലാം?**

ശിക്ഷയിളവ് മൂന്ന് തരത്തിലാകാം:

എ) ജയിൽ നിയമം 1894 ലെ വ്യവസ്ഥകൾ അല്ലെങ്കിൽ സംസ്ഥാനത്തെ ബന്ധപ്പെട്ട ജയിലുകളുടെ നിയമവും അതിനനുസരിച്ചുള്ള ചട്ടങ്ങളും.

ബി) വകുപ്പ് 432 സി.ആർ.പി.സി. പ്രകാരം ഉചിതമായ സർക്കാർ അനുവദിച്ച ശിക്ഷ ഇളവ്.

സി) 1950 ലെ ഭരണഘടനയുടെ ആർട്ടിക്കിൾ 72 അല്ലെങ്കിൽ 161 പ്രകാരം രാഷ്ട്രത്തലവന്റെ/ഗവർണറുടെ റിമിഷൻ.

**77. ജയിൽ അധികൃതർക്ക് എന്ത് തരത്തിലുള്ള ശിക്ഷയിളവുകളാണ് നൽകാൻ കഴിയുക?**

ജയിൽ അധികൃതരുടെ റിമിഷൻ ഇനിപ്പറയുന്ന തരത്തിലാകാം:

എ) സാധാരണ റിമിഷൻ: ജയിൽ സൂപ്രണ്ടിന് അല്ലെങ്കിൽ അദ്ദേഹത്തിന് വേണ്ടി നാമനിർദ്ദേശം ചെയ്ത ഏതെങ്കിലും ഉദ്യോഗസ്ഥന് ഇത് അനുവദിക്കാം. സംസ്ഥാന ജയിൽ മാനുവലുകളിൽ അത് നൽകാന ുള്ള യോഗ്യതകളും സ്കെയിലുകളും നൽകിയിട്ടുണ്ട്. സാധാരണഗതി യിൽ, രണ്ട് മാസമോ അതിൽ കൂടുതലോ തടവ് ശിക്ഷ അനുഭവിക്കുന്ന തടവുകാർക്ക് സാധാരണ റെമിഷൻ ലഭിക്കാൻ അർഹതയുണ്ട്. നല്ല പെരുമാറ്റത്തിന് ഒരു കലണ്ടർ മാസത്തിൽ മൂന്ന് ദിവസം വരെയും, ജോലിയുടെ പ്രകടനത്തിന് മൂന്ന് ദിവസവും, രാത്രി കാവൽക്കാ രായി ജോലി ചെയ്യുന്ന വർക്ക് എട്ട് ദിവസവും, ഒരു വർഷം മുഴുവൻ ജയിൽ കുറ്റം ചെയ്യാത്തതിന് 30 വാർഷിക ദിനങ്ങളും സ്കെയിലുകൾ അനുസരിച്ച് പരമാവധി ലഭിക്കാം.

ബി) പ്രത്യേക റിമിഷൻ: ജയിൽ സൂപ്രണ്ടിന്റെ ശുപാർശ പ്രകാരം ജയിൽ വകുപ്പ് മേധാവിക്ക് ഇത് അനുവദിക്കാം. സംസ്ഥാന ജയിൽ മാനുവലുകളിൽ അത് നൽകാൻ യോഗ്യതകളും, സ്കെയിലുകളും നൽകിയിട്ടുണ്ട്. സാധാരണ ഗതിയിൽ തടവുകാരുടെ മെറിറ്റോറി യസ് ജോലികൾക്ക് പ്രത്യേക റെമിഷൻ നൽകുന്നതിലൂടെ പ്രതിഫലം

ലഭിക്കും. ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജയിൽ സന്ദർശകന്റേയോ, തടവുകാരന്റേയോ ജീവൻ രക്ഷിക്കുക, തടവുകാരുടെ രക്ഷപ്പെടൽ തടയുക, തീ, കലാപം, പണിമുടക്ക് തുടങ്ങിയ അടിയന്തിര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ജയിൽ ഉദ്യോഗസ്ഥരെ സഹായിക്കുക, സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ മികച്ച സംഭാവന, അല്ലെങ്കിൽ വിദ്യാഭ്യാസം അല്ലെങ്കിൽ നല്ല ജോലി തുടങ്ങിയവ ഇതിൽ ഉൾപ്പെടാം. വ്യവസായം, കൃഷി അല്ലെങ്കിൽ മറ്റേതെങ്കിലും വികസന പരിപാടി അല്ലെങ്കിൽ തൊഴിൽ പരിശീലനം എന്നിവയിൽ സാമർഥ്യം കാണിക്കുന്നതും പരിഗണിക്കാം. പ്രത്യേക റിമിഷൻ സാധാരണയായിഒരു കലണ്ടർ വർഷത്തിൽ 30 ദിവസത്തിൽ കൂടരുത്.

**78. അകാല വിടുതൽ എന്താണ്?**

തടവുകാരെ അവരുടെ യഥാർത്ഥ തടവ് കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് മോചിപ്പിക്കുക എന്നതാണ് അകാല മോചനം. ഇത് ഇനിപ്പറയുന്ന തരത്തിലാകാം:

എ) സി.ആർ.പി.സി യിലെ സെക്ഷൻ 433 പ്രകാരം ജീവപര്യന്തം തടവോ മറ്റ് തടവുശിക്ഷയോ അനുഭവിക്കുന്ന തടവുകാരുടെ ശിക്ഷാ പരിവർത്തനം ചെയ്യുന്നതിലൂടെ

ബി) സി.ആർ.പി.സി യിലെ സെക്ഷൻ 432 പ്രകാരം തടവുകാരന്റെ ശിക്ഷാ കാലാവധി കുറയ്ക്കുന്നതിലൂടെ

സി) ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 72 അല്ലെങ്കിൽ 161 പ്രകാരം അധികാരം പ്രയോഗിച്ച് രാഷ്ട്രത്തലവൻ / ഗവർണ്ണർ ശിക്ഷയിളവ് അനുവദിക്കുന്നതിലൂടെ

ഡി) നല്ല പെരുമാറ്റമുള്ള തടവുകാരെ അവരുടെ ശിക്ഷയുടെ ഒരു ഭാഗം സേവിച്ചതിന് ശേഷം മോചിപ്പിക്കാൻ വിട്ടുകൊടുക്കാൻ സംസ്ഥാനം നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക നിയമപ്രകാരം മോചിപ്പിക്കുന്നതിലൂടെ

**79. അകാല മോചനം അനുവദിക്കുന്നതിനുള്ള പ്രക്രിയ എന്താണ്?**

ഓരോ സംസ്ഥാനത്തിനും ഉചിതമായ കേസുകളിൽ കുറ്റവാളികളെ നേരത്തേ മോചിപ്പിക്കാൻ ശുപാർശ നൽകുന്ന ഒരു കമ്മിറ്റി ഉണ്ട്. ശിക്ഷാ അവലോകന ബോർഡുകൾ, സംസ്ഥാനതല സമിതികൾ തുടങ്ങി വിവിധ പേരുകളിൽ ഈ സമിതികൾ അറിയപ്പെടുന്നു. അത്തരം കമ്മിറ്റികളുടെ ഘടന സംസ്ഥാനങ്ങളിൽ വ്യത്യസ്തമാണ്. സാധാരണയായി, ജയിൽ വകുപ്പ് മേധാവി, ഒരു മുതിർന്ന പോലീസ് ഉദ്യോഗസ്ഥൻ, ജയിലുകളുടെ ചുചമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറി, ചീഫ് പ്രൊബേഷൻ ഓഫീസർ എന്നിവരും ഇതിൽ ഉൾപ്പെടുന്നു. കമ്മിറ്റി പതിവായി യോഗം ചേർന്ന് മോചിപ്പിക്കാൻ യോഗ്യരായ തടവുകാരുടെ കേസുകൾ പരിഗണിക്കുന്നു.

ജയിലിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ അർഹരായ കേസുകൾ പരിഗണിച്ച് അകാല മോചന നടപടികൾ ആരംഭിക്കുകയും അത്തരം ഓരോ തടവുകാർക്കും വേണ്ടി സമഗ്രമായ കുറിപ്പുകൾ തയ്യാറാക്കുകയും വേണം. കുറിപ്പിൽ അവരുടെ കുടും വും സാമൂഹികവുമായ പശ്ചാത്തലം, അവരുടെ കുറ്റകൃത്യത്തിന്റെ വിശദാംശങ്ങൾ, കുറ്റം ചെയ്ത സാഹചര്യങ്ങൾ എന്നിവ ഉൾപ്പെടുന്നു. ജയിലിൽ ആയിരിക്കുമ്പോൾ തടവുകാരന്റെ സ്വഭാവവും, പെരുമാറ്റവും സംബന്ധിച്ചും ശാരീരികവും മാനസികവുമായ ആരോഗ്യത്തെക്കുറിച്ചും കുറിപ്പ് പ്രതിപാദിക്കുന്നു.

**80. എല്ലാ തടവുകാർക്കും അകാല മോചനത്തിന് അവകാശമുണ്ടോ?**

ഇല്ല, എല്ലാ തടവുകാർക്കും അകാലത്തിൽ മോചിപ്പിക്കപ്പെടാനുള്ള അവകാശമില്ല. എന്നിരുന്നാലും, ആ സംസ്ഥാനത്തെ നിയമങ്ങൾ അനുസരിച്ച് 14 അല്ലെങ്കിൽ 20 വർഷം (ജീവപര്യന്തം അനുഭവിക്കുന്നവരുടെ) അല്ലെങ്കിൽ ഒരാളുടെ ശിക്ഷയുടെ ഒരു നിശ്ചിത അനുപാതം പോലുള്ള ഒരു നിശ്ചിത കാലയളവ് പൂർത്തിയാകുമ്പോൾ, തടവുകാർക്ക് അകാല മോചനത്തിനായി പരിഗണിക്കപ്പെടാനുള്ള അവകാശമുണ്ട്.



## ശിക്ഷ നടപ്പാക്കൽ, ജയിൽ മാറ്റങ്ങൾ, റിലീസ് എന്നിവ നടപ്പിലാക്കൽ

**81. തടവ് ശിക്ഷ എങ്ങനെയാണ് കണക്കാക്കുന്നത്.?**

ശിക്ഷാ കാലങ്ങളുടെ ദൈർഘ്യം കലണ്ടർ വർഷങ്ങൾ, മാസങ്ങൾ, ദിവസങ്ങൾ എന്നിവയിൽ കണക്കാക്കുന്നു. ജീവപര്യന്തം എന്നത് ഒരാളുടെ ജീവിതകാലം മുഴുവൻ തടവ് എന്നതാണ്. ഒരാളുടെ ശിക്ഷ കാലഹരണപ്പെടുന്ന തീയതി കണക്കാക്കുമ്പോൾ, ശിക്ഷ പാസാക്കിയ ദിവസം, മോചിത ദിവസം എന്നിവ രണ്ടും തടവ് ദിവസങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, ജനുവരി 1 മുതൽ ഒരു മാസം വരെ തടവ് അനുഭവിക്കുന്ന തടവുകാരനെ ജനുവരി 31 ന് വിട്ടയക്കും. ഫെബ്രുവരി 1 അല്ല. ഒരു സാഹചര്യത്തിലും കോടതി വാറന്റിൽ സൂചിപ്പിച്ചിരിക്കുന്ന കാലയളവിനപ്പുറം തടവുകാരനെ ജയിലിൽ അടയ്ക്കേണ്ടതില്ല.

**82. ഒരേ സമയം തുടർച്ചയായി അനുഭവിക്കുന്നതും, അനുവദിക്കുന്നതുമായ ശിക്ഷകൾ ഏതാണ്?**

ഒന്നിലധികം കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ട തടവുകാർക്ക് ഒരേ സമയം അല്ലെങ്കിൽ തുടർച്ചയായി ശിക്ഷ അനുഭവിക്കാൻ കോടതി ഉത്തരവിട്ടേക്കാം. ആദ്യത്തേതിൽ, എല്ലാ ശിക്ഷാകാലവും ഒരേസമയം അനുഭവിക്കുന്നു. എന്നാൽ രണ്ടാമത്തേതിൽ ശിക്ഷാകാലം സമാഹരിക്കുന്നു. ഉദാഹരണത്തിന് അഞ്ച്, ഏഴ് വർഷം തടവിന് ശിക്ഷിക്കപ്പെട്ട തടവുകാരൻ ഒരേ സമയം ശിക്ഷ അനുഭവിക്കുകയാണെങ്കിൽ 7 വർഷവും അത് തുടർച്ചയായി അനുഭവിക്കുമ്പോൾ 12 വർഷവും വേണ്ടിവരുന്നു. പിഴ അടയ്ക്കുന്നതിന് പകരമായ വ്യത്യസ്ത തടവ് ശിക്ഷകൾ ഒരേസമയം അനുഭവിക്കാൻ കഴിയില്ല.

**83. ഒരു തടവുകാരനെ മറ്റൊരു ജയിലിലേക്ക് മാറ്റാൻ കഴിയുന്നത് എപ്പോഴാണ്?**

വിവിധ കാരണങ്ങളാൽ തടവുകാരെഒരു ജയിലിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റാം. ഇവയിൽ ഇനി പറയുന്നവ ഉൾപ്പെടാം:

എ) മെഡിക്കൽ കാരണങ്ങൾ

ബി) വിചാരണ നേരിടുന്നതിനോ തെളിവുകൾ നൽകുന്നതിനോ വേണ്ടി കോടതിയിൽ ഹാജരാക്കുന്നതിന്

സി) അവരുടെ സ്വന്തം ജില്ലയുമായി കൂടുതൽ അടുക്കാൻ

ഡി) സുരക്ഷ, ചെലവ് മുതലായവയുടെ അടിസ്ഥാനത്തിൽ

ഇ) മാനുഷിക കാരണങ്ങളാലോ അവരുടെ പുനരധി വാസത്തിന്റെ സൗകര്യത്തിനോ.

**84. തടവുകാരനെ ജയിലിൽ നിന്ന് മോചിപ്പിക്കുമ്പോൾ എന്ത് സംഭവിക്കും?**


വിട്ടയക്കുന്ന ദിവസം, പ്രവേശന രജിസ്റ്ററിലോ ജയിൽ മാനേജ്മെന്റ് സിസ്റ്റത്തിലോ രേഖപ്പെടുത്തിയിരിക്കുന്ന വിശദാംശങ്ങൾ വച്ച് ഒരു തടവുകാരന്റെ ഐഡന്റിറ്റി പരിശോധിക്കുന്നു. ജയിലിൽ പ്രവേശിപ്പിക്കുമ്പോൾ അവരുടെ കൈവശമുണ്ടായിരുന്ന പണമോ ആഭരണങ്ങളോ പോലുള്ള വിലപിടിപ്പുള്ള സ്വത്ത് അവർക്ക് തിരികെ നൽകുന്നു. പാസ് ബുക്കുകൾ മുതലായപ്രസക്തമായ രേഖകളും തിരികെ നൽകുന്നു. തടവിൽ കഴിയുമ്പോൾ ലഭിക്കുന്ന വേതനം തടവുകാരുടെ അക്കൗണ്ടിലേക്ക് അയയ്ക്കുന്നു. ഇല്ലെങ്കിൽ മുഴുവൻ തുകയും മോചിപ്പിക്കപ്പെടുന്ന സമയത്ത് തടവുകാരന് കൈമാറുന്നു.

ഈ നടപടിക്രമങ്ങൾ പൂർത്തിയാകുമ്പോൾ, സൂപ്രണ്ട് അല്ലെങ്കിൽ ചുമതലയുള്ള ഓഫീസർ മോചനത്തിന് അന്തിമ അനുമതി നൽകുന്നു. തടവുകാരന്റെ പേര് റിലീസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ജയിൽ മാനേജ്മെന്റ് സോഫ്റ്റ് വെയറിൽ ഔട്ട് എന്ന് അടയാളപ്പെടുത്തുകയും ചെയ്യുന്നു. തടവുകാരൻ അവരുടെ ഒപ്പും ഇടത് തള്ളവിരലും രജിസ്റ്ററിൽ രേഖപ്പെടുത്തണം. കുറ്റവാളികൾക്ക് മോചനത്തിന് ശേഷം ഒരു റിലീസ് സർട്ടിഫിക്കറ്റും നൽകുന്നു.

തടവ് ശിക്ഷ പൂർത്തിയാക്കിയ ശേഷം വിട്ടയച്ചിട്ടില്ലെങ്കിൽ തടവുകാർ ഉടൻ തന്നെ ജയിൽ ഉദ്യോഗസ്ഥരേയും അവരുടെ അഭിഭാഷകരേയും നിയമ സഹായ അധികാരികളേയും അവരുടെ കുടുംബാംഗങ്ങളെയും അറിയിക്കണം. ഒരു തടവുകാരന് ഇക്കാര്യങ്ങൾ സൂപ്രണ്ടിനെ അറിയിക്കുകയും അയാളുടെ മോചനം വൈകുന്നതിന് കാരണങ്ങൾ അറിയിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യാം. സന്ദർശിക്കുന്ന ഏതെങ്കിലും ജുഡീഷ്യൽ ഓഫീസർമാരോട് പ്രശ്നം ഉന്നയിക്കാനോ അണ്ടർ ട്രയൽ റിവ്യൂ കമ്മിറ്റി അംഗങ്ങൾക്ക് കത്തെഴുതാനോ ഹൈക്കോടതി ചീഫ് ജിസ്റ്റീസിന് ഒരു കത്ത് അയക്കാനോ കഴിയും.

**85. തടവ് ശിക്ഷ പൂർത്തിയാക്കിയ ശേഷം മോചിപ്പിക്കപ്പെടുന്നില്ലെങ്കിൽ ആർക്കാണ് തടവുകാരൻ പരാതി നൽകേണ്ടത്?**

തടവ് ശിക്ഷ പൂർത്തിയാക്കിയ ശേഷം വിട്ടയച്ചിട്ടില്ലെങ്കിൽ തടവുകാർ ഉടൻ തന്നെ ജയിൽ ഉദ്യോഗസ്ഥരെയും തങ്ങളുടെ അഭിഭാഷകരെയും കുടുംബാംഗങ്ങളെയും നിയമ സഹായ അധികാരികളെയും അറിയിക്കണം. തടവുകാരന് ഇത് സംബന്ധിച്ച് സൂപ്രണ്ടിനെ അറിയിക്കാവുന്നതും മോചനം വൈകുന്നതിന് കാരണങ്ങൾ തേടാവുന്നതുമാണ്. ജയിൽ സന്ദർശിക്കുന്നതിന് അധികാരപ്പെട്ട ഏതെങ്കിലും ജൂഡീഷ്യൽ ഓഫീസർമാരുടെ മുന്നിൽ പ്രശ്നം ഉന്നയിക്കാനോ അണ്ടർ ട്രയൽ റിവ്യൂ കമ്മിറ്റി അംഗങ്ങൾക്ക് കത്തെഴുതാനോ ഹൈക്കോടതി ചീഫ് ജസ്റ്റിസിന് ഒരു കത്ത് അയയ്ക്കാനോ കഴിയും.



## പ്രത്യേക ആവശ്യങ്ങളുള്ള തടവുകാർ

**86. ജയിലിൽ ദുർബലരായ ഗ്രൂപ്പുകൾ ഏതാണ്?**

ചില ഗ്രൂപ്പുകൾ ജയിലുകളിൽ ദുർബലമായ അവസ്ഥയിലാണ്. അതിനാൽ കൂടുതൽ പരിചരണവും സംരക്ഷണവും അവർക്ക് ആവശ്യമാണ്. അപര്യാപ്തമായ സൗകര്യങ്ങളും അവരുടെ പ്രത്യേക ആവശ്യങ്ങൾ പരിഹരിക്കുന്നതിന് സ്പെഷ്യലിസ്റ്റ് പരിചരണത്തിന്റെ അഭാവവും കാരണം ചില ആളുകൾക്ക് തടവ് അനുഭവിക്കുമ്പോൾ കൂടുതൽ കഷ്ടത അനുഭവപ്പെടാം. അത്തരം ഗ്രൂപ്പുകൾക്ക് അവരുടെ വംശീയത, ദേശീയത, വൈകല്യം, ലിംഗഭേദം, ലൈംഗിക ആഭിമുഖ്യം എന്നിവ കാരണം അപമാനം, ശാരീരികവും മാനസികവുമായ ദുരുപയോഗം, അക്രമം എന്നിവ അനുഭവപ്പെടാം. ഈ ദുർബല വിഭാഗങ്ങളിൽ സ്ത്രീകൾ, തടവുകാരുടെ മക്കൾ, വിദേശീയ തടവുകാർ (എഫ്.എൻ.പി), വധശിക്ഷ കാത്ത് കഴിയുന്ന തടവുകാർ, യുവ കുറ്റവാളികൾ, ശാരീരികമോ മാനസികമോ ആയ ഭിന്നശേഷിയുള്ളവർ, അല്ലെങ്കിൽ വൃദ്ധരും ബലഹീനരുമായ തടവുകാർ എന്നിവരും ഉൾപ്പെടുന്നു.

**87. ദുർബലരായ ഓരോ ഗ്രൂപ്പിനും എന്ത് പ്രത്യേക ശ്രദ്ധ നൽകാനാകും?**

1. സ്ത്രീകൾ
   - എ) വനിതാ ഉദ്യോഗസ്ഥരുടെ മാത്രം പരിചരണത്തിൽ വനിതാ തടവുകാരെ പ്രത്യേകം പാർപ്പിക്കണം
   - ബി) ജയിലിൽ പ്രവേശിക്കുന്ന സമയത്ത്, ഒരു വനിതാ

തടവുകാരിയെ ഒരു വനിതാ ഡോക്ടർ മാത്രം പരിശോധിച്ച് വനിതാ ഉദ്യോഗസ്ഥർ ദേഹ പരിശോധന നടത്തണം. പ്രവേശന സമയത്ത് അവൾ ഗർഭിണിയാണെന്ന് കണ്ടെത്തിയാൽ, ശരിയായ ഗൈനക്കോളജിക്കൽ പരിശോധന നടത്തണം. അതിനുശേഷം പ്രസവത്തിന് മുമ്പുള്ള മതിയായ പരിചരണം, പ്രസവാനന്തര പരിചരണം എന്നിവ നൽകണം. അവർക്ക് പ്രത്യേക ഭക്ഷണവും നൽകണം.

സി) വൃത്തിയും ശുചിത്വവും സ്ത്രീകളുടെ ആരോഗ്യത്തെക്കുറിച്ചുള്ള പ്രധാന ആശങ്കകളാണ്. അവർക്ക് ജയിലിൽ സ്വയം ശുചിത്വത്തിന് മതിയായ സ്വകാര്യത നൽകണം.

2. തടവുകാരുടെ മക്കൾ.

എ) ജയിലിൽ ഒരു കുട്ടിയുടെ ജനനം: ജയിലിൽ ജനിച്ചു എന്ന വസ്തുത പരാമർശിക്കാതെ പ്രാദേശിക ജനന രജിസ്ട്രേഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യണം.

ബി) ഒരു കുട്ടിക്ക് അവരുടെ അമ്മയോടൊപ്പം അല്ലെങ്കിൽ അപൂർവ സന്ദർഭങ്ങളിൽ, അവരുടെ പിതാക്കൻമാർക്കൊപ്പം ആറുവയസുവരെ ജയിലിൽ കഴിയാം. അതിന് ശേഷം അവരെ കുടുംബത്തിലേക്ക് അയയ്ക്കാം. അല്ലെങ്കിൽ അവർക്ക് പോകാൻ മറ്റ് സ്ഥലമില്ലെങ്കിൽ ഒരുഅഭയ കേന്ദ്രത്തിലേക്ക് വിടാവുന്നതാണ്.

സി) ജയിലിലുള്ള കുട്ടികൾക്ക് പ്രാദേശിക കാലാവസ്ഥയ്ക്ക് അനുയോജ്യമായ വസ്ത്രങ്ങൾ നൽകണം. അവരുടെ പ്രായത്തിനനുസൃതമായ കലോറി ആവശ്യകതകൾ കണക്കിലെടുത്ത് പ്രത്യേക ഡയറ്റ് നൽകണം. കൂടാതെ പോളിയോ ഉൾപ്പെടെയുള്ള രോഗപ്രതിരോധകുത്തിവയ്പ്പുകൾ നൽകണം.

ഡി) വനിതാ തടവുകാരുടെ കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസവും വിനോദ അവസരങ്ങളും നൽകണം. അവരുടെ അമ്മമാർ ജയിലിൽ ജോലി ചെയ്യുമ്പോൾകുട്ടികളെഒരുമേട്രൺഅല്ലെങ്കിൽവനിതാ വാർഡറുടെ ചുമതലയിൽ ക്രഷസ് / നഴ്സറി സ്കൂളുകളിൽ സൂക്ഷിക്കണം.

3. യുവ കുറ്റവാളികൾ.

എ) 18 നും 21 നും ഇടയിൽ പ്രായമുള്ള യുവ കുറ്റവാളികളെ മറ്റ് കുറ്റവാളികളുമായിബന്ധപ്പെടാതെ വെവ്വേറെ സൂക്ഷിക്കണം.

ബി) 18 വയസ്സിന് താഴെയുള്ള ഏതൊരു വ്യക്തിയേയും ജയിലിനകത്ത് നിർത്താൻ കഴിയില്ല. ഒരു തടവുകാരൻ യുവാവല്ലെന്നു പ്രത്യക്ഷത്തിൽ കാണപ്പെടുകയോ, അത്തരത്തിൽ ചെറുപ്പമാണെന്ന് അവകാശപ്പെടുകയോ ചെയ്താൽ നിയമപരമായ അറിയിപ്പ് നിയമ സേവനഅതോരിറ്റിക്കും, കോടതിയ്ക്കും നൽകിയശേഷം പ്രാദേശിക ശിശുക്ഷേമ സമിതിയിലേക്ക് റഫർ ചെയ്യണം.

സി) അവരുടെ വളർച്ചക്ക് ആവശ്യമായ സമീകൃതാഹാരം നൽകണം.

ഡി) ആരോഗ്യ വിദ്യാഭ്യാസം, സൂമൂഹികവും ധാർമ്മികവുമായ വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, കലാ-കരകൗശല വിദ്യാഭ്യാസം എന്നീ വിദ്യാഭ്യാസാവശ്യങ്ങൾക്കും ശാരീരികക്ഷമതയ്ക്കും പ്രത്യേക ഊന്നൽ നൽകുന്ന അധ്യയന രീതി യുവ കുറ്റവാളികളുടെകാര്യത്തിൽ സ്വീകരിക്കണം

4. വിദേശ തടവുകാർ.( എഫ്.എൻ.പി)

എ) വിദേശ തടവുകാർ ജയിലിൽ പ്രവേശിച്ച ഉടൻ

സൂപ്രണ്ട് ബന്ധപ്പെട്ട രേഖകൾ സഹിതം അവർ തടവറയിലുള്ളതിനെ കുറിച്ചുള്ള ശരിയായ വിവരങ്ങൾ അവരുടെ എംബസികളെ അറിയിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ബി) വിദേശികൾ ജയിലിൽ പ്രവേശിച്ചയുടനെ കോൺസുലേറ്റ് ഉദ്യോഗസ്ഥരോട് ആശയ വിനിമയം നടത്താനുള്ള സൗകര്യങ്ങൾ നൽകണം. കാലതാമസമില്ലാതെ അവരുടെ ആശയവിനിമയം അവരുടെ കോൺസുലേറ്റുകളിലേക്ക് അയക്കണം. (അനുവദനീയമായ സെൻസർഷിപ്പിന് വിധേയമായി).

സി) എഴുതുന്നതിനായി തപാൽ സ്റ്റാമ്പുകൾ വാങ്ങാനും അവരെ അനുവദിക്കാം. വിദേശരാജ്യങ്ങളിലെ കുടുംബാംഗങ്ങൾ, ബന്ധുക്കൾ, അല്ലെങ്കിൽ സുഹൃത്തുക്കൾക്കുള്ള കത്തുകൾ ജയിലിൽ പണമടച്ചില്ലെങ്കിൽ, സ്റ്റാമ്പുകൾ ജയിൽ വിതരണം ചെയ്യണം.

ഡി) എഫ്.എൻ.പി കൾക്ക് അവരുടെ കുടുംബങ്ങളുമായി ബന്ധപ്പെടാൻ സുരക്ഷാ ചട്ടങ്ങൾക്ക് വിധേയമായി വീഡിയോ കോൺഫറൻസിംഗും ഇ – മെയിൽ സൗകര്യങ്ങളും ഉപയോഗിക്കാൻ അനുവദിക്കാം.

ഇ) ജയിലിൽ എഫ്.എൻ.പി പ്രവേശിച്ച ഉടൻ ദേശിയത സംബന്ധിച്ച് സ്ഥിരീകരണം നടത്തുന്നതിനുള്ള പ്രക്രിയ ആരംഭിക്കണം.

5. ഭിന്നശേഷിക്കാരും മാനസിക രോഗികളുമായ തടവുകാർ

എ) ജയിലിലെ സൗകര്യങ്ങൾ, പ്രോഗ്രാമുകൾ, സേവനങ്ങൾ എന്നിവയ്ക്ക് ഭിന്നശേഷിക്കാരായ തടവുകാർക്ക് തുല്യ അവകാശമുണ്ട്.

ബി) ജയിലിലെ അച്ചടക്ക നടപടി സംബന്ധിച്ച ഹിയറിംഗുകളിലും, ക്ലാസിഫിക്കേഷൻ സംബന്ധിച്ച ഹിയറിംഗുകളിലും, വിദ്യാഭ്യാസ തൊഴിൽ പരിപാടികളിലും ശ്രവണ വൈകല്യമുള്ള തടവുകാർക്ക് ആംഗ്യഭാഷാ വ്യഖ്യാതാക്കളുടെ സേവനങ്ങൾ നൽകണം.

സി) മാനസിക രോഗികളായ തടവുകാർക്ക് ശരിയായ ചികിത്സ സഹായം നൽകുകയും, നീണ്ടു നിൽക്കുന്നതോ, അനിശ്ചിത കാലമോ തടങ്കലിൽ വയ്ക്കുന്നത് ഒഴിവാക്കാൻ വേണ്ടി അവരുടെ കേസുകൾ ഇടയ്ക്കിടെ അവലോകനം ചെയ്യുകയും വേണം.

6. വധശിക്ഷ കാത്ത് കഴിയുന്ന തടവുകാർ.

എ) അവർക്ക് അവരുടെ കുടുംബവുമായിട്ടും, ആവശ്യമെങ്കിൽ ഒരു ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ബന്ധുക്കൾ, സുഹൃത്തുക്കൾ, അല്ലെങ്കിൽ അഭിഭാഷകർ എന്നിവരുമായിട്ടും ആഴ്ചയിൽ ഒരിക്കൽ അല്ലെങ്കിൽ കൂടുതൽ തവണ അഭിമുഖം അനുവദിക്കണം.

ബി) അവർ പിൻതുടരുന്ന മതവിശ്വാസമനുസരിച്ചുള്ള പുരോഹിതന് അവരെ സന്ദർശിക്കാൻ അനുവദിക്കണം.

സി) അവർക്ക് മത പുസ്തകങ്ങൾ, ചിത്രങ്ങൾ ചിഹ്നങ്ങൾ എന്നിവയും, പത്രങ്ങൾ, സ്റ്റേഷണറി ഇനങ്ങൾ എന്നിവയും അനുവദിക്കണം.

ഡി) അവരെ പ്രത്യേക സെല്ലിൽ രാവും പകലും ഒരു കാവൽക്കാരന്റെ ചുമതലയിൽ പാർപ്പിക്കണം.

# ക്രമിനൽ വിചാരണയുടെ ഘട്ടങ്ങൾ

**88. എന്താണ് ഒരു വിചാരണ?**

ഒരു കേസിലെ വസ്തുതകളും തെളിവുകളും പരിശോധിക്കാൻ ഉള്ള പ്രക്രിയയാണ് വിചാരണ. പ്രോസിക്യൂഷൻ മുന്നോട്ട് വയ്ക്കുന്ന വാദങ്ങൾ, എതിരെയുള്ള പ്രതിരോധങ്ങൾ ഇവയെ അടിസ്ഥാനമാക്കി ഒരു ന്യായാധിപൻ തീരുമാനമെടുക്കുന്നു.

**89. ഒരു വിചാരണയുടെ വിവിധ ഘട്ടങ്ങൾ എന്തൊക്കെയാണ്?**

**1**

**അറസ്റ്റ്:**
ഒരു വ്യക്തി അയാൾ/ അവൾ ഒരു കുറ്റം ചെയ്തു അല്ലെങ്കിൽ ചെയ്യാൻ പോവുകയാണ് എന്ന ന്യായമായ കാരണങ്ങളാൽ അറസ്റ്റ് ചെയ്യപ്പെടാവുന്നതാണ്. അറസ്റ്റിനു ശേഷം അവനെ/ അവളെ പോലീസ് സ്റ്റേഷനിലേക്ക് കോണ്ട് പോകും. ബെയിലബിൾ കുറ്റമാണെങ്കിൽ അവനെ / അവളെ പോലീസ് സ്റ്റേഷനിൽ നിന്ന് തന്നെ ഉടനടി ജാമ്യംനൽകുവാൻ പോലീസിന് കഴിയും.

**2**

**പ്രൊഡക്ഷൻ:**
അറസ്റ്റ് ചെയ്യപ്പെട്ട് 24 മണിക്കൂറിനുള്ളിൽ തന്നെ അവനെ / അവളെ പോലീസ് മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കണം. കോടതിയിൽ പോലീസ് അന്വേഷണ വിവരങ്ങൾ സമർപ്പിക്കും. ചില നേരത്ത് അവനെ/ അവളെ കസ്റ്റഡിയിൽ സൂക്ഷിക്കാൻ കൂടുതൽ സമയം അഭ്യർത്ഥിക്കുവാനും, അന്വേഷണം തുടരുവാനും പോലീസിനു സാധിക്കും. പ്രമാണങ്ങളുടെ പരിശോധനയ്ക്ക് ശേഷം മജിസ്ട്രേറ്റ് അവനെ / അവളെ പോലീസ് സ്റ്റേഷൻ (പോലീസ് കസ്റ്റഡി) ലേക്ക് തിരികെ അയച്ചേക്കാം. അല്ലെങ്കിൽ അവനെ / അവളെ ജയിലിലേക്ക് (ജുഡീഷ്യൽ കസ്റ്റഡി) അയക്കാം. അതും അല്ലെങ്കിൽ ജാമ്യം അനുവദിക്കുകയോ, അയാളുടെ/അവളുടെ പേരിൽ ചുമത്തിയ കുറ്റത്തിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത് അയാളുടെ/അവളുടെ മോചനത്തിന് ഉത്തരവിടുകയോ ആകാം.

**3**

**ചാർജ്ജ്:**
അവന്റെ/ അവളുടെ മേൽ രോപിക്കുന്ന കുറ്റത്തിന്റെ ഔദ്യോഗിക അറിയിപ്പാണ് ചാർജ്ജ്. അന്വേഷണം പൂർത്തിയായി കഴിയുമ്പോൾ പോലീസ് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നു. പരിശോധനയ്ക്ക് ശേഷം കുറ്റപത്രത്തിൽ മേൽ കോടതി ചാർജ്ജ് ഉണ്ടാക്കുകയും കോടതിയിൽ അവൻ/ അവൾ കേൾക്കെ വായിക്കുകയും അവന്/ അവൾക്ക് കോടതി ചാർജ്ജിൽ പറഞ്ഞിട്ടുള്ള കുറ്റ കൃത്യത്തിന്റെ കാര്യത്തിൽ അവൻ/അവൾ കുറ്റം ചെയ്തിട്ടുണ്ടോ എന്ന് തീരുമാനിക്കാനും, കുറ്റം ചെയ്തെങ്കിൽ അതും അല്ലെങ്കിൽ നിരപരാധി ആണെങ്കിൽ അതും കോടതി മുമ്പാകെ വാദിക്കാനും സാധിക്കും.

**4**

**വിചാരണ:**
അവൻ/ അവൾ കുറ്റം സമ്മതിക്കുന്നില്ലെങ്കിൽ കേസ് വിചാരണയ്ക്കായി പോസ്റ്റ് ചെയ്യുന്നു. വിചാരണയിൽ ഇനി പറയുന്ന ഘട്ടങ്ങൾ ഉൾപ്പെടുന്നു:

- സി.ആർ.പി.സി 313 പ്രകാരമുള്ള പ്രതികളുടെ പ്രസ്താവന,
- വാചികവും രേഖാപരവുമായ തെളിവുകൾ
- പ്രോസിക്യൂഷന്റെയും, പ്രതിഭാഗം അഭിഭാഷകരുടെയും വാദങ്ങൾ,
- ന്യായവിധിയുടെ പ്രസ്താവം.

**5**

**ശിക്ഷ / വിടുതൽ:**
വിചാരണ പൂർത്തിയാക്കിയ ശേഷം കോടതി ഒന്നുകിൽ കുറ്റകൃത്യത്തിൽ കുറ്റക്കാരനല്ലെന്ന് കണ്ടെത്തുകയും അയാൾ / അവൾ കുറ്റവിമുക്തനാക്കപ്പെടുകയും ചെയ്യും ( ജയിലിലാണെങ്കിൽ മോചിപ്പിക്കപ്പെടുകയും / കസ്റ്റഡിയിൽ നിന്ന് മോചിപ്പിക്കപ്പെടുകയും ചെയ്യും) അല്ലെങ്കിൽ അവൻ / അവൾ കുറ്റക്കാരനാണെന്ന് വിധിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യും.

**6**

**അപ്പീൽ:**
വിധിന്യായം മൂലം നഷ്ടം സംഭവിച്ച വാദി/ പ്രതിഭാഗത്തിന് വെറുതേ വിടുന്നതിനോ ശിക്ഷിക്കുന്നതിനോ, ശിക്ഷ കുറവ് ചെയ്യുന്നതിനോ അപേക്ഷിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ അപ്പീൽ നൽകാം.

**90. തടവുകാരെ കോടതികൾക്കു മുന്നിൽ ഹാജരാക്കേണ്ട ഉത്തരവാദി ആരാണ്? അവരുടെ കേസുകൾ കേൾക്കുന്ന രീതിയിൽ?**

ഓരോ തടവുകാരനും വാദം കേൾക്കുന്ന രീതിയിൽ കോടതിയിൽ ഹാജരാകണം. പ്രൊഡക്ഷൻ ഹീയറിംഗിനായി, അതായത്, കുറ്റപത്രം സമർപ്പിക്കുന്നതിന് മുൻപ് തടവുകാർക്ക് ജയിലുകളിൽ വീഡിയൊ കോൺഫറൻസിംഗ് സൗകര്യങ്ങൾ ഉണ്ടെങ്കിൽ അതു വഴിയോ അല്ലാതെയൊ കോടതിയിൽ ഹാജരാകാൻ അവകാശമുണ്ട്. എന്നിരുന്നാലും അവിടെ നേരിട്ട് ഹാജരാകാൻ ആവശ്യപ്പെടുകയോ അല്ലെങ്കിൽ കോടതി വിചാരണയിൽ ഹാജരാകണം എന്ന് നിർദ്ദേശമുണ്ടെങ്കിലോ തടവുകാരെ കോടതിയിലേക്കും ജയിലിലേക്കും കൊണ്ട് പോകാൻ പോലീസിന് ഉത്തരവാദിത്തമുണ്ട്. തടവുകാരെ കോടതിയിൽ കൊണ്ട് പോകുവാൻ മതിയായ പോലീസ് ഗാർഡുകൾ ആവശ്യപ്പെട്ടു കൊണ്ട് ജയിൽ ഭരണകൂടം പോലീസിന് അഭ്യർത്ഥന നൽകേണ്ടതാണ്.

**91. തടവുകാരെ കോടതിയിൽ ഹാജരാക്കിയില്ലെങ്കിൽ അവർക്ക് എന്തു ചെയ്യാൻ സാധിക്കും?**

എസ്‌ക്കോർട്ടുകളുടെ അഭാവമോ മറ്റ് ഭരണപരമായ കാരണങ്ങളോ കാരണം അവരെകോടതിയിലേക്ക് കൊണ്ട് പോയെങ്കിലും കോടതിയിൽ സൂക്ഷിച്ചു കൊണ്ട് നേരിട്ട് ശാരീരികമായി മജിസ്‌ട്രേറ്റിന് മുന്നിൽ ഹാജരാക്കുന്നില്ലെങ്കിലൊ, വീഡിയോ കോൺഫറൻസിംഗിലൂടെ കേസുകൾക്കായി ഹാജരാക്കുകയും എന്നാൽ ജുഡീഷ്യൽ ഓഫീസറുമായി സംവദിക്കാനുള്ള അവസരം നൽകുന്നില്ല എങ്കിലോ, അത്തരം സാഹചര്യങ്ങളിൽ ഉടൻ തന്നെ അഭിഭാഷകൻ അല്ലെങ്കിൽ ജയിൽ നിയമ സഹായ ക്ലിനിക്ക് അംഗങ്ങൾ മുഖേന തടവുകാരൻ കോടതിയിൽ ഹാജരാകാത്തത് സംബന്ധിച്ചും കോടതിയിൽ ശാരീരികമായി ഹാജരാകാൻ അഭ്യർത്ഥിച്ചു കൊണ്ടും അപേക്ഷ സമർപ്പിക്കണം.

**92. കോഗ്നിസിബിൾ-നോൺ കോഗ്നിസിബിൾ കുറ്റകൃത്യങ്ങൾ എന്തൊക്കെയാണ്?**

കോഗ്നിസിബിൾ കുറ്റം എന്നാൽ ഒരു പോലീസ് ഉദ്യോഗസ്ഥന് കുറ്റക്കാരനെ വാറണ്ടില്ലാതെ അറസ്റ്റ് ചെയ്യാവുന്ന കുറ്റമാണ്. കൊലപാതകം, ബലാത്സംഗം, തട്ടികൊണ്ട് പോകൽ തുടങ്ങിയവ പോലെ അവ സാധാരണയായി ഗുരുതരമായ കുറ്റകൃത്യങ്ങളാണ്. നോൺ കോഗ്നിസിബിൾ കുറ്റം എന്നാൽ ഒരു പോലീസ് ഉദ്യോഗസ്ഥന് ഒരു വാറണ്ടും കൂടാതെ അറസ്റ്റ് ചെയ്യാൻ അധികാരമില്ലാത്തയിനം കുറ്റങ്ങളാണ് സാധാരണയായി ആക്രമണം, വഞ്ചന, വികൃതി മുതലായവയാണ്. വളരെ ഗുരുതരമായ നോൺ കോഗ്നിസിബിൾ കുറ്റകൃത്യങ്ങളിൽ പോലീസ് ഉദ്യോഗസ്ഥന് അന്വേഷണം ആരംഭിക്കാൻ മജിസ്‌ട്രേറ്റിൽ നിന്ന് അനുമതി വാങ്ങേണ്ടത് നിർബന്ധമാണ്.

**93. ജാമ്യമുള്ള കുറ്റങ്ങളും ജാമ്യമില്ലാ കുറ്റങ്ങളും എന്തൊക്കെയാണ്?**

കുറ്റകൃത്യങ്ങളെ സി.ആർ.പി.സി ക്ക് കീഴിൽ ജാമ്യമുള്ളതോ, ജാമ്യമില്ലാത്തതോ എന്ന് തരം തിരിക്കുന്നു. ആദ്യത്തെതിനെക്കാൾ കഠിന മായ സ്വഭാവമുള്ള കുറ്റകൃത്യങ്ങൾ ഉൾക്കൊള്ളുന്നതാണ് പിന്നീടുള്ളത്. പ്രതിക്കെതിരെ കുറ്റം ചുമത്തിയാലും ജാമ്യമില്ലാകുറ്റങ്ങളിൽ പക്ഷേ കോടതിയുടെ വിവേചനാധികാരത്തിൽ ജാമ്യം അനുവദിക്കാം. എന്നാൽ ജാമ്യമുള്ള കുറ്റങ്ങളിൽ ഒരു പ്രതിക്ക് ആൾ ജാമ്യത്തിലോ, സ്വന്തം ജാമ്യത്തിലോ വിട്ടയക്കപ്പെടാൻ അവകാശമുണ്ട്.

**94. എന്താണ് ജാമ്യം ? ആൾ ജാമ്യവും ബോണ്ടുകളും എന്താണ്?**

വിചാരണ കാത്തിരിക്കുന്ന തടവുകാരന്റെ താൽക്കാലിക മോചനത്തെ ജാമ്യം എന്ന് വിളിക്കുന്നു. റിലീസ് സോപാധികമോ നിരുപാധികമോ ആകാം. സ്വന്തം ജാമ്യത്തിലോ കോടതി നിശ്ചയിക്കുന്ന മതിയായ ജാമ്യത്തുകയുടെ അടിസ്ഥാനത്തിലോ ഒരാളെ ജാമ്യത്തിൽ വിടുതൽ ചെയ്യുന്നതിന് കോടതി നിശ്ചയിച്ചാൽ അത്തരം വ്യവസ്ഥയ്ക്കാധാരമായി ജാമ്യബോണ്ട് ആ വ്യക്തി കോടതി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. കോടതി നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും മറിച്ചൊരുത്തരവുണ്ടാകുന്നതുവരെ തുടർച്ചയായി ഹാജരായിക്കൊള്ളാമെന്ന വ്യവസ്ഥയിൽ ഒരാളിന്റെയോ ഒന്നില ധികം ആൾക്കാരുടെയോ ജാമ്യത്തിൽ വിടുതൽ ചെയ്യാവുന്നതാണ്. മറ്റൊരാളിന്റെ ഭാഗത്തു നിന്നു കൊണ്ട് അയാൾക്കു വേണ്ടി ഒരു വ്യവസ്ഥപാലിച്ചു കൊള്ളാ

മെന്ന ഉറപ്പും വാഗ്ദാന ലംഘനമുണ്ടായാൽ ഉത്തരവാദിത്തവും വീഴ്ചയുണ്ടായാൽ കടപ്പാടും നഷ്ട പരിഹാരവും , കരാർ വ്യവസ്ഥ പ്രകാരം ഏറ്റെടുക്കുന്നതാണ് ജാമ്യക്കാർ.

**95. ജാമ്യ തുക/ ആൾ ജാമ്യം നൽകാൻ കഴിയാത്ത തടവുകാർക്ക് എന്ത് സംഭവിക്കും?**

ജാമ്യം കിട്ടുന്ന കേസുകളിൽ കോടതി ജാമ്യം അനുവദിച്ചതും എന്നാൽ പ്രതിക്ക് ജാമ്യബോണ്ടുകൾ നൽകാൻ കഴിയുന്നില്ലെങ്കിലോ അഥവാ ആൾ ജാമ്യം നൽകുകയും ഏഴു ദിവസം തടങ്കലിൽ കഴിയുകയും ചെയ്തിട്ട് സാമ്പത്തിക ശേഷിയില്ലെന്ന് പ്രഖ്യാപിക്കുകയോ ചെയ്താൽ വ്യക്തിപരമായ ബോണ്ടിൽ ഉടൻ വിട്ടയക്കാവുന്നതാണ്. ജാമ്യമില്ലാ കുറ്റ കൃത്യങ്ങളിൽ ജാമ്യതുക കുറക്കുന്നതിന് അഭിഭാഷകന് കോടതിയോട് അഭ്യർത്ഥിക്കാം. പ്രതിക്ക് അഭിഭാഷകനില്ലെങ്കിൽ, സഹായത്തിനായി അവർക്ക് ജയിൽ നിയമ സേവന ക്ലിനിക്കിനെ സമീപിക്കാം. അത്തരം എല്ലാ കേസുകളും അണ്ടർ ട്രയൽ റിവ്യൂ കമ്മിറ്റിയുടെ അവലോകനത്തിന് വിധേയമാക്കാവുന്നതാണ്.

**96. ഒരു തടവുകാരൻ ജാമ്യ വ്യവസ്ഥകൾ പാലിച്ചില്ലെങ്കിൽ എന്ത് സംഭവിക്കും?**

മതിയായ കാരണങ്ങൾ നൽകാതെ കോടതിയിൽ വിചാരണയ്ക്ക് ഹാജരാകാതിരിക്കുന്നത് ജാമ്യ വ്യവസ്ഥയുടെ ലംഘനമായി കണക്കാക്കുന്നു. ഒരു വ്യക്തി, മോചന സമയത്തെ ഏതെങ്കിലും ജാമ്യ വ്യവസ്ഥ ലംഘിച്ചാൽ അവരെ വീണ്ടും അറസ്റ്റ് ചെയ്യുകയും ജാമ്യ തുക അവരിൽ നിന്നോ അവരുടെ ജാമ്യക്കാരിൽ നിന്നോ ഈടാക്കാവുന്നതുമാണ്.

**97. ജാമ്യം ഒരു അവകാശമായി കരുതി അനുവദിക്കാവുന്ന സാഹചര്യങ്ങൾ ഏതെല്ലാമാണ്?**

ചില സാഹചര്യങ്ങളിൽ ഒരു തടവുകാരന് നിയമപരമായ ജാമ്യത്തിന് അവകാശമുണ്ട്.

എ) സി.ആർ.പി.സി പ്രകാരം ബെയില ിൾ ( ജാമ്യം നൽകാവുന്ന) കുറ്റകൃത്യങ്ങളുൾപ്പെട്ട കേസുകളിൽ ഒരാളെ പോലീസ് ഓഫീസർ അല്ലെങ്കിൽ മജിസ്ട്രേറ്റ് (വകുപ്പ് 436 സി.ആർ.പി.സി) പ്രകാരം ജാമ്യത്തിൽ വിടേണ്ടതാണ്.

ബി) വ്യത്യസ്ത കുറ്റങ്ങൾക്കായി നടത്തിയ അന്വേഷണം പൂർത്തിയാക്കുമെന്ന പ്രതീക്ഷിക്കുന്ന നിശ്ചിത കാലയളവിനുള്ളിൽ കുറ്റ പത്രം സമർപ്പിക്കാൻ പോലീസിന് സാധിക്കാതെ വന്നാൽ ഒരാളെ ജാമ്യത്തിൽ വിടേണ്ടതാണ്. (വകുപ്പ് 167(2) സി.ആർ.പി.സി).

സി) ഒരു വ്യക്തി ശിക്ഷിക്കപ്പെട്ടാൽ അദ്ദേഹത്തിന് നൽകാവുന്ന പരമാവധി ശിക്ഷാ കാലയളവ് (വകുപ്പ് 436 എ സി.ആർ.പി.സി) റിമാന്റിൽ കിടന്നാൽ ആയാളെ ജാമ്യത്തിൽ ിടേണ്ടതാണ്.

ഡി) ഒരാൾ ശിക്ഷിക്കപ്പെട്ടാൽ അദ്ദേഹത്തിന് നൽകാവുന്ന പരമാവധി ശിക്ഷാ കാലയളവിന്റെ പകുതി റിമാന്റിൽ കിടന്നുവെന്ന് ബോധ്യപ്പെട്ടാൽ (എസ് 436എ സിആർപിസി) അയാളെ ജാമ്യത്തിൽ വിടേണ്ടതാണ്.

**98. ഒരു ശിക്ഷാവിധി പുറപ്പെടുവിച്ചശേഷം എന്ത് സംഭവിക്കും?**

ഒരു കുറ്റവാളിയെ കോടതി കുറ്റക്കാരനാണെന്ന് കണ്ടെത്തിയാൽ, ജഡ്ജി അവരെ ശിക്ഷിക്കും. ശിക്ഷ നൽകുന്നത് താക്കീത്/ ഉപദേശ രൂപത്തിലാകാം. അല്ലെങ്കിൽ നിരീക്ഷണത്തിലുള്ള നല്ല നടപ്പോ പിഴയോ/ കൂടാതെ തടവ് ശിക്ഷയോ അല്ലെങ്കിൽ വധശിക്ഷ (ഹൈക്കോടതിയുടെ സ്ഥിരീകരണത്തോടെ) ഒരു തടവുകാരന് ഒരു നിശ്ചിത കാലത്തേയ്ക്ക് തടവ് ശിക്ഷക്ക് വിധിക്കപ്പെട്ടാൽ ഒരു കുറ്റവാളി എന്ന് വിളിക്കുന്നു. ഒരു തടവുകാരൻ കുറ്റക്കാരനല്ലെന്ന് കോടതി കണ്ടെത്തിയാൽ ആയളെ ഉടൻ മോചിപ്പിക്കുകയും ജാമ്യ ബോണ്ടുകളും ജാമ്യങ്ങളും റദ്ദു ചെയ്യുകയും ചെയ്യും.

**99. ആ ശിക്ഷാ വിധിക്ക് എതിരെ ഒരാൾക്ക് എങ്ങനെ അപ്പീൽ നൽകാൻ കഴിയും?**

ഒരു ശിക്ഷ വിധിച്ച് ഒരു നിശ്ചിത കാലയളവിനുള്ളിൽ അതിൻമേൽ അപ്പിൽ നൽകാൻ എല്ലാ വ്യക്തികൾക്കും അവകാശമുണ്ട്. എന്നിരുന്നാലും

കോടതിയിൽ കുറ്റം സമ്മതിച്ചാൽ ഒരു പ്രതിയുടെ അപേക്ഷകളെ അടിസ്ഥാന മാക്കി അപ്പീൽ നൽകുന്നതിന് വ്യവസ്ഥയില്ല. ശിക്ഷിക്കപ്പെട്ട ഒരു വ്യക്തിയെ അപ്പിലിന്റെ മേൽ തീരുമാനം എടുക്കുന്നതുവരെ താൽകാലികമായി മോചിപ്പിക്കാൻ കഴിയും. അതിനെ ശിക്ഷയുടെ സസ്പെൻഷൻ എന്ന് വിളിക്കുന്നു. അല്ലെങ്കിൽ സാധാരണയായി ജാമ്യം എന്ന് പറയുന്നു.

**100. അഭിഭാഷാകനെ ഏർപ്പാടാക്കാൻ കഴിയുന്നില്ലെങ്കിൽ തടവുകാരന് എങ്ങനെ അപ്പീൽ സമർപ്പിക്കാൻ കഴിയും?**

ഒരു തടവുകാരനോ അവരുടെ കുടും ത്തിനോ അപ്പീൽ സമർപ്പിക്കാൻ ഒരു അഭിഭാഷകനെ നിയമിക്കാൻ കഴിയുന്നില്ലെങ്കിൽ ഒരു അഭിഭാഷകനെ നിയമിക്കുന്നതിന് ഹൈകോടതിയുടെ നിയമ സഹായ സേവന സമിതി (ലീഗൽ എയ്ഡ് കമ്മിറ്റി) അല്ലെങ്കിൽ സുപ്രിം കോടതി നിയമ സേവന സഹായ ക്ലിനിക്കിലൂടെ ഒരു അപേക്ഷ സമർപ്പിക്കാം.

**101. ജയിലിൽ കഴിയുന്ന ഒരു തടവുകാരനോ അയാളുടെ കുടുംബത്തിനോ അയാളുടെ വിചാരണയുടെ അവസ്ഥ / അപ്പീലിന്റെ സ്ഥിതി എങ്ങനെ മനസിലാക്കാൻ സാധിക്കും?**

സ്വന്തം അഭിഭാഷകരോട് കേസിന്റെ സ്ഥിതിയും വിവരങ്ങളും കൃത്യമായി അന്വേഷിക്കുന്നതിനു പുറമേ ഇ-കോർട്ട്സ് വെബ് സൈറ്റ് (www. ecourts.gov.in/ecourts_home) പരിശോധിട്ട് ഏതൊരു വ്യക്തിക്കും വിചാരണയുടെ അപ്പിലീന്റെയോ നിലവിലെ സ്ഥിതി വിലയിരുത്താം. ജില്ലാ കോടതികളിലോ ഹൈക്കോടതികളിലോ സുപ്രിംകോടതിയിലോ പരിഗണിക്കപ്പെടുന്ന കേസിന്റെ അവസ്ഥ/ തൽസ്ഥിതി ഈ പോർട്ടലിൽ നിന്നും എളുപ്പത്തിൽ മനസിലാക്കാം. ഇതുകൂടാതെ ലീഗൽ എയിഡ് അധികൃതർ, ജയിൽ ഉദ്യോഗസ്ഥർ, പാരാ ലീഗൽ വോളന്റീയർമാർ, അല്ലെങ്കിൽ മറ്റുള്ളവരുടെ സഹായം വെബ് സൈറ്റ് സന്ദർശിച്ച് കാര്യങ്ങൾ മനസ്സിലാക്കാനായി തേടാവുന്നതാണ്. ബന്ധപ്പെട്ട കോടതിയുടെ നിയമ സഹായ സ്ഥാപനത്തിന്റെ (ലീഗൽ എയിഡ് അതോറിറ്റി) ഓഫീസിൽ നിന്നും അവരുടെ കേസിന്റെ ഒരു തൽ സ്ഥിതി സംബന്ധിച്ച് വിവരം ഒരാൾക്ക് തേടാവുന്നതുമാണ്.

# തടവുകാരുടെ അവകാശങ്ങൾ

തടവുശിക്ഷ മൂലം വെട്ടിക്കുറച്ചവ ഒഴികെ ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന എല്ലാ മൗലികാവകാശങ്ങൾക്കും തടവുകാർക്കും അവകാശമുണ്ട്. സമഗ്രമല്ലെങ്കിലും തടവുകാരുടെ പ്രധാന അവകാശങ്ങളും കടമകളും ചുവടെ നൽകിയിരിക്കുന്നു.

**മനുഷ്യന്റെ അന്തസ്സിനുള്ള അവകാശം**

1. ശരീരത്തിന്റെയും മനസ്സിന്റേയും സമഗ്രതയ്ക്കും അടിസ്ഥാന പരമായ മാനുഷിക അന്തസ്സോടെ പെരുമാറാനുമുള്ള അവകാശം.
2. പീഡനത്തിനെതിരായതോ, അല്ലെങ്കിൽ ക്രൂരമായതോ, മനുഷ്യത്വ രഹിതമായതോ അപമാനകരമായതോ ആയ പെരുമാറ്റത്തിനോ, അല്ലെങ്കിൽ ശിക്ഷക്കോ, അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ദുരുപയോഗത്തിനോ അടിച്ചമർത്തലിനോ എതിരായുള്ള അവകാശം.
3. നിയമം സ്ഥാപിച്ച ന്യായമായ നിയന്ത്രണങ്ങൾക്ക് വിധേയമായി മൗലികാവകാശങ്ങൾ ആസ്വദിക്കാനുള്ള അവകാശം.
4. ചങ്ങലകളും വിലങ്ങുകളും പോലുള്ള നിയന്ത്രണങ്ങൾ ഉപയോഗി ക്കുന്നതിനെതിരെയുള്ള അവകാശം.
5. പ്രവേശന സമയത്ത് വൈദ്യശാസ്ത്രപരമായി പരിശോധിക്കപ്പെടാ നുള്ള അവകാശം.
6. യുക്തിരഹിതമായ വിവേചനത്തിനെതിരായ സംരക്ഷണത്തിനുള്ള അവകാശം.
7. വ്യക്തിത്വത്തിന്റെ സമ്പൂർണ്ണ വികാസം ലക്ഷ്യമിട്ടുള്ള സാംസ്കാരിക - വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള അവകാശം.

**അടിസ്ഥാന മിനിമം ആവശ്യങ്ങളിലേക്കുള്ള അവകാശം**

1. നിയമപ്രകാരം അനുവദനീയമായ തടവുകാരുടെ സൗകര്യങ്ങളെയും ആനുകൂല്യങ്ങളേയും പറ്റി അറിയാനുള്ള അവകാശം.
2. മതിയായ ഭക്ഷണക്രമം, ആരോഗ്യ പരിരക്ഷ, ആവശ്യത്തിന് ശുദ്ധ മായ കുടിവെള്ളം എന്നിവ ലഭ്യമാക്കാനുള്ള അവകാശം.
3. പാർപ്പിട സൗകര്യം, പരിസര ശുചിത്വം, വ്യക്തിഗത ശുചിത്വം എന്നി വയുടെ കാര്യത്തിൽ ശുദ്ധവും വൃത്തിയുമുള്ള അവസ്ഥകൾക്കുള്ള അവകാശം.
4. ആവശ്യത്തിന് തികയുന്ന വസ്ത്രങ്ങൾ, കിടക്കകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവലഭിക്കാനുള്ള അവകാശം.
5. പരാതികൾ പ്രകടിപ്പിക്കാനുള്ള അവകാശം.
6. നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ജയിലിൽ ചെയ്യുന്ന ജോലി കൾക്ക് തുല്യമായ വേതനം നിശ്ചിത നിരക്കിൽ ലഭിക്കാനുള്ള ഒരോ കുറ്റവാളിയുടേയും അവകാശം.
7. ജയിലുകളുടെ സുരക്ഷയോ തടവിലുള്ള വ്യക്തികളുടെ സുരക്ഷിതത്വമോ സംബന്ധിച്ച് അത്തരം ന്യായമായ പരിമിതികൾക്ക് വിധേയമായി ഒരാളുടെ മതവിശ്വാസം പിന്തുടരാനുള്ള അവകാശം.
8. പരോളിനും ഫർലോയ്ക്കും പരിഗണിക്കപ്പെടാനുള്ള കുറ്റവാളിയുടെ അവകാശം.

**ആശയ വിനിമയത്തിനുള്ള അവകാശം**

1. പുറം ലോകവുമായി ആശയവിനിമയം നടത്താനുള്ള അവകാശം: കുടുംബം, സുഹൃത്തുകൾ അഭിഭാഷകർ എന്നിവരുമായുള്ള ആനു കാലിക അഭിമുഖത്തിനുള്ള അവകാശം.
2. ജയിലിൽ അടയ്ക്കപ്പെട്ടതിനെക്കുറിച്ചോ മറ്റൊരു ജയിലിലേയ്ക്ക് മാറ്റുന്നതിനെക്കുറിച്ചോ ഗുരുതരമായ രോഗ ത്തെക്കുറിച്ചോ പരിക്കി നെക്കുറിച്ചോ കുടും ത്തെയോ സുഹൃത്തിനെയോ അഭിഭാഷകനെ യോ അറിയിക്കുന്നതിനുള്ള അവകാശം.
3. വിദേശ പൗരൻമാർക്ക് എംബസി/ കോൺസുലേറ്റ്/ നയതന്ത്ര മിഷനുകളുമായി (തടങ്കലിൽവയ്ക്കുക, നിയമ സഹായം നൽകുക, സ്വദേശത്തേയ്ക്ക് മടക്കി കൊണ്ടുപോകുക) എന്നിവ സംബന്ധിച്ച് ആശയവിനിമയം നടത്താനുള്ള അവകാശം.
4. ജയിൽ ലൈബ്രറികളിലൂടെ പുറം ലോകത്തെക്കുറിച്ചുള്ള വിവരങ്ങൾ സ്വീകരിക്കാനും, മാസികകൾ, പത്രങ്ങൾ, പുസ്തകങ്ങൾ, ജേണലുകൾ എന്നിവ ലഭിക്കുന്നതിനുള്ള അവകാശം.

**ജയിലിലെ വനിതാ തടവുകാരുടേയും കുട്ടികളുടേയും അവകാശങ്ങൾ**

1. പുരുഷ തടവുകാരിൽ നിന്ന് പൂർണ്ണമായും വേർതിരിച്ച് സംരക്ഷിക്കപ്പെടാനുള്ള അവകാശം.
2. ആറ് വയസ്സ് തികയുന്നതുവരെ സ്വന്തം മക്കളെ ജയിലിൽ ഒപ്പം താമസിപ്പിക്കാനുള്ള വനിതാ തടവുകാരുടെ അവകാശം.
3. വനിതാ ജീവനക്കാരാൽ മാത്രം മേൽ നോട്ടം വഹിക്കാനും ദേഹപരിശോധന നടത്താനുമുള്ള അവകാശം.
4. ജില്ലാ സർക്കാർ ആശുപത്രികളിൽ ആനുകാലിക ഗൈനക്ക് പരിശോധനയ്ക്കുള്ള ഗർഭിണികളായ സ്ത്രീ തടവുകാരികളുടെ അവകാശം.
5. ജയിലിനുള്ളിലെ പ്രസവത്തിനും പ്രസവ പൂർവ്വവും പ്രസവാനന്തരവുമുള്ള പരിചരണത്തിനും അടിസ്ഥാന മിനിമം സൗകര്യങ്ങൾ ഉറപ്പുവരുത്തപ്പെടാനുള്ള അവകാശം.
6. കുട്ടി ജയിലിൽ ജനിച്ചുവെന്ന് ജനന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താതിരിക്കാനുള്ള അവകാശം.
7. ഭക്ഷണം, പാർപ്പിടം, വൈദ്യപരിചരണം, വസ്ത്രം, വിദ്യാഭ്യാസം, വിനോദ സൗകര്യങ്ങൾ എന്നിവയ്ക്കുള്ള കുട്ടികളുടെ അവകാശം.
8. സമയ സ്ഥിതമായി വാക്സിനേഷൻ സ്വീകരിക്കുന്നതിനും ലേഡി മെഡിക്കൽ ഓഫീസർ സ്ഥിരമായി പരിശോധിക്കുന്നതിനും കുട്ടികൾക്കുള്ള അവകാശം.
9. കുട്ടികൾക്ക് വേണ്ടി ജയിലിൽ ഒരു ക്രഷും നഴ്സറിയും സ്ഥാപിക്കാനുള്ള അവകാശം.

**തടവുകാരുടെ ചുമതലകൾ**

1. ജയിൽ ചട്ടങ്ങൾ പാലിക്കുകയും നിയമങ്ങൾ അനുസരിക്കുകയും നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികൃതർ നൽകുന്ന എല്ലാ നിയമ പരമായ നിർദ്ദേശങ്ങളും അനുസരിക്കുകയും ചെയ്യുക.
2. അച്ചടക്കവും നല്ല ക്രമവും പാലിക്കുന്നതിനായി ജയിൽ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക ചുമതലകൾ നിർവഹിക്കുന്നതിന് അവരെ സഹായിക്കുക.
3. ജയിലിനുള്ളിൽ അച്ചടക്കമുള്ള ജീവിതം നയിക്കുകയും ശുചിത്വത്തിന്റേയും വൃത്തിയുടെയും മാനദണ്ഡങ്ങൾ പാലിക്കുകയും ചെയ്യുക.
4. ജയിലിനുള്ളിലെ ഏതെങ്കിലും അസുഖകരമായ അല്ലെങ്കിൽ അനാവശ്യ സംഭവമോപ്രവർത്തനമോ ജയിൽ അധികൃതർക്ക് റിപ്പോർട്ട് ചെയ്യുക.
5. പരാതി പരിഹാര സംവിധാനങ്ങൾ ഉപയോഗിക്കുകയും അതിനായി മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, എന്നാൽ തെറ്റായ പരാതികൾ നൽകുന്നതിൽ നിന്നും അല്ലെങ്കിൽ ജയിലിനുള്ളിൽ എന്തെങ്കിലും പ്രക്ഷോഭം/ തടസ്സങ്ങൾ സൃഷ്ടിക്കുന്നതിൽ നിന്നും വിട്ടു നിൽക്കുക.
6. പരോൾ അല്ലെങ്കിൽ ഫർലോ പൂർത്തിയാക്കിയ ഉടൻ ജയിലിലേയ്ക്ക് മടങ്ങുക.
7. ജയിൽ നിരോധിതമായി ഒരു വസ്തുവും ജയിലിനുള്ളിൽ കൊണ്ടുവരാതിരിക്കുക.
8. ജയിൽ പൂട്ടുകൾ, വാതിലുകൾ, ജനാലകൾ അല്ലെങ്കിൽ ഏതെങ്കിലും ജയിൽ ഉപകരണങ്ങൾ ലക്ഷ്യമായോ അല്ലെങ്കിൽ മനപൂർവ്വമായോ തകർക്കാതിരിക്കുക, സർക്കാർ സ്വത്ത് ശ്രദ്ധയോടെ കൈകാര്യം ചെയ്യുക.
9. ജയിലിലെ അനുയോജ്യമായ തിരുത്തലിനുള്ള അന്തരീക്ഷം സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
10. നിശ്ചയിച്ചിട്ടുള്ള പ്രകാരം കുറ്റവാളികൾ ജയിൽ തൊഴിൽ, ചുമതലകൾ കൃത്യമായി നിർവഹിക്കുക.
11. ഓരോ അന്തേവാസിയുടെയും ജയിൽ ഉദ്യോഗസ്ഥരുടെയും മറ്റുള്ളവരുടെയും അന്തസ്സും ജീവിക്കാനുള്ള അവകാശവും മാനിക്കുക.
12. മറ്റ് വ്യക്തികളുടെ മതവികാരങ്ങളും വിശ്വാസങ്ങളും ആചരണങ്ങളും മുറിപ്പെടുത്തുന്നതിൽ നിന്ന് വിട്ടുനിൽക്കുക.

# സി.എച്ച്.ആർ.ഐ പ്രോഗ്രാംസ്

ഉത്തരവാദിത്തത്തിനും പങ്കാളിത്തത്തിനുമായി കോമൺവെൽത്തും അതിന്റെ അംഗരാജ്യങ്ങളും ഉയർന്ന നിലവാരത്തിലും പ്രവർത്തനപരമായ സംവിധാനങ്ങളിലും ഏർപ്പെടണമെന്ന്സി.എച്ച്.ആർ.ഐ വിശ്വസിക്കുന്നു. മനുഷ്യാവകാശങ്ങൾ, സുതാര്യമായ ജനാധിപത്യ രാജ്യങ്ങൾ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ ( എസ്ഡിജി) എന്നിവയ്ക്ക് ഇത് അത്യന്താപേക്ഷിതമാണ്. തന്ത്രപരമായ സംരംഭങ്ങൾ, മനുഷ്യാവകാശങ്ങൾ, നീതിയിലേക്കുള്ള പ്രവേശനം, വിവരങ്ങളിലേയ്ക്കുള്ളപ്രവേശനം എന്നിവയിൽ സി.എച്ച്.ആർ.ഐ പ്രത്യേകമായിപ്രവർത്തിക്കുന്നു. ഇത് ഗവേഷണം, പ്രസിദ്ധീകരണങ്ങൾ, വർക്ക് ഷോപ്പുകൾ, വിശകലനം, സമാഹരണം, പ്രചരണം, അഭിഭാഷണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ഇനിപ്പറയുന്ന പ്രധാന പ്രോഗ്രാമുകളെ ഉൾക്കൊള്ളുകയും ചെയ്യുന്നു.

## 1. നീതിയിലേക്കുള്ള പ്രവേശനം (Access to Justice (ATJ)

പോലീസ് പരിഷ്കാരങ്ങൾ: നിരവധി രാജ്യങ്ങളിൽ പോലീസിനെ പൗരന്മാരുടെ അവകാശങ്ങളുടെ സംരക്ഷകരായി കാണാതെ ഭരണകൂടത്തിന്റെ അടിച്ചമർത്തൽ ഉപകരണമായിട്ടാണ് കാണുന്നത്. ഇത് വ്യാപകമായ അവകാശ ലംഘനങ്ങൾക്കും നീതി നിഷേധത്തിനും കാരണമാകുന്നു. സി.എച്ച്.ആർ.ഐ വ്യവസ്ഥാപരമായ പരിഷ്കരണത്തെ പ്രോത്സാഹിപ്പിക്കുന്നു. അങ്ങനെ ഒരു ഭരണകൂട നിബന്ധനകൾ നടപ്പിലാക്കുന്നവരെന്നതിലുപരി നിയമവാഴ്ച്ചയെ ഉയർത്തിപ്പിടിക്കുന്നവരായി പോലീസ് പ്രവർത്തിക്കുന്നു. പോലീസ് പരിഷ്കാരങ്ങൾക്കായുള്ള പൊതുജന പിന്തുണ സമാഹരിക്കുകയെന്നതാണ് സി.എച്ച്.ആർ.ഐ യുടെ പ്രോഗ്രാം ലക്ഷ്യമിടുന്നത്. പ്രശ്നങ്ങളിൽ സിവിൽ സൊസൈറ്റിയുടെ ഇടപെടൽ ശക്തിപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്നു. കിഴക്കൻ ആഫ്രിക്കയിലും ഘാനയിലും പോലീസിന്റെ ഉത്തരവാദിത്തവും രാഷ്ട്രീയ ഇടപെടലുകളും സി.എച്ച്.ആർ.ഐ പരിശോധിക്കുന്നു. നിറം, രൂപം, ലിംഗഭേദം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചന വിരുദ്ധമായി ഒരു പദ്ധതി മാതൃക കൂട്ടിച്ചേർക്കാൻ ഞങ്ങൾ തയ്യാറെടുക്കുന്നു.

**ജയിൽ പരിഷ്കാരങ്ങൾ:** പരമ്പരാഗതമായി അടച്ച, സംവിധാനത്തിന്റെ സുതാര്യത വർദ്ധിപ്പിക്കുന്നതിനും ദുരുപയോഗം തുറന്നുകാട്ടുന്നതിനും ജയിലുകളിലെ സി.എച്ച്.ആർ.ഐ യുടെ പ്രവർത്തനം ശ്രദ്ധ ചെലുത്തുന്നു. ജയിലിലെ മേൽനോട്ട സംവിധാനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിൽ നിയമവ്യവസ്ഥയുടെ പരാജയങ്ങൾ ഉയർത്തിക്കാട്ടുന്നതിനുപുറമേ വിചാരണയ്ക്ക് മുമ്പുള്ള തടങ്കലിനും ജയിലിൽ കൂടുതൽ കാലം ചെലവഴിക്കേണ്ടിവരുന്നതിന് കാരണമാകുന്ന തടസ്സങ്ങളെ അതിജീവിക്കാനുള്ള നിയമപരമായ സഹായത്തിനും നയപരമായ മാറ്റങ്ങൾക്കുവേണ്ടി ഞങ്ങൾ ഇടപെടലുകളിലൂടെയും വാദഗതികൾ ഉന്നയിച്ചും നിലകൊള്ളുന്നു. ഈ മേഖലകളിലെ ശ്രദ്ധ ജയിൽ ഭരണത്തിലും നീതി നിർവ്വഹണാവസ്ഥയിലും മെച്ചപ്പെടുത്തലുകൾക്ക് ഇടവരുത്തും.


## 2. വിവരങ്ങളിലേയ്ക്കുള്ള പ്രവേശനം (Access to Information)

വിവരങ്ങളിലേയ്ക്കുള്ള പ്രവേശനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രവർത്തിക്കുന്ന ഒരു പ്രധാന സ്ഥാപനമായി സി.എച്ച്.ആർ.ഐ അംഗീകരിക്കപ്പെട്ടിരിക്കുന്നു. അത് ഫലപ്രദമായ വിവരാവകാശ നിയമങ്ങൾ പാസാക്കാനും നടപ്പാക്കാനും രാജ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. നിയമനിർമ്മാണത്തിന്റെ പുരോഗതിക്ക് ഇത് പതിവായി സഹായിക്കുന്നു. കൂടാതെ ഇന്ത്യ, ശ്രീലങ്കാ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, ഘാന, അടുത്തിടെ കെനിയ എന്നിവിടങ്ങളിൽ വിവരാവകാശ നിയമങ്ങളും പ്രയോഗങ്ങളും പ്രോത്സാഹിപ്പിക്കുന്നതിൽ ഇത് വിജയിച്ചു. ഘാനയിൽ വിവരാവകാശ സിവിൽസൊസൈറ്റി സഖ്യത്തിന്റെ സെക്രട്ടേറിയറ്റാണ് സി.എച്ച്.ആർ.ഐ. പുതിയ നിയമനിർമ്മാണത്തെ ഞങ്ങൾ പതിവായി വിമർശനാത്മകമായി വിലയിരുത്തുകയും മികച്ച രീതികൾ സർക്കാരുകളുടേയും സിവിൽ സൊസൈറ്റിയുടേയും പരിജ്ഞാനത്തിലേക്ക് കൊണ്ടു വരാൻ ഇടപെടുകയും ചെയ്യുന്നു.

ശത്രുതാപരമായ ചുറ്റുപാടുകളിലും സാംസ്കാരിക വൈവിധ്യമാർന്ന അധികാരപരിധിയിലും പ്രവർത്തിക്കുന്നതിന്റെ അനുഭവം ഞങ്ങൾക്ക് ഉണ്ട്. വിവരാവകാശത്തിൽ പുതിയ നിയമങ്ങൾ ആവിഷ്കരിക്കാൻ ആഗ്രഹിക്കുന്ന രാജ്യങ്ങളിലേക്ക് വിലയേറിയ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാക്കാൻ ഈ പ്രവർത്തനങ്ങൾ ഞങ്ങളെ സഹായിക്കുന്നു. ഉദാഹരണത്തിന് ഘാനയിൽ വിവരങ്ങളിലേക്കുള്ള പ്രവേശന മൂല്യത്തെക്കുറിച്ചുള്ള അറിവ് പ്രോത്സാഹിപ്പിക്കുകയും ഫലപ്രദമായി ഒരു നിയമം കൊണ്ടുവരുന്നതിനായി പ്രചരണം നടത്തുകയും ചെയ്യുന്നു. സൗത്ത് ഏഷ്യ മീഡിയ ഡിഫൈൻഡേഴ്സ് നെറ്റ്വർക്ക് (സാംഡെൻ) മാധ്യമപ്രവർത്തകർക്കെതിരായി വർദ്ധിച്ചുവരുന്ന ആക്രമണങ്ങളും തെക്കേ ഏഷ്യയിൽ പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ അഭിപ്രായ സ്വാതന്ത്ര്യത്തിന്മേലുള്ള സമർദ്ദവും പരിഹരിക്കുന്നതിനായി സി.എച്ച്.ആർ.ഐ മാധ്യമ പ്രൊഫഷണലുകളുടെ ഒരു നെറ്റ് വർക്ക് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ ശൃംഖല സൗത്ത് ഏഷ്യ മീഡിയ ഡിഫെൻഡേഴ്സ് നെറ്റ്വർക്ക് (സാംഡെൻ) അത്തരം സ്വാതന്ത്ര്യങ്ങൾ അവിഭാജ്യമാണെന്നും അവയ്ക്ക് രാഷ്ട്രീയ അതിരുകളില്ലെന്നും തിരിച്ചറിയുന്നു. വിവേചനവും ഭയപ്പെടുത്തലും അനുഭവിച്ച മാധ്യമ പ്രൊഫഷണലുകളുടെ ഒരു പ്രധാന സംഘം നങ്കൂരമിട്ട സാംഡെൻ, മാധ്യമങ്ങൾക്കെതിരായ സമ്മർദ്ദങ്ങൾ, മാധ്യമ ഇടം ചുരുങ്ങുന്നതു മൂലമുള്ള പ്രശ്നങ്ങൾ, മാധ്യമ സ്വാതന്ത്ര്യം എന്നിവ ഉയർത്തിക്കാട്ടുന്നതിനായി ഒരു സംവാദത്മക വെബ്സൈറ്റ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നു. സഹകരണത്തിലൂടെയും അംഗ ലത്തിലൂടേയും ശക്തി വളർത്തുന്നതിനും മാധ്യമങ്ങളുടെ കൂട്ടായ്മയ്ക്കായും ഇത് പ്രവർത്തിക്കുന്നു. വിവരാവകാശ പ്രസ്ഥാനങ്ങളുമായും പ്രവർത്തകരുമായും സാംഡെൻ-നെ ബന്ധിപ്പിക്കുന്നതാണ് ഈ കൂട്ടായ്മയുടെ മറ്റൊരു പ്രധാന പ്രവർത്തന മേഖല.

## 3. അന്താരാഷ്ട്ര അഭിഭാഷണവും പ്രോഗ്രാമിംഗും (International Advocacy and Programming)

കോമൺവെൽത്ത് അംഗരാജ്യങ്ങൾ മനുഷ്യാവകാശ ബാധ്യതകളുമായിപൊരുത്തപ്പെടുന്നത് സി.എച്ച്.ആർ.ഐ നിരീക്ഷിക്കുന്നു. അത്തരം ബാധ്യതകൾ ലംഘിക്കുന്ന സാഹചര്യങ്ങളിൽ മനുഷ്യാവകാശ സംരക്ഷകരായ വക്താക്കളുമായും, കോമൺവെൽത്ത് സെക്രട്ടറിയേറ്റ്, മിനിസ്റ്റീരിയൽ ആക്ഷൻ ഗ്രൂപ്പ്, യു.എൻ, ആഫ്രിക്കൻ കമ്മീഷൻ ഫോർ ഹ്യൂമൻ ആൻഡ് പീപ്പിൾസ് റൈറ്റ്സ് എന്നിവയുൾപ്പെടെയുള്ള പ്രാദേശിക, അന്തർദ്ദേശിയ സ്ഥാപനങ്ങളുമായും സി.എച്ച്.ആർ.ഐ തന്ത്രപരമായി ഇടപഴകുന്നു. കോമൺവെൽത്ത് പരിഷ്കരണത്തിന് വേണ്ടി വാദിക്കുകയും നീരിക്ഷിക്കുകയും ചെയ്യുന്നതും, യു.എൻ മനുഷ്യാവകാശ സമിതിയിലെ കോമൺവെൽത്ത് അംഗങ്ങൾ വാഗ്ദാനം ചെയ്ത അവലോകനം, യൂണിവേഴ്സൽ ആനുകാലിക അവലോകനം എന്നിവ നിർവ്വഹിക്കുന്നതും നിലവിലുള്ള തന്ത്രപരമായ സംരംഭങ്ങളിൽ ഉൾപ്പെടുന്നു. മനുഷ്യാവകാശ സംരക്ഷകരുടെയും സിവിൽ സൊസൈറ്റിയുടേയും സംരക്ഷണത്തിനായി ഞങ്ങൾ വാദിക്കുകയും കോമൺവെൽത്തിലെ ദേശിയ മനുഷ്യാവകാശ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുകയും അവയുടെ ശാക്തീകരണത്തിനായി സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നു.




ജയിലുകൾ അടച്ച ഇടങ്ങളാണ്. തടവുകാരുടെ ദൈനംദിന ജീവിതത്തെക്കുറിച്ചും ദിനചര്യകളെക്കുറിച്ചും വളരെ കുറച്ച് വിവരങ്ങൾ മാത്രമേ ലഭ്യമാകൂ. കൂടാതെ വളരെ കുറച്ചുപേർ മാത്രമേ ജയിൽ ജീവിതത്തിന്റെ വിശദാംശങ്ങൾ അറിയാൻ താൽപ്പര്യപ്പെടുന്നുള്ളു. പലരും ജയിലുകളെക്കുറിച്ചുള്ള അവരുടെചോദ്യങ്ങൾ, ജിജ്ഞാസയോ ആവശ്യകതയോ കാരണം ഉണ്ടായിട്ടുള്ളത് പലപ്പോഴും ഉത്തരം ലഭിക്കാതെ പോകുന്നു. ജയിലുകളുടെയും തടവുകാരുടെയും ജീവിതത്തെക്കുറിച്ച് പതിവായി ചോദിക്കുന്ന 101 ചോദ്യങ്ങൾക്ക് ഉത്തരം ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നു.

**Design/Layout: Chenthil (+91 75105 82104)**
**Illustrations: Anil Ooruttambalam**

**Commonwealth Human Rights Initiative**
55A, Third Floor, Siddharth Chambers, Kalu Sarai
New Delhi 110 017, India
Tel: +91 11 4318 0200; Fax: +91 11 2686 4688
E-mail: info@humanrightsinitiative.org